
/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2023 ഒക്ടോബർ ▪ പുസ്തകം 10 ▪ ലക്കം 3



## എന്റെ കേരളം എന്റെ അഭിമാനം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2023 ഒക്ടോബർ | പുസ്തകം 10 | ലക്കം 3

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് അഡീഷണൽ എഡിറ്റർ സലിൻ മാങ്കുഴി
ഡെപ്യൂട്ടി എഡിറ്റർ കെ. പി സരിത എഡിറ്റർ-ഇൻ-ചാർജ് കെ. എസ്. ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ സർക്കുലേഷൻ ഓഫീസർ മെർലിൻ ജെ.എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ) ടൈപ്പ് സെറ്റിങ്ങ് വിനിത വി എസ്

# കേരളീയം

## മഹത്തായ തുടക്കം



തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഭജിതമായിക്കിടന്നിരുന്ന ഒരു ജനത ഐക്യകേരളസ്വപ്നം സാക്ഷാൽക്കരിച്ചിട്ട് 67 വർഷമായിരിക്കുന്നു. 1956 നവംബർ ഒന്നിന് കേരളസംസ്ഥാനം പിറവികൊള്ളുമ്പോൾ നാം യാഥാർഥ്യമാക്കിയത് ജാതി, മത, സാമുദായിക, ഭാഷാവൈവിധ്യങ്ങൾക്കപ്പുറത്ത് നമ്മെ ഒരുമിപ്പിക്കുന്ന കേരളീയത എന്ന വികാരം കൂടിയാണ്. ലോകത്തിന്റെ ഏതുകോണിലുള്ള കേരളീയരെയും അഭിമാനപൂരിതമാക്കുന്ന വൈകാരികത.

ലോകത്തിനുമുമ്പിൽ അഭിമാനപൂർവം അവതരിപ്പിക്കാനാകുന്ന നേട്ടങ്ങളുമായി തലയുയർത്തിനില്ക്കുകയാണ് ഇന്ന് കേരളം. പലവിധ വെല്ലുവിളികൾ നേരിട്ടുകൊണ്ടാണെങ്കിലും സാമൂഹികവികസനസൂചികകളിൽ ആഗോളനിലവാരം കൈവരിച്ച സംസ്ഥാനമാണിത്. ലോകവ്യാപകമായി ശ്രദ്ധ നേടിയതാണ് കേരളത്തിന്റെ വികസനമാതൃക. സാംസ്കാരികമായി ഏറെ സവിശേഷതകൾ നിറഞ്ഞ നാടുമാണ് കേരളം.

കേരളം ഇതുവരെ ആർജിച്ച സമസ്തനേട്ടങ്ങളും സാംസ്കാരികത്തനിമയും ലോകത്തിന് മുൻപിൽ അവതരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ തലസ്ഥാനനഗരിയിൽ നവംബർ ഒന്ന് മുതൽ ഏഴ് വരെ കേരളീയം എന്ന മഹോത്സവം സംഘടിപ്പിക്കുകയാണ്.

കേരളത്തിന്റെ ചരിത്രത്തിലെ അഭിമാനോജ്ജ്വലസംരംഭമാവാൻ പോവുന്ന ഈ മഹോത്സവത്തിന്റെ ഭാഗമായി സമകാലിക ജനപഥത്തിന്റെ പ്രത്യേകപതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. നവകേരളത്തിലേക്ക് പ്രത്യാശയോടെ നാം ചുവടുവയ്ക്കുമ്പോൾ ആദ്യസർക്കാരിന്റെ കാലം മുതൽ ഇന്നുവരെ സംസ്ഥാനം ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്ത പുരോഗമന നയങ്ങൾ ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളമാതൃകയെയും ക്ളാസിക്കൽ കലാരൂപങ്ങളെയും അറിയാനുതകുന്ന ലേഖനങ്ങളും വായിക്കാം. കേരളീയം പ്രത്യേകപതിപ്പ് വായനക്കാർ ഏറ്റെടുക്കുമെന്നു പ്രതീക്ഷിക്കുന്നു.

ടി വി സുഭാഷ് ഐ എ എസ്
എഡിറ്റർ



കവർ പെയിന്റിങ്ങ്
മുരളി നാഗപ്പുഴ

4 കേരളീയത
കേരളീയരെ ഒരുമിപ്പിക്കുന്ന വൈകാരികത
പിണറായി വിജയൻ

10 കേരള വികസനമാതൃക
ജനാധിപത്യത്തിന്റെ വെളിച്ചം നയിക്കുമ്പോൾ
ഡോ. കെ എൻ ഹരിലാൽ

18 ഓർമ്മ
മാനവിക കേരളത്തിന്റെ ശില്പി
ഡോ. ചന്തു എസ്

24 ആദ്യം

26 ചരിത്രം
ആധുനിക കേരളത്തിന്റെ പിറവി
പ്രൊഫ. വി കാർത്തികേയൻ നായർ

40 കേരളം
ഇന്നലെ ഇന്ന് നാളെ

82 സംസ്കാരം
കളിയരങ്ങിലെ ദീപ്തശോഭകൾ
ഡോ. എൻ. പി വിജയകൃഷ്ണൻ

88 ഫ്രം കേരള

2023 OCTOBER 1 VOLUME 10 ISSUE 3 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇ-മെയിൽ prdmalayalam@gmail.com ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1 ഫോൺ 0471 2517036
ഇ-മെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

/samakalikajanapadham/ /prd.kerala.gov.in/publications

# കേരളീയരെ ഒരുമിപ്പിക്കുന്ന വൈകാരികത

പിണറായി വിജയൻ
മുഖ്യമന്ത്രി





‘കേരളീയത’ഒരു വികാരമാവണം.
ആ വികാരത്തിൽ കേരളീയരാകെ
ഒരുമിക്കണം

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് മുതൽ ഒരാഴ്ച ക്കാലം നമ്മുടെ തലസ്ഥാന നഗരിയിൽ 'കേര ളീയം 2023' മഹോത്സവം നടക്കുകയാണ്. കേരളം ഒരു സംസ്ഥാനം എന്ന നിലയ്ക്ക് ആർജിച്ച സമസ്ത നേട്ടങ്ങളും സാംസ്കാരി കത്തനിമയും ലോകത്തിനു മുന്നിൽ അവ തരിപ്പിക്കുക എന്നതാണ് കേരളീയം കൊണ്ട് ഉദ്ദേശിക്കുന്നത്.

ലോകത്തുതന്നെ അത്യപൂർവം ഭാഗങ്ങളിലുള്ള ദേശങ്ങൾക്കു മാത്രം സ്വായത്തമാക്കാൻ കഴിഞ്ഞ നേട്ടങ്ങളുള്ള നാടാണ് നമ്മുടേത്. ചരിത്രപരമായ പ്രത്യേകതകൾ കൊണ്ടും സാംസ്കാരിക സവിശേഷതകൾ കൊണ്ടും ആർജിച്ച നേട്ടങ്ങൾ കൊണ്ടുമൊക്കെ കേരളം വേറിട്ടുനിൽക്കുന്നു. അങ്ങനെയുള്ള ഒരു നാടിനെ ലോകത്തിനു മുമ്പിൽ അവതരിപ്പി ക്കുക എന്നതാണ് 'കേരളീയം 2023' മുന്നോട്ടു വയ്ക്കുന്ന ആശയം.

'കേരളീയത' ഒരു വികാരമാവണം. ആ വികാരത്തിൽ കേരളീയരാകെ ഒരുമി ക്കണം. തീർച്ചയായും ഭാരതീയതയുടെ ഭാഗ മായിത്തന്നെ നിൽക്കുന്ന, ഭാരതത്തിനാകെ അഭിമാനം നൽകുന്ന, കേരളീയത എന്താ ണെന്ന് ലോകമറിയണം. കേരളീയത്തിലേക്കു ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി നൊബേൽ ജേതാക്കളടക്കമുള്ള അതിപ്ര ഗത്ഭർ എത്തുകയാണ്. ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള പ്രമുഖരുടെ സാന്നിധ്യം നമുക്ക് പ്രയോജനപ്പെടുത്തണം. അവർ തിരികെപ്പോയി കേരളത്തെക്കുറിച്ച് സ്വന്തം നാടുകളിൽ പറയുന്നത്, എഴുതുന്നത് ഒക്കെ കേരളത്തിന്റെ ഭാവിക്കും വളരെയേറെ പ്രയോജനപ്പെടും.

മാറുന്ന കാലത്തിനനുസരിച്ച് അതിവേഗം മുന്നോട്ടു നീങ്ങുന്ന സമൂഹമാണ് കേരളം. ഒട്ടേറെ കാര്യങ്ങളിൽ ഇപ്പോൾതന്നെ നമ്മൾ ലോകത്തിനു മാതൃകയാണ്. സാക്ഷരത, പൊതുജനാരോഗ്യം, ആയുർദൈർഘ്യം, മാതൃ-ശിശു മരണനിര ക്കിലെ കുറവ്, ക്ഷേമപെൻഷനുകൾ, കലാ




കേരളീയത്തിനു മുന്നോടിയായി കനകക്കുന്നിൽ നടന്ന വിദേശ വിദ്യാർഥികളുടെ സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.



**ലോകം ശ്രദ്ധിച്ച കേരളവികസന മാതൃകയുടെ നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് പുതിയ കാലത്തിന്റെ വെല്ലുവിളികളെ കേരളം ഏറ്റെടുക്കുകയാണ്. നാലാം വ്യാവസായിക വിപ്ളവവും നിർമ്മിതബുദ്ധിയും മെഷീൻ ലേണിങ്ങുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെ തന്നെ മാറ്റിമറിക്കുന്ന ഈ ഘട്ടത്തിലാണ് കേരളം ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി പരിണമിക്കാൻ ഒരുങ്ങുന്നത്.**

–സാഹിത്യ സാംസ്കാരിക മികവ്, വിദ്യാഭ്യാസ – ആരോഗ്യരംഗങ്ങളിലെ ആധുനിക സംവിധാനങ്ങൾ, സ്ത്രീ–പുരുഷ സമഭാവന, ട്രാൻസ്ജെൻഡറുകളെ അടക്കം ഉൾച്ചേർക്കുന്ന പുരോഗതി, അധികാരവികേന്ദ്രീകരണം, ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവഹണവും, ഉയർന്ന ജീവിതനിലവാരം, ശാസ്ത്രബോധം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നമ്മുടേതായുണ്ട്. ഇതിനൊപ്പം, ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, സമഭാവന, മതനിരപേക്ഷത, പാരസ്പര്യത്തിലൂന്നിയ സാമൂഹികാന്തരീക്ഷം, സമാധാനാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്. ഇങ്ങനെ ഭൗതികവും മാനസികവുമായ പുരോഗതി ഒരുപോലെ ആർജിച്ച സമൂഹമാണ് കേരളം. ഈ പ്രത്യേകതകൾ ലോകമറിയുന്നതിന് 'കേരളീയം2023' ഉപകരിക്കും.

ഇരുട്ടിലായിപ്പോയ ഒരു ഭൂതകാലമുണ്ടായിരുന്നു നമുക്ക്. അവിടെനിന്നും നവോത്ഥാന– പുരോഗമന – രാഷ്ട്രീയപ്രസ്ഥാനങ്ങൾ നമ്മളെ വെളിച്ചത്തിലേക്ക് കൈപിടിച്ചു നടത്തി. മനുഷ്യനെ മനുഷ്യനായി കാണാനും മനുഷ്യാന്തസ്സിന്റെ മഹത്വം മനസ്സിലാക്കാനും ആ സാമൂഹിക മുന്നേറ്റങ്ങൾ നമ്മളെ സഹായിച്ചു. ഐക്യകേരളം രൂപപ്പെടുമ്പോൾ തന്നെ, സമൃദ്ധമായ ഈ ചരിത്രം ഭാവികേരളം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടിന് വലിയ സംഭാവന നൽകിയിരുന്നു. അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാകും കേരളീയം.

മലയാളിസമൂഹം എന്നത് കേരളത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ഭൂഖണ്ഡാന്തരങ്ങളിലേക്ക് ആ സമൂഹം വളർന്നു പന്തലിച്ചു. ലോകമലയാളി എന്നുള്ള സങ്കൽപ്പം തന്നെ ഉയർന്നുവന്നു. എത്തിച്ചേർന്ന ദേശങ്ങളിലെല്ലാം ആ നാടിന്റെ സാമൂഹിക




മുന്നേറ്റത്തിൽ മലയാളിസമൂഹവും വലിയ പങ്കുവഹിച്ചു. ആ നാടുകൾക്ക് നമ്മളോട് വലിയ താൽപര്യമുണ്ട്.

സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ അന്യ നാടുകളുമായി വാണിജ്യബന്ധം നമ്മൾ കാത്തുസൂക്ഷിച്ചിരുന്നു. ആ ബന്ധത്തിലൂടെ വന്നിറങ്ങിയത് വാണിജ്യ വസ്തുക്കൾ മാത്രമല്ല, ലോകത്തിന്റെ പല കോണുകളിലുണ്ടായ സംസ്കാരങ്ങൾ കൂടിയാണ്. അവയിലെ നല്ല അംശങ്ങളെ സ്വാംശീകരിക്കാനും നമ്മുടെ നാടിന്റെ സവിശേഷതകൾ മറ്റുള്ളവർക്ക് പകർന്നുനൽകാനും കഴിഞ്ഞിട്ടുണ്ട്. സമ്പന്നമായ ഈ സാമൂഹിക – സാംസ്കാരിക പൈതൃകവും സവിശേഷമായ പ്രകൃതിസൗന്ദര്യവും ലോകത്തിനു മുന്നിൽ നന്നായി അവതരിപ്പിക്കേണ്ടതുണ്ട്.

ലോകം ശ്രദ്ധിച്ച കേരളവികസന മാതൃകയുടെ നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് പുതിയ കാലത്തിന്റെ വെല്ലുവിളികളെ കേരളം ഏറ്റെടുക്കുകയാണ്. നാലാം വ്യാവസായിക വിപ്ലവവും നിർമ്മിതബുദ്ധിയും മെഷീൻ ലേണിങ്ങുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെ തന്നെ മാറ്റിമറിക്കുന്ന ഈ ഘട്ടത്തിലാണ്

കേരളീയത്തിന്റെ പ്രചാരണത്തിന്റെ ഭാഗമായി മാനവീയം വീഥിയിൽ ഐ.എം. വിജയനൊപ്പം പന്തുതട്ടാം എന്ന പരിപാടിയിൽ





പുതിയ അറിവുകൾ നേടിക്കൊണ്ടിരിക്കുകയാണ്. മുമ്പ് കുട്ടിക്കാലത്ത് കുട്ടികൾക്ക് ഇന്നത്തെ മാതിരി പുസ്തകം കിട്ടാൻ സൗകര്യം ഉണ്ടായിരുന്നില്ല. സ്ക്കൂളുകളിലൊന്നും വലിയ ലൈബ്രറികളൊന്നും ഉണ്ടായിരുന്നില്ല. ഇന്ന് സ്കൂളുകളിൽ ധാരാളം പുസ്തകങ്ങളും ലൈബ്രറികളും ഉണ്ട്. അത് കുട്ടികൾക്ക് വലിയ സഹായമായി. അത് വലിയ ഒരു വളർച്ചയാണ്.'

എം.ടി. വാസുദേവൻ നായർ





▲ കേരളീയത്തിന്റെ പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സൈക്കിൾ റാലി, ഫ്ളാഷ് മോബ്

▼ രുചിയുടെ മേളം തീർത്ത് പാചകമത്സരം



കേരളം ഒരു വൈജ്ഞാനിക നൂതനത്വസമൂഹമായി പരിണമിക്കാൻ ഒരുങ്ങുന്നത്. കേരളം മുന്നോട്ടുവയ്ക്കുന്ന ബദൽ വികസനമാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കാനും, ലോക വൈജ്ഞാനികരംഗത്തുനിന്നും കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളാനും പുത്തൻ അറിവിന്റെയും അവസരങ്ങളുടെയും ലോകം എന്തെന്ന് തിരിച്ചറിയാനും കേരളീയം വഴിയൊരുക്കും.

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരികപൈതൃകവും അതിലടങ്ങിയിരിക്കുന്ന ക്ലാസിക്കൽ കലാരൂപങ്ങളെയും പ്രാക്തന കലാരൂപങ്ങളെയും ലോകം മനസ്സിലാക്കും. കേരളത്തിന്റെ സമഗ്രമായ വികസന കാഴ്ചപ്പാടിനെ കേരളീയം ഉത്തേജിപ്പിക്കുകതന്നെ




കേരളീയത്തിനു മുന്നോടിയായി കനകക്കുന്നിൽ നടന്ന വിദേശവിദ്യാർഥികളുടെ സംഗമത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സ്നേഹോപഹാരം സമ്മാനിയ്ക്കുന്നു.



ചെയ്യും. അങ്ങനെ അടുത്ത 25 വർഷത്തിൽ വികസിത മധ്യവരുമാനരാജ്യങ്ങളുടെ ജീവിത നിലവാരത്തിലേക്ക് എത്തുക എന്ന കേരളത്തിന്റെ ലക്ഷ്യത്തിന് അത് ഊർജ്ജം പകരും.

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടാനുള്ള പ്രചാരണങ്ങൾ ഉണ്ടാകുന്ന കാലമാണിത്. മതനിരപേക്ഷമായി നിലനിൽക്കുന്ന നമ്മുടെ സമൂഹം കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടി അവിടേക്ക് വർഗീയതയുടെ വിഷം കുത്തിവയ്ക്കാനാണ് ചില ശക്തികൾ ശ്രമിക്കുന്നത്. ഇതെല്ലാം വെറും കുപ്രചരണങ്ങൾ മാത്രമാണെന്നും യഥാർത്ഥ കേരളം എന്തെന്നും ലോകസമക്ഷം ഉയർത്തിക്കാട്ടാൻ കേരളീയത്തിനു കഴിയും.

കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മഹോത്സവമാണ് നടക്കാൻ പോകുന്നത്. കേരളീയർ എന്ന നിലയിലുള്ള നമ്മുടെ അഭിമാനബോധം വർധിപ്പിക്കുന്ന ഒന്നാവും കേരളീയം. വരാൻ പോകുന്ന കാലത്ത് ലോകരംഗത്ത് കേരളത്തിന്റെ സ്വീകാര്യത ഉയർത്തുന്ന മഹത്തായ സംരംഭം എന്ന നിലയ്ക്കാണ് ജനമനസ്സിൽ കേരളീയം സ്ഥാനം പിടിക്കാൻ പോകുന്നത്.■




നാമേവരും വളരെ ആകാംക്ഷയോടെ കാത്തിരിക്കുന്ന കേരളപ്പിറവി ദിനം ഇതാ വന്നുകഴിഞ്ഞു. കേരളത്തിനും ഈ ലോകത്തിനും നല്ലതു മാത്രം സംഭവിക്കുവാൻ ഇടയാകട്ടെ എന്നാശംസിക്കുന്നു.

യേശുദാസ്

# ജനാധിപത്യത്തിന്റെ വെളിച്ചം നയിക്കുമ്പോൾ

ഡോ. കെ എൻ ഹരിലാൽ
മുൻ ആസൂത്രണബോർഡംഗം





> കേരളത്തിന്റെ സവിശേഷമായ വികസനാനുഭവം ലോകശ്രദ്ധ പിടിച്ചുപറ്റുന്നതും വികസന സാഹിത്യത്തിൽ ഇടം തേടുന്നതും ജനങ്ങളുടെ ജീവിതഗുണമേന്മയിലുണ്ടായ വലിയ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിലാണ്

കഷ്ടിച്ച് ഒരു നൂറ്റാണ്ടിനു മുൻപ് താരതമ്യമില്ലാത്ത സാമൂഹിക അനീതികൾ നിലനിന്നിരുന്ന നാടാണ് കേരളം. അടിമത്തവും ജാതി ജന്മി നാടുവാഴിത്തവും വിദേശാധിപത്യവും ഏറ്റവും ക്രൂരമായ പ്രത്യേകതകളോടുകൂടി ഇവിടെ നിലനിന്നിരുന്നു. കേരളത്തിന്റെ ഇരുണ്ട കാലം അതിവിദൂര ഭൂതകാലത്തല്ല മറിച്ച് കുറച്ചു ദശാബ്ദങ്ങൾക്കപ്പുറം വരെ നിലനിന്നിരുന്നതാണ്. ജാതി-ജന്മി-നാടുവാഴി മേധാവിത്വത്തിന്റെയും വിദേശാധിപത്യത്തിന്റെയും മുഖങ്ങൾ എടുത്തുമാറ്റി ആധുനിക കേരളം സൃഷ്ടിക്കപ്പെട്ടത് വളരെ ചുരുങ്ങിയ കാലം കൊണ്ടാണ്. ഐതിഹാസികമായ ഈ മാറ്റം സാധ്യമാക്കിയത് കേരളത്തിലെ ജനങ്ങളാണ്. അവരുടെ കൂട്ടായ്മകളാണ്. അവരിൽ നിന്നും ഉയർന്നുവന്ന നേതൃത്വമാണ്. ഇന്ന് കേരളത്തിലെ ജനങ്ങളുടെ ജീവിത ഗുണനിലവാരം മറ്റു മൂന്നാം ലോകപ്രദേശങ്ങളെ അതിശയിപ്പിക്കുന്നതാണ്. ഒട്ടേറെ കാര്യങ്ങളിൽ വികസിത രാജ്യങ്ങളോടുപോലും കിടപിടിക്കുന്നതാണ്. എന്നാൽ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള കേരളത്തിന്റെ യാത്രയെ ഉൾക്കൊള്ളാൻ കഴിയാത്തവർ യാത്രയുടെ എല്ലാ ഘട്ടത്തിലും സജീവമായിരുന്നു. കുപ്രസിദ്ധമായ വിമോചന സമരം അത്തരം എതിർപ്പുകളുടെ തിളച്ചുമറിയലായിരുന്നു കാലത്തെ പിറകോട്ട് നടത്തണം എന്ന് വാശിപിടിക്കുന്നവർ ഇപ്പോഴും സജീവമാണ്. അവർ കേരളത്തെ മുടിഞ്ഞുപോയ നാടായി ചിത്രീകരിക്കുന്നു. കൊടും പ്രാക്ക് പ്രാകുന്നു. പ്രതീക്ഷയ്ക്ക് യാതൊരു വകയും ഈ നാട്ടിലില്ല എന്നു പ്രചരിപ്പിക്കുന്നു. കേരളത്തിന്റെ ഭാവി ഇരുളടഞ്ഞതാണ് എന്ന് പ്രവചിക്കുന്നു പുതിയ തലമുറയുടെ മനസ്സിൽ





കാണാനും കേൾക്കാനും അറിയാനും അറിയിക്കാനും എല്ലാമുള്ള സർഗപരമായ മലയാളത്തിന്റെ കണ്ണീരും ചോരയും കിനിയുന്ന ക്രിയാപരിച്ഛേദം എന്ന നിലയിലുള്ള വലിയ ആഘോഷമാണ് കേരളീയം. ജാതി, മതം, വർഗം, വർണം, ദേശം, കാലം എന്നിവയ്ക്കെല്ലാം അതീതമായ മുഴുവൻ മലയാളികളും ഒരമ്മ പെറ്റമക്കളേപ്പോലെ ഒരുമിക്കുന്ന ഒരു സർഗജീവിതാവസ്ഥ ഉണ്ടാകേണമേ എന്ന പ്രാർഥനയാണ് കേരളീയത്തിന്റെ ഈ അവസരത്തിൽ പങ്കുവെക്കാനുള്ളത്.

ഏഴാച്ചേരി രാമചന്ദ്രൻ, കവി



നിരാശയുടെയും നിഷേധാത്മകതയുടെയും തീ കോരിയിടുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് കേരളീയം പ്രസക്തിയാർജ്ജിക്കുന്നത്. കേരളീയം കേരളത്തിന്റെയും കേരളീയരുടെയും സ്വയം തിരിച്ചറിവിന്റെ ഉത്സവമാണ്. കേരളം മുടിഞ്ഞ നാടാണെന്ന, മുന്നോട്ടുള്ള വഴിയടഞ്ഞു പോയ നാടാണെന്നുള്ള അസത്യപ്രചരണത്തെ എതിർത്ത് പരാജയപ്പെടുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈ നാട്ടിലെ പുതിയ തലമുറയെ ആത്മവിശ്വാസത്തോടും പ്രതീക്ഷയോടും ഭാവിയെ വരവേൽക്കാൻ തയ്യാറെടുപ്പിക്കാനാവൂ. കേരളീയരായ നമുക്ക് ആത്മവിശ്വാസം ഉണ്ടായാൽ മാത്രമേ മറ്റുള്ളവർക്ക് നമ്മളിലുള്ള വിശ്വാസത്തെ വളർത്താനാവൂ. കേരളീയം തീർച്ചയായും അതാണ് ലക്ഷ്യമിടുന്നത്.

## കേരള വികസനമാതൃക

കേരളത്തിന്റെ സവിശേഷമായ വികസനാനുഭവം ലോകശ്രദ്ധ പിടിച്ചുപറ്റുന്നതും വികസനസാഹിത്യത്തിൽ ഇടം തേടുന്നതും ജനങ്ങളുടെ ജീവിതഗുണമേന്മയിലുണ്ടായ വലിയ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിലാണ്. മരണനിരക്ക്, ജനനനിരക്ക്, ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, പൊതുജനാരോഗ്യസംവിധാനം, സാക്ഷരത, സ്ത്രീ സാക്ഷരത, സ്കൂൾ വിദ്യാഭ്യാസം, പൊതുവിതരണ സമ്പ്രദായം തുടങ്ങി കാര്യങ്ങളിലെ നേട്ടങ്ങൾ ശ്രദ്ധിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയുമാണ് ഉണ്ടായത്. ഈ നേട്ടങ്ങളാണ് പിന്നീട് വിഖ്യാതമായ കേരള വികസന മാതൃക എന്ന സങ്കല്പത്തിന് വഴിവെച്ചത് ആളോഹരി ആഭ്യന്തര ഉൽപാദനത്തിന്റെയും വരുമാനത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും കാര്യത്തിൽ പിന്നാക്കാവസ്ഥ അയവില്ലാതെ തുടരുന്ന അവസ്ഥയിലാണ് കേരളത്തിലെ ജനങ്ങളുടെ ജീവിത ഗുണമേന്മയിൽ മേൽപ്പറഞ്ഞ നേട്ടങ്ങളുണ്ടായത്. സമ്പദ്ഘടനയിലെ പിന്നാക്കാവസ്ഥയെ മറികടക്കാതെ കേരളത്തിനു ജനങ്ങളുടെ ജീവിതഗുണമേന്മയിൽ വലിയ നേട്ടങ്ങൾ ഉയർന്ന സാമ്പത്തിക വളർച്ച കൈവരിക്കാതെ എങ്ങനെ നേടിയെടുക്കാൻ കഴിഞ്ഞു എന്നത്

കേരളം മുടിഞ്ഞ നാടാണെന്ന, മുന്നോട്ടുള്ള വഴിയടഞ്ഞു പോയ നാടാണെന്നുള്ള അസത്യപ്രചരണത്തെ എതിർത്ത് പരാജയപ്പെടുത്തേണ്ടതുണ്ട്



നിരീക്ഷകരെ അത്ഭുതപ്പെടുത്തി. ഈ പ്രഹേളികയിലേക്കുള്ള ഉത്തരം എന്ന നിലയിലാണ് നോബൽ ജേതാവായ അമർത്യാസെൻ പൊതുപ്രവർത്തനത്തിന്റെ (public Action) പ്രാധാന്യം എടുത്തുപറഞ്ഞത്. ജനങ്ങളുടെ കൂട്ടായ ഇടപെടലുകളും ഇതിനോട് പ്രതികരിച്ചുകൊണ്ട് ഭരണകൂടം നടത്തിയ അഥവാ നടത്തേണ്ടിവന്ന അനുഭാവപൂർവമായ പ്രവർത്തനങ്ങളുമാണ് കേരള വികസനമാതൃകയുടെ നേട്ടങ്ങൾക്ക് കാരണമായത്.

കേരള വികസനമാതൃകയുടെ നേട്ടങ്ങൾ പരക്കെ അംഗീകരിക്കപ്പെട്ടെങ്കിലും ആ നേട്ടങ്ങൾക്ക് തുടർച്ചയുണ്ടാവുമോ എന്ന സംശയമാണ് പിന്നീട് ഉന്നയിക്കപ്പെട്ടത്. ഈ സംശയം തീർച്ചയായും ന്യായമായിരുന്നു. കാരണം സാമ്പത്തികവളർച്ചയുടെ ഉറച്ച അടിത്തറയിൽ അല്ല കേരളത്തിന്റെ ജീവിതഗുണമേൻമയിലെ നേട്ടങ്ങൾ ഉണ്ടായിട്ടുള്ളത്. സ്വത്തിന്റെയും വരുമാനത്തിന്റെയും പുനർവിതരണത്തിൽ ഊന്നിക്കൊണ്ടാണ് ജനങ്ങളുടെ ജീവിത ഗുണനിലവാരം ഉയർത്തിയത്. സ്വത്തും വരുമാനവും തുടർച്ചയായി ഉയർത്തുന്നതിൽ പരാജയപ്പെട്ടാൽ കേരള മാതൃകയുടെ നേട്ടങ്ങൾ അപ്രത്യക്ഷമാകും എന്നായിരുന്നു പ്രകടിപ്പിക്കപ്പെട്ട ആശങ്ക.

കേരള വികസനമാതൃകയുടെ നേട്ടങ്ങൾ തുടരാനാവുമോ എന്ന ചോദ്യം ഗൗരവത്തിൽ എടുക്കുമ്പോൾ തന്നെ സ്വത്തിന്റെയും വരുമാനത്തിന്റെയും കേവലമായ പുനർവിതരണം മാത്രമാണ് കേരള മാതൃകയുടെ അടിസ്ഥാനം എന്ന് വിലയിരുത്തുന്നതിലെ പോരായ്മ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. പുനർവിതരണം മാത്രമല്ല വാസ്തവത്തിൽ കേരളത്തിൽ നടന്നത് കേരളത്തിന്റെ മുന്നോട്ടുള്ള ഗതിയെ അഥവാ ആധുനിക കേരളത്തിന്റെ നിർമ്മാണത്തെ തടസ്സപ്പെടുത്തിയ ഒരു സാമൂഹികവ്യവസ്ഥയുടെ അസ്ഥിവാരം തകർക്കുന്ന സമൂല പരിവർത്തനമാണ് അന്ന് നടന്നത്. ജാതി-ജന്മി-നാടുവാഴിത്തം അസ്വാതന്ത്ര്യങ്ങളുടെ സാമൂഹിക വ്യവസ്ഥയായിരുന്നു. പഴകിയ സാമൂഹ്യബന്ധങ്ങൾ ഉൽപാദന ശക്തികളുടെ വികസനത്തെ തടസ്സപ്പെടുത്തും എന്ന സിദ്ധാന്തത്തെ അക്ഷരാർഥത്തിൽ ശരിവയ്ക്കുന്ന തരത്തിലായിരുന്നു ആ സ്വാതന്ത്ര്യങ്ങളും വിലക്കുകളും അന്നത്തെ സമൂഹത്തിൽ നിലനിന്നിരുന്നത്. പൊതുസ്ഥലങ്ങൾ ഉപയോ





കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായി ഞാൻ അഭിമാനിക്കുന്നത് കേരളത്തിന്റെ വിഭവസമൃദ്ധിയും കേരളത്തിന്റെ പ്രകൃതിസൗന്ദര്യവുമാണ്. ലോകത്തിൽ പല ഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്. മനോഹരമായ സ്വിറ്റ്സർലൻഡിലും ആൽപ്സ് പർവത നിരകളിലും പോയിട്ടുണ്ട്. ഇവിടെയെല്ലാം പോയപ്പോൾ കേരളത്തെക്കുറിച്ചാണ് ഓർത്തത്. കേരളത്തിന്റെ പശ്ചിമഭാഗത്തെ സമുദ്രത്തിന്റെ ഗംഭീരമായ ഇരമ്പൽ, അനന്തമായ ഇരമ്പൽ നോക്കി നിൽക്കുകയെന്നത് വലിയൊരു അനുഭവമാണ്. കേരളത്തിന്റെ കിഴക്ക് ഭാഗത്തെ മലനിരകളും മേഘമാലകൾ വന്ന് മലയുടെ കൊടുമുടികളിൽ വിശ്രമിക്കുന്നതും ഉയർച്ചതാഴ്ചകളുമെല്ലാം കാണാം. എല്ലാം ചേർന്ന അതിമനോഹാരിത നമുക്ക് കാണാം. സ്വർഗം പോലും ഇറങ്ങി വന്ന് ചുംബിക്കാൻ മോഹിക്കുന്ന പ്രദേശമാണ് കേരളം എന്നാണ് അപ്പോൾ കരുതിയത്.

പ്രൊഫ. എം.കെ. സാനു



> പഴയ സാമൂഹിക വ്യവസ്ഥയുടെ അടിത്തറ തോണ്ടുന്ന പരിഷ്കാരങ്ങളാണ് കേരളത്തിൽ നടന്നത്

ഗിക്കാൻ, വഴിനടക്കാൻ, മേൽമീശ വയ്ക്കാൻ, മാറുമറയ്ക്കാൻ, പുരയുടെ മേൽക്കൂരയ്ക്ക് ഓടിടാൻ, ക്ഷേത്രത്തിൽ പ്രവേശിക്കാൻ വിദ്യ അഭ്യസിക്കാൻ, അറിവ് നേടാൻ, ഇഷ്ടമുള്ള തൊഴിൽദാതാവിനോടൊപ്പം പണിയെടുക്കാൻ എന്ന് വേണ്ട ജീവിതവഴികളിലെല്ലാം തടസ്സം സൃഷ്ടിച്ചിരുന്ന സാമൂഹികവ്യവസ്ഥയാണ് നിലനിന്നിരുന്നത്. പഴയ സാമൂഹികവ്യവസ്ഥയുടെ അടിത്തറ തോണ്ടുന്ന പരിഷ്കാരങ്ങളാണ് കേരളത്തിൽ നടന്നത്. ഉദാഹരണമായി കേരളത്തിന്റെ ഭൂപരിഷ്കരണത്തെ കേവലം ഭൂമിയുടെ പുനർവിതരണം എന്ന നിലയ്ക്ക് മാത്രമായി കാണാനാവില്ല. ഭൂപരിഷ്കരണം ഭൂമിയുടെ പുനർവിതരണത്തോടൊപ്പം ജാതി -ജന്മി -നാടുവാഴിത്ത വ്യവസ്ഥയുടെ അടിസ്ഥാനം തകർക്കുകയാണ് ചെയ്തത്. അതിലൂടെ ആധുനികകേരളത്തിന്റെ നിർമ്മാണത്തിന് അടിസ്ഥാനം ഒരുക്കുകയും ചെയ്തു. ഭൂമി എന്ന നിർണായകമായ ആസ്തിയുടെ പുനർവിതരണത്തിന്റേതിനു സമാനമായ മാറ്റമാണ് കൂലിയുടെയും വിലകളുടെയും കാര്യത്തിലും സംഭവിച്ചത്. കൂലിയും വിലയും പലിശയുമാണല്ലോ വരുമാനവിതരണത്തെ സ്വാധീനിക്കുന്നത്. കൂലിയുടെയും വിലകളുടെയും പലിശയുടെയും കാര്യം മുൻപ് ഒരു തർക്കവിഷയം ആയിരുന്നില്ല. വിലപേശലിന് അനുവാദമോ സാധ്യതയോ ഉണ്ടായിരുന്നില്ല.

ജാതി ജന്മി നാടുവാഴിത്തവ്യവസ്ഥ കടപുഴകിയതോടെയാണ് ന്യായമായ പണത്തിനും കൂലിക്കും വേണ്ടിയുള്ള തൊഴിലാളികളുടെ ശബ്ദം ഉയർന്നത്, ചെറുകിട ഉൽപാദകരും കൃഷിക്കാരും തങ്ങൾക്ക് ന്യായവില ലഭിക്കണം എന്ന് ആവശ്യം ഉയർത്തിത്തുടങ്ങിയത്, ഇതെല്ലാമാണ് യഥാർഥത്തിൽ പുതിയ കേരളത്തിന്റെ രൂപവൽക്കരണത്തിന് ഇടയാക്കിയത്.

## സാമ്പത്തിക വളർച്ചനില വീണ്ടെടുത്തു

1970-കളിലും 80-കളുടെ അവസാനപാദം വരെയും അനുഭവപ്പെട്ട ഉൽപാദനമുരടിപ്പാണ് കേരള വികസനമാതൃകയുടെ തുടർച്ചാസാധ്യത സംബന്ധിച്ച സംശയങ്ങൾക്ക് സാഹചര്യം ഒരുക്കിയത്. എന്നാൽ 80-കളുടെ അവസാനത്തോടെ കേരളം വളർച്ചാമുരടിപ്പിനെ അതിജീവിച്ചു. കേരളത്തിന്റെ വളർച്ചാനിരക്കുകൾ ദേശീയ ശരാശരിയെക്കാൾ മെച്ചപ്പെടുത്തുന്ന സ്ഥിതി തുടർച്ചയായി ഉണ്ടായി. കേരളത്തിന്റെ ആളോഹരി വരുമാനവും ഉൽപാദനവും ദേശീയ ശരാശരിയെ കവച്ചുവെച്ച് മുന്നേറി. വളർച്ചാനിരക്കുകളിലെ കുതിപ്പ് ഏറ്റക്കുറച്ചിലുകളോടെ പിന്നീടും തുടരുകയാണ് ഉണ്ടായത്. ഉയർന്ന വളർച്ചാ

നിരക്കുകളിലേക്ക് സംസ്ഥാനം പുരോഗമിച്ചത് ജീവിത ഗുണമേന്മയിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ടല്ല എന്നതും എടുത്തുപറയണം. ജീവിതഗുണമേന്മയും വിവിധ സൂചകങ്ങളുടെ കാര്യത്തിൽ മുമ്പുണ്ടായ നേട്ടങ്ങളെ കൂടുതൽ ബലപ്പെടുത്തിയുംതന്നെയാണ് ഉയർന്ന വളർച്ചയുടെ പുതിയ പാതയിലേക്ക് കേരളം പുരോഗമിച്ചത്.

ചുരുക്കിപ്പറഞ്ഞാൽ താഴ്ന്ന ജീവിത ഗുണമേന്മ, കുറഞ്ഞ വളർച്ചാനിരക്കുകൾ എന്നിവ പരസ്പരം ബലപ്പെടുത്തി സൃഷ്ടിക്കുന്ന വിഷമവൃത്തത്തിൽ നിന്നും കേരളം കരകയറിയിരിക്കുന്നു. ഉയർന്ന ജീവിത ഗുണമേന്മ, അത് സൃഷ്ടിക്കുന്ന ഉയർന്ന വളർച്ച, അതിന്റെ ഫലമായി തുടർന്നും സൃഷ്ടിക്കപ്പെടുന്ന മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ എന്നിങ്ങനെ ഉൽക്കർഷത്തിന്റെയും അഭിവൃദ്ധിയുടെയും സാഹചര്യമാണ് കേരളത്തിൽ ഉണ്ടായിരിക്കുന്നത്. ഇതാണ് നീതി ആയോഗും മറ്റും ദേശീയ ഏജൻസികളും നടത്തുന്ന പഠനങ്ങളിലും സർവ്വേകളിലും വ്യക്തമാവുന്നത്. വളർച്ചാനിരക്കുകൾ, ആളോഹരി ഉൽപാദനം, വരുമാനം, ആളോഹരി ഉപഭോഗം, സുസ്ഥിര വളർച്ചാ മാനദണ്ഡങ്ങൾ എന്നിവയുടെ കാര്യത്തിൽ മുൻനിരയിൽ നിൽക്കുന്ന ഒരു സംസ്ഥാനത്തിന്റെ നേട്ടങ്ങൾ തമസ്കരിക്കാൻ നടക്കുന്ന ശ്രമങ്ങൾക്ക് വസ്തുതകളുടെ അടിസ്ഥാനമില്ല എന്നതാണ് സത്യം.

## നവകേരളത്തിന്റെ വെല്ലുവിളികൾ

ഇതിന്റെ അർഥം നവകേരളസൃഷ്ടി എന്ന സംസ്ഥാനത്തിന്റെ ലക്ഷ്യം നേരിടുന്ന എല്ലാ വെല്ലുവിളികളും അവസാനിച്ചു എന്നല്ല. സാർവദേശീയ രംഗത്തും ദേശീയരംഗത്തും വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവ പുതിയ സാധ്യതകളോടൊപ്പം വെല്ലുവിളികളും ഉയർത്തുന്നുണ്ട്. കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിലാണ് ശാസ്ത്രസാങ്കേതികവിദ്യകളിൽ മാറ്റം സംഭവിക്കുന്നത്. ഒപ്പം ആഗോള ശാക്തികബലാബലങ്ങളിലും സാമ്പത്തിക ബന്ധങ്ങളുടെ ഘടനയിലും വലിയ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട് .കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികൾ ഇതിന് പുറമെയാണ്. പുതിയ കാലത്തിന്റെ സാധ്യതകളിലേക്കും വെല്ലുവിളികളെയും നേരിടാൻ കേരളം ഒത്തൊരുമയോടെ ഒരുങ്ങേണ്ടതുണ്ട്. അതിനുള്ള കാഴ്ചപ്പാടും കർമ്മപദ്ധതിയും തയ്യാറാക്കി കൊണ്ടാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. കേരളത്തെ



ഒരു വിജ്ഞാനസമൂഹമായി പരിവർത്തിപ്പിക്കാനുള്ള പരിശ്രമം ഇതിന്റെ ഭാഗമാണ്. അറിവിന്റെ ചക്രവാളം വികസിപ്പിക്കുന്നതിനോടൊപ്പം കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ ഗവേഷണരംഗങ്ങൾ വളരേണ്ടതുണ്ട് .വിദ്യാഭ്യാസവും ഗവേഷണവും പുരോഗമിച്ചാൽ മാത്രം പോരാ. അതിവേഗം വളരുന്ന അറിവിനെ നമ്മുടെ ജീവിതങ്ങളിലേക്ക് സ്വാംശീകരിക്കേണ്ടതുണ്ട്. കൃഷി, വ്യവസായം, സേവനത്തുറകൾ എന്നിവിടങ്ങളിലെ ഉൽപാദക സമ്പ്രദായങ്ങളുടെ അറിവുകളടക്കം കാലോചിതമായി ഉയർത്തേണ്ടതുണ്ട്. കേരളത്തിന്റെ ആഭ്യന്തര



മനുഷ്യരെല്ലാപേരും ഒന്നുപോലെയാകണം. അതാണ് നമ്മുടെ സംസ്കാരത്തിന്റെ തനിമ. മലയാളത്തിന്റെ സംസ്കാരത്തേയും കേരളത്തിന്റെ അനുഷ്ഠാനകലകളേയും നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകതയെയും ഒക്കെ വിശകലനം ചെയ്യുന്നതിനായും പുതുതലമുറയ്ക്ക് അത് പകർന്ന് കൊടുക്കുന്നതിനായും കേരളീയം എന്ന പേരിലുള്ള ഈ ഉത്സവം ഉതകട്ടെ. നമ്മുടെ സംസ്കാരത്തിന്റെ പഴമയിലേക്ക് ഒരു തിരിച്ചുപോക്കുകൂടിയാണ് ഈ ഉത്സവം

ശ്രീകുമാരൻ തമ്പി, ഗാനരചയിതാവ്

ഉൽപാദനത്തുകകളുടെ മത്സരക്ഷമത നിലനിർത്താനും വളർത്താനും ഇത് അത്യന്താപേക്ഷിതമാണ്. വിജ്ഞാനസമൂഹത്തിന്റെ സൃഷ്ടി ലോക തൊഴിൽകമ്പോളത്തിൽ മെച്ചപ്പെട്ട തൊഴിലുകൾ നേടിയെടുക്കാൻ കേരളത്തിന്റെ യുവതയെ സഹായിക്കും. ആഗോളാടിസ്ഥാനത്തിലായി കൊണ്ടിരിക്കുന്ന മൂല്യച്ചങ്ങലകളിൽ ഓരോ പ്രദേശത്തിന്റെയും സ്ഥാനം നിശ്ചയിക്കുന്നതിൽ അറിവിനും സാങ്കേതികവിദ്യക്കും വലിയ സ്ഥാനമുണ്ട്.

ഉൽപാദന വിപണന രംഗത്തും ഉന്നത വിദ്യാഭ്യാസഗവേഷണ സ്ഥാപനങ്ങളും തമ്മിൽ ചലനാത്മകമായ ബന്ധം സ്ഥാപിച്ചെടുക്കണം. അതിനുള്ള പരിശ്രമമാണ് ഇപ്പോൾ കേരളം ഏറ്റെടുക്കുന്നത്.

വികസനത്തിന്റെ പുതുവഴികളിൽ വിജ്ഞാനത്തോടൊപ്പം പശ്ചാത്തല സൗകര്യങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. കഴിഞ്ഞ ദശാബ്ദങ്ങളിൽ കേരളത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിച്ച ഒരു പ്രധാന ഘടകം പശ്ചാത്തലമേഖലയിലെ പിന്നാക്കാവസ്ഥയാണ്. റോഡുകൾ, റെയിൽവേ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ വൈദ്യുതി, പ്രകൃതി വാതകം, വിവരസാങ്കേതികവിദ്യയുടെ വളർച്ചയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ നാം ഏറെ പിന്നിലായിപ്പോയി എന്നതാണ് വാസ്തവം. കേരളത്തിന്റെ സാമ്പത്തികവളർച്ചയെ പ്രതികൂലമായി ബാധിച്ച പശ്ചാത്തലമേഖലയുടെ പിന്നാക്കാവസ്ഥയെ മറികടക്കാൻ ഭഗീരഥപ്രയത്നം തന്നെയാണ് ഇപ്പോൾ കേരളസർക്കാർ നടത്തുന്നത്. ദേശീയപാതകളുടെ വികസനം, ജലഗതാഗതം, മെട്രോ റെയിൽ, ഗ്യാസ് പൈപ്പ് ലൈൻ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, വിവരസാങ്കേതിക അടിത്തറ എന്നിവയുടെ കാര്യത്തിൽ അഭൂതപൂർവമായ പുരോഗതിയാണ് ഇന്ന് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പശ്ചാത്തല മേഖലയുടെ കാര്യത്തിൽ വ്യാപകമായി ഉയർത്തിക്കൊണ്ടുവന്ന എതിർപ്പുകളെ പരാതിക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടുതന്നെ പരിഹരിക്കാൻ വലിയ അളവ് വരെ കേരളത്തിന് സാധിച്ചിരുന്നു. പുതിയ പണികൾ പൂർത്തീകരിക്കുകയും അതിന്റെ നേട്ടം ലഭ്യമാവുകയും ചെയ്യുന്നതോടുകൂടി മുൻപ് എതിർത്തിരുന്നവർ പോലും വികസനത്തിന്റെ വക്താക്കളാവുന്ന കാഴ്ചയാണ് കാണുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഇതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ്.

**പശ്ചാത്തലമേഖലയുടെ പിന്നാക്കാവസ്ഥയെ മറികടക്കാൻ ഭഗീരഥപ്രയത്നം തന്നെയാണ് ഇപ്പോൾ കേരളസർക്കാർ നടത്തുന്നത്**

കേന്ദ്രത്തിലേക്ക് ധനകാര്യ അധികാരങ്ങളും വിഭവങ്ങളും കേന്ദ്രീകരിക്കുന്ന പ്രവർത്തനം ഇപ്പോൾ കൂടുതൽ തീവ്രമായിരിക്കുന്നു. ധന





ബന്ധങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന സംസ്ഥാനമാണ് കേരളം എന്നും കാണണം. കേന്ദ്രം സംസ്ഥാനങ്ങൾക്ക് വീതം വെച്ച് നൽകുന്ന തുകയിൽ കേരളത്തിന് കിട്ടുന്ന ഓഹരി ഓരോ ധനകാര്യ കമ്മീഷൻ തീർപ്പിലും കുറഞ്ഞു വരികയാണ്. അതിനുപുറമേയാണ് കിഫ്ബിക്കെതിരായ കടന്നാക്രമണം. സംസ്ഥാന സർക്കാരിനു കടമെടുക്കാനുള്ള അധികാരം ഗണ്യമായി പരിമിതപ്പെടുത്തുന്ന നിയോ -ലിബറൽ പരിഷ്കാരങ്ങളിൽ നിന്നും രക്ഷ നേടുന്നതിനാണ് കേരളം കിഫ്ബിക്കു രൂപം നൽകിയത്. കിഫ്ബി മുഖേന ഏകദേശം 60,000 കോടി രൂപയുടെ പദ്ധതികൾ കേരളം ഏറ്റെടുക്കുകയും ചെയ്തു. എന്നാലിപ്പോൾ കിഫ്ബി കമ്പോളത്തിൽ നിന്നും മേൽപ്പറഞ്ഞ വികസന പ്രവർത്തനങ്ങൾക്കായി എടുക്കുന്ന വായ്പകൾ മുഴുവൻ സംസ്ഥാന സർക്കാരിന്റെ വായ്പയായി പരിഗണിക്കും എന്ന് കേന്ദ്രതീരുമാനം വന്നിരിക്കുന്നു. കേന്ദ്ര സർക്കാർ ദേശീയപാതാവികസന ഏജൻസി വഴിയായി കമ്പോളത്തിൽ നിന്നെടുക്കുന്ന വായ്പയെ കേന്ദ്രസർക്കാരിന്റെ കടമായി പരിഗണിക്കുന്നില്ല എന്നതും ഇവിടെ എടുത്തു പറയേണ്ടതുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കിഫ്ബി വഴി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന് അനുവദനീയമായ വായ്പയിൽ നിന്ന് പണം അനുവദിക്കണം. ഇത് സംസ്ഥാന സർക്കാരിന്റെ ഇതര വകുപ്പുകൾ ഏറ്റെടുത്തു നടത്തുന്ന വികസന ക്ഷേമപ്രവർത്തനങ്ങളെ ബാധിക്കും എന്ന് ചുരുക്കം. ധനകാര്യ ഞെരുക്കം അടിച്ചേൽപ്പിക്കുന്നതിന്റെ ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്താൻ സംസ്ഥാനത്തെ നിർബന്ധിക്കുകയാണ് കേന്ദ്രം ചെയ്യുന്നത്. ഇത് ആത്യന്തികമായി സാധാരണ ജനങ്ങളെ സംസ്ഥാന സർക്കാരിന് എതിരെ തിരിച്ചുവിടാൻ സഹായിക്കും. നികുതി പിരിവിലും വരുമാനത്തിലും കഴിഞ്ഞ രണ്ടു





വർഷമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച ദീർഘകാല അടിസ്ഥാനത്തിൽ സഹായകരമാവും. പക്ഷേ അതിനിടയിൽ വരുന്ന താൽക്കാലിക സാമ്പത്തിക ഞെരുക്കത്തെ അതിജീവിക്കാൻ വഴി കണ്ടെത്തേണ്ടതുണ്ട്.

കടുത്ത എതിർപ്പുകളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ചു കൊണ്ടാണ് കേരളം തനതായ വികസനമാതൃക രൂപപ്പെടുത്തിയത്. പ്രതിസന്ധികളെ അതിജീവിക്കുന്നതിലും പുതിയ സാധ്യതകളെ ഉപയോഗിക്കുന്നതിനും സഹായകമായത് ജനങ്ങളുടെ ഐക്യവും കൂട്ടായ പ്രവർത്തനങ്ങളുമാണ്. ജനാധിപത്യത്തിന്റെ ഈ വെളിച്ചം കേരളത്തിന് ഭാവിയിലും കൂട്ടായി ഭവിക്കും.■



മലയാള നാട്ടിന്റെ വളർച്ചയും സാംസ്കാരികമായ ഔന്നത്യവും ലോകത്തിനു മുന്നിൽ ഉയർത്തിപ്പിടിക്കുന്ന കേരളീയം പരിപാടിക്ക് എന്റെ എല്ലാ ആശംസകളും.

പി.എഫ്. മാത്യൂസ്, എഴുത്തുകാരൻ



# മാനവിക കേരളത്തിന്റെ ശില്പി

ഡോ.ചന്തു എസ്
ഗവേഷകൻ, ഹൈദരബാദ് സർവകലാശാല

ഫോട്ടോ: ബി. ജയചന്ദ്രൻ



ആധുനികകേരളത്തിന് അടിത്തറ പാകിയ ഭരണപരിഷ്കാരങ്ങൾ നടപ്പാക്കിയ ആദ്യമുഖ്യമന്ത്രി, എഴുത്തുകാരൻ എന്ന നിലകളിലൊക്കെ കേരളചരിത്രത്തിലെ അവിസ്മരണീയവ്യക്തിത്വമായ ഇഎംഎസ് നമ്പൂതിരിപ്പാടിനെ ഓർക്കുന്നു.

സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും ഇന്ത്യയിൽ ഇടതുപക്ഷ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നതിൽ ചിന്തകൻ, വിപ്ലവ ബുദ്ധിജീവി എന്ന നിലകളിൽ കേരളത്തിലെ രാഷ്ട്രീയനേതാക്കളുടെയിടയിൽ നിർണ്ണായക സ്ഥാനം ഇ എം എസിനുണ്ട്. നിരന്തരം, ധാരാളം എഴുതിയിരുന്നു ഇഎംഎസ്. എഴുതുക എന്നത് ഇഎംഎസ്സിനെ സംബന്ധിച്ചിടത്തോളം കാലവും ചരിത്രവും അടയാളപ്പെടുത്തുന്ന ഒരു പ്രക്രിയയും കൂടിയായിരുന്നു.

തത്വചിന്ത, സൗന്ദര്യശാസ്ത്രം, ഭാഷാശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രീയം തുടങ്ങി നിരവധി വിഷയങ്ങളിലുള്ള രചനകളുടെ ഒരു ബൃഹദ് ശേഖരം അദ്ദേഹത്തിന്റേതായി അവശേഷിപ്പിച്ചിട്ടുണ്ട്.

1930–നും 1940–നും ഇടയിൽ മലബാറിലെ കർഷക പ്രസ്ഥാനങ്ങളുടെ, പ്രത്യേകിച്ച് കർഷകസംഘങ്ങളുടെ സംഘാടകനായിരുന്നു ഇ.എം.എസ്. 1930–കളിലെയും 1940–കളിലെയും കർഷക പ്രക്ഷോഭങ്ങൾ മലബാറിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിത്തറ ഉറപ്പിച്ചിരുന്നു. കർഷകപ്രശ്നങ്ങളിൽ, പ്രത്യേകിച്ചു ഭൂബന്ധങ്ങൾ, കാർഷിക പരിവർത്തനം, കർഷകപ്രസ്ഥാനങ്ങൾ, ഭൂപരിഷ്കരണം എന്നിവയിൽ തന്റെ രചനകളിലൂടെ ഇഎംഎസ് ഇടപെട്ടു. മലബാറിലെ കർഷക പ്രസ്ഥാനത്തിനും 1957 നും 1971 നും ഇടയിൽ ജന്മി വ്യവസ്ഥയെ ഇല്ലാതാക്കിയ ഭൂപരിഷ്കരണ നയങ്ങൾക്കു സൈദ്ധാന്തിക അടിത്തറ നൽകുന്നതിനും പിന്നീട് അവയ്ക്ക് പ്രായോഗിക രൂപം നല്കുന്നതിലും ഇ എം എസ് നിർണ്ണായക പങ്കു വഹിച്ചു.



യോഗക്ഷേമസഭ സ്ഥാപിച്ച് ഒരു വർഷത്തിനു ശേഷം 1909–ൽ ജനിച്ച ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ ആദ്യകാല ജീവിതം ഇല്ലം, ക്ഷേത്രങ്ങൾ, നമ്പൂതിരി പഠനകേന്ദ്രങ്ങൾ എന്നിവ ചുറ്റിപ്പറ്റി ആയിരുന്നു. ഇ എം എസിനെ ആധുനികതയിലേക്ക് നയിച്ച നിർണായകഘടകം അദ്ദേഹം ജീവിച്ച ചുറ്റുപാടുകളിൽ നിന്നാണ്. തൃശൂർ പോലെയുള്ള നഗരങ്ങളിൽ ഇഎംഎസ് കാണുകയും അനുഭവിക്കുകയും ചെയ്ത ആധുനിക ജീവിതം അദ്ദേഹത്തിന്



## മാനവികത എന്ന ആശയം

1920-കളുടെ അവസാനം മുതൽ 1950-കളുടെ ആരംഭം വരെയുള്ള കാലഘട്ടം ഇ.എം.എസിന്റെ പൊതുജീവിതത്തിലെ നിർണ്ണായക കാലഘട്ടമാണ്. ഈ കാലയളവിൽ നടത്തിയ ബൗദ്ധികവും പ്രത്യയശാസ്ത്രപരവുമായ അപഗ്രഥനം അദ്ദേഹത്തെ ഒരു ഇടതുപക്ഷ ബുദ്ധിജീവി എന്ന നിലയിലേക്കു ഉയരുവാൻ സഹായിച്ചു. പരമ്പരാഗത സമ്പ്രദായങ്ങളെയും, ശ്രേണികളെയും, വിജ്ഞാന സംവിധാനങ്ങളെയും പാടെ തള്ളിക്കൊണ്ട് മറ്റ് ബുദ്ധിജീവികളോടൊപ്പം ഇഎംഎസ് പുതിയ സമ്പ്രദായങ്ങൾക്കും രീതികൾക്കും രൂപംകൊടുത്ത കാലഘട്ടം കൂടി ആയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സമൂഹത്തിലെ ഇടപെടലുകൾ ഇഎംഎസിനെപ്പോലുള്ള ബുദ്ധിജീവികൾക്ക് ആധുനികതയുടെ അനുഭവം പ്രദാനം ചെയ്തു. ആധുനികത നൽകുന്ന സാധ്യതകൾ തുറന്നിട്ട നമ്പൂതിരി പൊതുമണ്ഡലത്തിൽ വിമർശനത്തിന്റെ യുക്തിസഹമായ ഭാഷയിൽ വി.ടി., എം ആർബി തുടങ്ങിയവരോടൊപ്പം ഇ.എം.എസ് പ്രവർത്തിച്ചു. മനുഷ്യൻ എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നിൽ ആധുനികതയുടെ പുതിയ ലോകങ്ങൾ തുറന്നു. എല്ലാറ്റിനുമുപരിയായി, നമ്പൂതിരി പരിഷ്കരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്ന, ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ള സമപ്രായക്കാരുമായുള്ള അദ്ദേഹത്തിന്റെ ഇടപെടലുകളും പത്രങ്ങളും മാസികകളും വായിക്കുന്ന ശീലവും പൊതുകാര്യങ്ങളിൽ അദ്ദേഹത്തിന് താല്പര്യം ജനിപ്പിച്ചു. ഈ അനുഭവങ്ങളിലൂടെ ഇന്ത്യയിലെ പ്രസ്ഥാനങ്ങളെയും സംഭവങ്ങളെയും ആഗോളതലത്തിൽ ബന്ധിപ്പിക്കുവാനും വിശകലനം ചെയ്യുവാനും ഇ എം എസിനെ സഹായിച്ചു. ഈ അനുഭവങ്ങൾ ഇടതുപക്ഷ ബുദ്ധിജീവി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പിന്നീടുള്ള ഇടപെടലുകൾക്ക് മുന്നോടിയായി.

ഇ എം എസിനെ ആധുനികതയിലേക്ക് നയിച്ച നിർണായക ഘടകം അദ്ദേഹം ജീവിച്ച ചുറ്റുപാടുകളിൽ നിന്നാണ്.





ഇഎംഎസ് ബ്രാഹ്മണൻ എന്ന സ്വത്വത്തെ പുതുക്കിപ്പണിയുകയായിരുന്നു. യാഥാസ്ഥിതികതയ്ക്കെതിരായ പുരോഗമനപരമായ ലക്ഷ്യത്തിനു വേണ്ടിയാണ് ഇഎംഎസ് നിലകൊണ്ടത്. 'മാനവികത', 'ജനാധിപത്യം', 'തൊഴിൽ' തുടങ്ങിയ ആശയങ്ങൾ നമ്പൂതിരി സമുദായത്തിന്റെ ഉന്നമനത്തിനും നവീകരണത്തിനും ഇഎംഎസ് കൂട്ടിച്ചേർത്തു.


## ഭൂപരിഷ്കരണത്തിലേക്കുള്ള അടിത്തറ

മാർക്സിസ്റ്റ് നേതാവ്, ബുദ്ധിജീവി എന്ന നിലയിലേക്ക് വാർത്തെടുക്കുന്നതിൽ ഇഎംഎസിന്റെ ജീവിതത്തിൽ കർഷകർക്കും കാർഷികപ്രശ്നങ്ങൾക്കും പ്രമുഖ സ്ഥാനമുണ്ടായിരുന്നു. 1935-ൽ ഇഎംഎസ് കർഷകരെക്കുറിച്ച് എഴുതിയ ആദ്യ ലേഖനങ്ങളിലൊന്നിൽ രാഷ്ട്രീയപോരാട്ടത്തിലൂടെ അടിസ്ഥാനപരമായ സാമ്പത്തിക പരിവർത്തനത്തിന് ആഹ്വാനം ചെയ്തു. കർഷക പ്രശ്നങ്ങളുമായുള്ള ഇഎംഎസിന്റെ ഇടപെടലുകൾ മലബാർ കുടിയാൻ പരിഷ്കാരങ്ങളെക്കുറിച്ചുള്ള കമ്മിറ്റിയിലെ അംഗത്വത്തോടെ ആണ് തുടങ്ങിയത്. കുട്ടികൃഷ്ണമേനോൻ കമ്മിറ്റി എന്നും അറിയപ്പെടുന്ന ഈ കമ്മിറ്റി മലബാറിൽ കുടിയാൻ പ്രശ്നം പഠിക്കാൻ മദ്രാസ് സർക്കാർ 1938-ൽ രൂപവൽക്കരിച്ചതാണ്. ബ്രിട്ടീഷ് കൊളോണിയലിസത്തിന് മുമ്പ് മലബാറിലെ ഭൂപ്രഭുത്വത്തിന്റെ സ്വഭാവവും പ്രദേശത്തിന്റെ സമ്പദ്വ്യവസ്ഥയിൽ കൊളോണിയലിസത്തിന്റെ സ്വാധീനവും ഇഎംഎസ് വിശകലനം ചെയ്യുകയും ഭൂമിയുടെയും കർഷകരുടെയും മേലുള്ള ഭൂപ്രഭുക്കളുടെ ഏകപക്ഷീയമായ അധികാരം അവ



മലയാളി എന്നുള്ളനിലയിൽ ഏറ്റവും അഭിമാനമാണ്. എല്ലാ കാര്യത്തിലും മുമ്പിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം ഏറ്റവും പ്രകൃതി ഭംഗിയുള്ള ഒരു സംസ്ഥാനമാണ് കേരളം. മലയാളികൾ ഇല്ലാത്ത ഒരു രാജ്യം ഇല്ല എന്ന് തന്നെ പറയാം. നമ്മുടെ സംസ്കാരം എടുത്തു കാട്ടുന്ന ഒരു ഉത്സവമാണ് കേരളീയം.

കെ.എസ്. ചിത്ര, ഗായിക




1930 കളുടെ അവസാനത്തിൽ മലബാറിലെ കാർഷിക പ്രശ്നങ്ങളെക്കുറിച്ചും കർഷക പ്രക്ഷോഭങ്ങളെക്കുറിച്ചും ഇഎംഎസ് ധാരാളം എഴുതി.

സാനിപ്പിക്കുവാൻ ചില ശിപാർശകൾ ചെയ്യുകയും ചെയ്തു. കുട്ടിക്കൃഷ്ണമേനോൻ കമ്മിറ്റി റിപ്പോർട്ടിനോടുള്ള വിയോജന കുറിപ്പ് കേരളസമൂഹത്തെയും സമ്പദ് വ്യവസ്ഥയെയും കുറിച്ചുള്ള തന്റെ വിശകലനത്തിന്റെ തുടക്കമായാണ് ഇഎംഎസ് അടയാളപ്പെടുത്തുന്നത്. തുടർന്നുള്ള ഭൂപരിഷ്കരണത്തിനും കേരളത്തിന്റെ വികസന മാതൃകയ്ക്കും അടിത്തറ പാകിയ ഒരു പ്രധാന രേഖയായിരുന്നു വിയോജനക്കുറിപ്പ്. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ പ്രഭാതത്തിന്റെ പത്രാധിപരെന്ന നിലയിൽ, 1930-കളുടെ അവസാനത്തിൽ മലബാറിലെ കാർഷിക പ്രശ്നങ്ങളെക്കുറിച്ചും കർഷക പ്രക്ഷോഭങ്ങളെക്കുറിച്ചും ഇഎംഎസ് ധാരാളം എഴുതി. കർഷകപ്രശ്നങ്ങളെ കുറിച്ച് എഴുതുക മാത്രമല്ല വിവിധ കർഷക സമരങ്ങൾ അവലോകനം ചെയ്യുകയും ഫ്യൂഡലിസത്തിന്റെ സ്വഭാവം വിശകലനം ചെയ്യുകയും മലബാറിലെ കർഷകരെ സംഘടിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു.



കർഷകരെക്കുറിച്ച് കൂടുതൽ അറിയുന്നത് 1940-ന് ശേഷമാണെന്ന് ഇ.എം.എസ് പറയുന്നുണ്ട്. 1940-1942 ലും 1952 ലും വടക്കൻ മലബാറിലെ കർഷക-തൊഴിലാളികുടുംബങ്ങളുമൊത്തുള്ള തന്റെ ജീവിതം (ഒളിവിൽ പോയ കാലം) ഇ എം എസിനു നിർണ്ണായക അനുഭവമായിരുന്നു. കർഷകജീവിതത്തെ കൂടുതൽ അറിയാനുതകിയ പരിവർത്തനകാലമായിരുന്നു ഇത്.



രാഷ്ട്രീയസ്വത്വങ്ങളുടെ പുതിയ മൂല്യങ്ങൾ ഉയർന്നുവരുന്ന ഒരു നാടായി കേരളത്തെ പുനർവിചിന്തനം ചെയ്യാൻ തന്റെ ബൗദ്ധിക ഊർജ്ജങ്ങളെ അദ്ദേഹം എങ്ങനെ സംയോജിപ്പിക്കുന്നു എന്നതിൽ, പൊതുസമൂഹത്തിന്റെ മാറുന്ന രൂപരേഖകളിൽ ഇഎംഎസ് നടത്തിയ ഇടപെടലുകൾ പ്രസക്തമാകുന്നു. ഒരു മാർക്സിസ്റ്റ് ബുദ്ധിജീവി എന്ന നിലയിൽ ഇഎംഎസിന്റെ പൊതു, രാഷ്ട്രീയ ഇടപെടലുകളും എഴുത്തുകളും വളരെ പ്രസക്തമാണ്. കർഷകപ്രശ്നത്തെക്കുറിച്ചുള്ള ഇഎംഎസിന്റെ രചനകളും ഇടപെടലുകളും പരിഷ്കരണവാദത്തിൽ നിന്നുള്ള മാറ്റത്തെ പ്രതിനിധീകരിക്കുന്നു.

നമ്പൂതിരിമാരെ വയലുകളിലും ഫാക്ടറികളിലും അധ്വാനിച്ച് മനുഷ്യരാകാൻ ഇഎംഎസ് ഉദ്ബോധിപ്പിച്ചു. ഭൂപ്രഭുത്വത്തെ പൊളിച്ച് ഭൂരഹിതകർഷകർക്ക് ഭൂമി പുനർവിതരണം ചെയ്യണമെന്ന് ആഹ്വാനം ചെയ്തു. ഈ രണ്ടു ആഹ്വാനങ്ങളിലും അധ്വാനിക്കുന്ന മനുഷ്യൻ എന്ന ആശയത്തെ മുൻനിർത്തി, ജാതിയെയും സമുദായത്തെയും വർഗത്തിന്റെ പുതിയ സ്വത്വത്തിലേക്ക് മതനിരപേക്ഷമാക്കുന്ന ഒരു സമൂഹത്തിന്റെ കാഴ്ചപ്പാട് ദൃശ്യമാണ്.■

---

ഡോ ചന്തു എസ് 1950കളുടെ അവസാനം വരെ മലയാള പൊതുമണ്ഡലത്തിൽ ഇഎംഎസ് നടത്തിയ ഇടപെടലുകൾ എന്ന വിഷയത്തിൽ ഹൈദരാബാദ് കേന്ദ്ര സർവകലാശാലയിലെ ചരിത്ര വിഭാഗത്തിൽ നിന്നും ഗവേഷണബിരുദം നേടി. ബാംഗ്ലൂർ മൗണ്ട് കാർമൽ കോളേജ് അധ്യാപകനാണ്.



മലയാളി എന്ന നിലയിൽ രണ്ടുകാര്യങ്ങളിൽ ആണ് എനിക്ക് ഏറ്റവും അഭിമാനം. ലോകത്തിൽ എവിടെ ചെന്നാലും കേരളത്തെ അറിയുക വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും കാര്യത്തിലാണ്. അത് മലയാളിക്ക് മാത്രം അവകാശപ്പെട്ടതാണ്. ലോകത്തിലെവിടെയും നിർണ്ണായക സ്ഥാനങ്ങളിൽ മലയാളികൾ ഉണ്ടാകും. ഞാൻ പ്രവർത്തിക്കുന്നത് മലയാള സിനിമയിലാണ് എന്നുള്ളതിലും എനിക്ക് അഭിമാനമുണ്ട്. എക്കാലത്തെയും മികച്ച എഴുത്തുകാരെയും സംവിധായകരെയും അഭിനേതാക്കളേയും സാങ്കേതികവിദഗ്ധരെയും മലയാള സിനിമ സമ്മാനിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ത്രീഡി സിനിമയും ചലച്ചിത്ര അക്കാദമിയും ഒക്കെ ഉണ്ടായത് മലയാളത്തിലാണ്. മലയാളിയായതിൽ ഞാൻ അഭിമാനിക്കുന്നു. ഈ കേരളപ്പിറവിക്ക് സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന കേരളീയത്തിന് മലയാളി എന്ന നിലയ്ക്ക് എല്ലാവിധ മംഗളാശംസകളും.

മോഹൻലാൽ

# ആദ്യം



## ആദ്യ ക്രിസ്മസ് കേക്ക്

ഇന്ത്യയിൽ ‘ആദ്യ’ ക്രിസ്മസ് കേക്ക് ഉണ്ടാക്കിയത് കേരളത്തിൽ. 1880ലാണ് മാമ്പള്ളി ബാപ്പു തലശ്ശേരിയിൽ റോയൽ ബിസ്ക്കറ്റ് ഫാക്ടറി തുടങ്ങിയത്. അവിടേക്ക് ബ്രിട്ടണിൽ നിന്ന് വന്ന മർഡോക്ക് ബ്രൗൺ എന്ന കച്ചവടക്കാരൻ ഒരു കേക്കുണ്ടാക്കി തരാൻ ആവശ്യപ്പെടുന്നു. മ്യാൻമറിൽ നിന്ന് (അന്നത്തെ ബർമ) ബ്രെഡും ബിസ്കറ്റുമുണ്ടാക്കാൻ പഠിച്ച ബാപ്പു, ബ്രൗണിന്റെ നിർദേശങ്ങൾക്കൊപ്പം തന്റേതായ പരീക്ഷണങ്ങളും കൂട്ടിച്ചേർത്ത് കേക്ക് ഉണ്ടാക്കി. അങ്ങനെയാണ് ഇന്ത്യയിൽ ‘ആദ്യത്തെ’ ക്രിസ്മസ് കേക്ക് പിറക്കുന്നത്. 1883ൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ ക്രിസ്മസ് കേക്ക് കേരളത്തിൽ ഉണ്ടായത്.

## ലോകത്തിലെ ഏറ്റവും പുരാതനമായ തേക്കുതോട്ടം

ലോകത്തിലെ ഏറ്റവും പുരാതനമായ തേക്കുതോട്ടം ദൈവത്തിന്റെ സ്വന്തം നാട്ടിലാണ്. മലപ്പുറം ജില്ലയിലെ നിലമ്പൂരുള്ള കനോലി പ്ലോട്ട് ആണിത്. 1840 ൽ ഉണ്ടാക്കിയ ഈ തേക്ക് തോട്ടം 2.31 ഹെക്ടറുകളിലായി വ്യാപിച്ചു കിടക്കുന്നു. തോട്ടം നിർമിച്ച എച്ച്.വി കനോലിയുടെ പേരാണ് പ്ലാന്റേഷനും നൽകിയിരിക്കുന്നത്.



## ഒരേയൊരു മേരി...



നിയമസഭാംഗമായ ഇന്ത്യയിലെ ആദ്യ വനിതയാണ് മേരി പുന്നൻ ലൂക്കോസ്. വൈദ്യബിരുദം നേടിയ ആദ്യ കേരളീയ വനിത, ലോകത്തിലെ തന്നെ ആദ്യ വനിതാ സർജൻസ് ജനറൽ, ഇന്ത്യയുടെ ആദ്യ വനിതാ നിയമസഭാംഗം എന്നീ നിലകളിൽ പ്രശസ്തയാണ് മേരി പുന്നൻ ലൂക്കോസ്. തിരുവിതാംകൂർ ലജിസ്ലേറ്റീവ് കൗൺസിലിലെ ആദ്യ വനിതാ പ്രതിനിധിയും കൂടിയാണ്. റീജന്റ് മഹാറാണി സേതുലക്ഷ്മിഭായിയുടെ കാലത്താണ് ആദ്യമായി ഒരു വനിതയെ തിരുവിതാംകൂർ നിയമ നിർമ്മാണ സഭയിലേക്ക് നോമിനേറ്റ് ചെയ്തത് (1924–1931). വിവിധ കാലയളവുകളിലായി ഏഴുതവണ അവർ നിയമനിർമ്മാണ സഭകളിലുണ്ടായിരുന്നു. 1975 ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു.

## ശിശുസൗഹൃദം കേരളം

ആദ്യ ശിശു സൗഹൃദ സംസ്ഥാനമാണ് കേരളം. മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുകയും മുലയൂട്ടൽ ശിശുക്കളുടെ ആരോഗ്യത്തിന് അത്യാവശ്യമാണെന്ന ബോധവത്കരണം നടത്തുകയും ചെയ്തതിലൂടെയാണ് കേരളത്തിന് 2002 ൽ ലോകത്തിലെ ആദ്യ ശിശു സൗഹൃദ സംസ്ഥാനം എന്ന ബഹുമതി ലഭിച്ചത്.



## ഏത് സേവനവും ഇ–സേവനത്തിലൂടെ




രാജ്യത്തെ ആദ്യ സമ്പൂർണ ഇ-ഗവേണൻസ് സംസ്ഥാനമെന്ന നേട്ടം കേരളം കൈവരിച്ചിട്ടുണ്ട്. പ രമാവധി സർക്കാർ സേവനങ്ങൾ സുതാര്യതയോടെ അതിവേഗം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക ലക്ഷ്യമിട്ടാണ് നടപടി. ഇതിന്റെ ഭാഗമായി ഇ സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിനു രൂപം നൽകി. 885 സേവനങ്ങൾ ഇസേവനം പോർട്ടലിലൂടെ (services.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്.

## രാജ്യത്ത് ആദ്യമായി ട്രാൻസ്ജൻഡർ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളം



ട്രാൻസ്ജൻഡർ വ്യക്തികൾക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ഉറപ്പാക്കുന്നതി നായാണ് കേരള സാമൂഹ്യനീതി വകുപ്പ് നയം രൂപവൽക്കരിച്ചത്. 2015 നവംബർ 13 നാണ് കേരളം ട്രാൻസ്ജൻഡർ ന യം പ്രഖ്യാപിച്ചത്.

## വൈക്കം മുതൽ സ്വാതന്ത്ര്യം വരെ

അയിത്തത്തിനെതിരെ ഇന്ത്യയിൽ നടന്ന ആദ്യ സംഘടിത സമരമാണ് വൈക്കം സത്യഗ്രഹം. കോട്ടയം ജില്ലയിലെ വൈക്കം മഹാദേവക്ഷേത്രം കേന്ദ്രീകരിച്ചാണ് സത്യഗ്രഹം സംഘടിക്കപ്പെട്ടത്. ഗ്രാമവീഥികളായി പ്രഖ്യാപിച്ചിരുന്ന വൈക്കം ക്ഷേത്ര പരിസരത്തുള്ള നിരത്തുകളിൽ സഞ്ചാരവിലക്കുണ്ടായിരുന്ന കാലം. ഇതിനെതിരെ 1924 മാർച്ച് 30 ന് തുടങ്ങി 603 ദിവസം നീണ്ടു നിന്ന സത്യഗ്രഹ പ്രസ്ഥാനമാണിത്. ക്ഷേത്രത്തിലേക്കുള്ള പെ ാതു വഴികളിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും സഞ്ചരിക്കാന



ുള്ള സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതായിരുന്നു ലക്ഷ്യം. ലക്ഷ്യം നേടിയെടുത്താണ് സമരം അവസാനിച്ചത്.



രാജ്യത്തെ ആദ്യ സൂപ്പർ ഫാബ് ലാബ്

രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവകലാശാല

രാജ്യത്തെ ആദ്യ ഗ്രാഫീൻ സെന്റർ


രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക്

രാജ്യത്തെ ആദ്യ വാട്ടർ മെട്രോ

ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന് ഡിജിറ്റൽ പ്ലാറ്റിനം ഐക്കൺ അവാർഡ്

## വാഴപ്പള്ളി ശാസനം

മഹോദയപുരം ആസ്ഥാനമാക്കിയ ചേര (കുലശേഖര) രാജാക്കന്മാരുടേതായി കേരളത്തിൽനിന്നു കണ്ടെടുത്ത ശിലാശാസനമാണ് വാഴപ്പള്ളി ശാസനം. വാഴപ്പള്ളി ശാസനം' ആണ് ഇതുവരെ കണ്ടെടുക്കപ്പെട്ട, മലയാളത്തിന്റെ സ്വത്വഗുണങ്ങൾ കാണിക്കുന്ന ആദ്യത്തെ രേഖ. ശാസനങ്ങളിൽ നിന്നു വെളിപ്പെടുന്ന ആദ്യകുലശേഖരപ്പെരുമാൾ ഈ ശാസനത്തിലെ രാജശേഖര ചക്രവർത്തിയാണ്. അദ്ദേഹത്തിന്റെ 12-ാം ഭരണവർഷത്തിൽ (എ.ഡി. 830) എഴുതപ്പെട്ടു. വാഴപ്പള്ളി മഹാക്ഷേത്ര പരിസരത്ത് നിന്നുമാണ് ശാസനം കണ്ടെത്തിയത്.



# ആധുനിക കേരളത്തിന്റെ പിറവി

പ്രൊഫ. വി കാർത്തികേയൻ നായർ
ചരിത്രകാരൻ





> കുടിയൊഴിപ്പിക്കൽ നിരോധന നിയമവും സമഗ്രമായ കാർഷിക ബന്ധനിയമവുമാണ് കേരളത്തിന്റെ സമഗ്ര വികസനത്തിന്റെ അടിത്തറയായി തീർന്നത്.

കൊളോണിയൽ ആധിപത്യത്തിനും നാടുവാഴിത്തത്തിനും ജന്മിത്തത്തിനും ജാതീയതയ്ക്കുമെതിരെയുള്ള പോരാട്ടത്തിന്റെ ഒരു ഘട്ടമാണ് 1947 ഓഗസ്റ്റ് 15ന് അധികാര കൈമാറ്റത്തിലൂടെ പൂർത്തിയായതും അതിനെ സ്വാതന്ത്ര്യം എന്ന് വിശേഷിപ്പിക്കുന്നതും. ഇന്ത്യൻ സ്വാതന്ത്ര്യ സമരം ഈ നാലു തിന്മകളിൽ നിന്നുള്ള മോചനത്തിനു വേണ്ടിയുള്ളതായിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വം വികസനത്തിന്റെ ഒരു ഘട്ടത്തിൽ പരമാധികാരം ഉണ്ടായിരുന്ന നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷ് സർക്കാരുമായി കരാറുകൾ ഉണ്ടാക്കി സാമന്ത പദവിയിൽ കഴിഞ്ഞു കൊള്ളാമെന്ന് സമ്മതിച്ചു. ഓരോ നാട്ടുരാജ്യത്തിലും റസിഡന്റ് എന്ന പേരിൽ ഒരു ബ്രിട്ടീഷ് ഏജന്റ് പ്രവർത്തിക്കുകയും ചെയ്തിരുന്നു. അധികാര കൈമാറ്റത്തിന് ഇടയാക്കിയ 1947 ജൂലൈയിൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ ഇന്ത്യൻ സ്വാതന്ത്ര്യനിയമത്തിൽ നാട്ടുരാജ്യങ്ങളുമായി മുൻകാലത്ത് ഏർപ്പെട്ടിട്ടുള്ള കരാറുകൾ റദ്ദാക്കുമെന്നും അവ പരമാധികാരരാഷ്ട്രങ്ങളായി തീരുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ വ്യവസ്ഥ ഉപയോഗിച്ചാണ് തിരുവിതാംകൂർ, ഹൈദരാബാദ്, ജൂനഗഢ്, കശ്മീർ എന്നീ നാട്ടുരാജ്യങ്ങൾ സ്വതന്ത്രപദവി അവകാശപ്പെട്ടതും അതിനെതിരെ ഉത്തരവാദഭരണപ്രക്ഷോഭസമരമുണ്ടായതും എന്ന കാര്യം എല്ലാവർക്കും



അറിയാം. പുതുതായി ജനിച്ച ഇന്ത്യയെന്ന സ്വതന്ത്ര രാജ്യത്തോട് 555 നാട്ടുരാജ്യങ്ങളെ കൂടി യോജിപ്പിക്കുകയും അങ്ങനെ നാടുവാഴിത്തം അവസാനിപ്പിക്കുകയും ചെയ്തു. പഴയ രാജാക്കന്മാർ പ്രിവിപ്പഴ്സ് എന്ന പെൻഷൻ വാങ്ങി അധികാരമൊഴിഞ്ഞു അത്തരത്തിൽ നാടുവാഴിത്തവും ഇല്ലാതായതോടുകൂടി




കേരളീയത്തിന്റെ ഭാഗമാകുന്നതിൽ ഏറെ സന്തോഷം.
കേരളീയത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ശങ്കർ മഹാദേവൻ
ഗായകൻ





വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല എന്നതുകൊണ്ടാണ്. ബംഗാളിൽ പങ്കു കൃഷിക്കാരുടെ നേതൃത്വത്തിൽ നടന്ന തേഭാഗാസമരവും തെലങ്കാനയിൽ നടന്ന കർഷക സമരവും ജന്മിത്തം അവസാനിപ്പിക്കാൻ പര്യാപ്തമായിരുന്നില്ല. അതെന്തു കൊണ്ട് കേരളത്തിൽ സാധ്യമായി എന്ന അന്വേഷണം അവസാനിപ്പിക്കുന്നത് കേരള വികസന മാതൃകയുടെ നിർമ്മിതിയിലാണ്. ഒരിക്കൽ നിർമ്മിച്ച മാതൃക അതേപടി നിലനിർത്തുകയെന്നതല്ല മറിച്ച് മാറുന്ന കാലത്തിനനുസരിച്ച് കേരളവും മാറുന്നതും അമാനവീകമായ സാംസ്കാരിക മൂല്യങ്ങളെ ഉച്ചാടനം ചെയ്യുന്നതുമായ ശ്രമകരമായ ജോലി കൂടിയാണ് കേരളീയം കൊണ്ട് ഉദ്ദേശിക്കുന്നത്.

ജന്മിത്തമെന്ന സാമ്പത്തികാടിത്തറമേൽ പടുത്തുയർത്തിയ രാഷ്ട്രീയ സൗധമായിരുന്നു നാടുവാഴിത്തം. ഈ സാമ്പത്തിക -രാഷ്ട്രീയ വ്യവസ്ഥയുടെ സാമൂഹിക രൂപമാണ് ജാതിവ്യവസ്ഥ. ഇത്തരത്തിലുള്ള ത്രിതല വ്യവസ്ഥയ്ക്കുള്ളിൽ 19 -ാം നൂറ്റാണ്ടിന്റെ ആദ്യപാദം മുതൽ വളർന്നു വരാൻ തുടങ്ങിയ മധ്യവർഗത്തിന്റെ പ്രവർത്തനഫലമായിട്ടാണ് ജന്മിത്തത്തിനും ജാതിവ്യവസ്ഥയ്ക്കുമെതിരെയുള്ള കലാപങ്ങളാരംഭിക്കുന്നത്. ഊഴിയ വേലയ്ക്കെതിരായും വസ്ത്രധാരണാവകാശത്തിനു വേണ്ടിയും തെക്കൻ തിരുവിതാംകൂറിൽ ആരംഭിച്ച കലാപം 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാവുമ്പോഴേക്കും അതിശക്തമായ ഒന്നായി തീരുകയും ജന്മിത്തത്തിനും ജാതിവ്യവസ്ഥയ്ക്കും ഉലച്ചിൽ ഉണ്ടാവുകയും ചെയ്തു. ഇത് ശക്തമായി അനുഭവപ്പെട്ടത് തെക്കൻ കേരളത്തിലായിരുന്നു.


അടിമക്കച്ചവടവും അടിമവ്യവസ്ഥയും അവസാനിച്ചത്, ഊഴിയവേല നിർത്തലാക്കിയത്, കർഷകന് ഭൂമിയിൽ ഉടമസ്ഥാവകാശം കിട്ടിയത്, വിദ്യാഭ്യാസ വ്യാപനമുണ്ടായത് തുടങ്ങിയ കാര്യങ്ങൾ ആധുനികതയിലേക്കുള്ള പ്രയാണത്തിലെ നാഴികക്കല്ലുകളായിരുന്നു.

രാഷ്ട്രീയമായി ഇന്ത്യ സ്വതന്ത്രയായി ജന്മിത്തം അവസാനിക്കുന്നു എന്നു പറയാം.

എന്നാൽ ജന്മിത്തവും ജാതീയതയും ശക്തമായി തന്നെ ഇപ്പോഴും ഇന്ത്യയിൽ തുടരുന്നു. അതേസമയം ജന്മിത്തം അവസാനിപ്പിച്ച ഏകസംസ്ഥാനം കേരളമാണ് എന്ന കീർത്തിക്ക് നമ്മൾ ഉടമകളാണ്. അത്തരമൊരു അവസ്ഥയിലേക്ക് കേരളം എത്തിച്ചേർന്നത് കോളനി വിരുദ്ധസമരത്തിനോടൊപ്പം ജന്മിത്തവിരുദ്ധ സമരവും നടത്തിയതുകൊണ്ടാണ്. ജന്മി വിരുദ്ധസമരം ഇന്ത്യയിലെ മറ്റു ചില സംസ്ഥാനങ്ങളിലും നടന്നിരുന്നുവെങ്കിലും അവിടെയൊന്നും സ്വാതന്ത്ര്യാനന്തരം കേരളത്തെ പോലുള്ള കാർഷികബന്ധനിയമങ്ങൾ നടപ്പാക്കാൻ കഴിഞ്ഞില്ല. അതിനു കാരണം ബ്രിട്ടീഷ്വിരുദ്ധ സ്വാതന്ത്ര്യ സമരത്തോടൊപ്പം ജന്മിത്തവിരുദ്ധ കർഷക സമരം

## ആധുനികതയിലേക്കുള്ള പ്രയാണം

അടിമക്കച്ചവടവും അടിമവ്യവസ്ഥയും അവസാനിച്ചത്, ഊഴിയവേല നിർത്തലാ





ക്കിയത്, കർഷകന് ഭൂമിയിൽ ഉടമസ്ഥാവകാശം കിട്ടിയത് (പണ്ടാരപ്പാട്ട വിളംബരം), വിദ്യാഭ്യാസ വ്യാപനമുണ്ടായത് തുടങ്ങിയ കാര്യങ്ങൾ ആധുനികതയിലേക്കുള്ള പ്രയാണത്തിലെ നാഴികക്കല്ലുകളായിരുന്നു. ഇതിന്റെയെല്ലാം പ്രതിഫലനമായിരുന്നു സാമൂഹിക പരിഷ്കരണ സംഘടനകൾ ഉണ്ടായതും വിമർശനബുദ്ധി, അന്വേഷണ ചിന്ത, സമത്വബോധം, വിവേചനത്തിനെതിരായ മനോഭാവം എന്നിത്യാദി നവോത്ഥാന മൂല്യങ്ങൾ ഉദയം ചെയ്തതും. ഇത് രാഷ്ട്രീയ സമരങ്ങളിൽ പ്രതിഫലിക്കുകയും രാഷ്ട്രീയ പ്രബുദ്ധതയിലേക്ക് വികസിക്കുകയും ചെയ്തു ഇതിന്റെ ഭാഗമായാണ് ഐക്യകേരള പ്രസ്ഥാനമുണ്ടായതും ഭാഷാടിസ്ഥാനത്തിലുള്ള കേരള സംസ്ഥാനം 1956 നിലവിൽ വന്നതും.

## ആദ്യ മന്ത്രിസഭ പാകിയ ആധാരശിലകൾ

സംസ്ഥാന നവീകരണത്തിനു ശേഷം നടന്ന പൊതു തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഭൂരിപക്ഷം കിട്ടുകയും ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ നിലവിൽ വരികയും ചെയ്തു. ആ മന്ത്രിസഭയിൽ അംഗങ്ങളായിരുന്നവരെല്ലാം തന്നെ വ്യത്യസ്ത തലങ്ങളിൽ ആണെങ്കിൽ പോലും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരായിരുന്നു. അതിനാൽ തന്നെ ഒരു ക്ഷേമരാഷ്ട്ര നിർമ്മിതിക്കാവശ്യമായ നിയമനിർമാണങ്ങളാണ് ആ മന്ത്രിസഭയുടെ കാലത്തുണ്ടായതും. കുടിയൊഴിപ്പിക്കൽ നിരോധനനിയമം, കാർഷികബന്ധനിയമം, വിദ്യാഭ്യാസനിയമം,



കേരളത്തിന്റെ മഹത്തായ പാരമ്പര്യത്തിനെ അടിസ്ഥാനപ്പെടുത്തി അതിൽ നിന്ന് ഉദയംകൊണ്ട എഴുത്തുകാരനാണ്. ഉയർന്ന സാമൂഹികബോധം, ഉയർന്ന രാഷ്ട്രീയബോധം, സമജീവികളോടുള്ള മനോഭാവം ലിംഗനീതിയെ സംബന്ധിച്ചുള്ള മലയാളികളുടെ ഉത്കണ്ഠകൾ, ഇപ്രകാരത്തിലൊക്കെ വളർന്നു വന്ന ഒരു മനുഷ്യസഞ്ചയം എന്ന നിലയിൽ ലോകത്തിലെമ്പാടുമുള്ള സൂക്ഷ്മമായ രാഷ്ട്രീയ, സാമൂഹിക ജീവിതഗതികളോട് വളരെ ക്രിയാത്മകമായി കാലങ്ങൾക്കുമുമ്പു തന്നെ പ്രതികരിക്കുകയും പ്രതികരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ജനതയാണ് നമ്മൾ മലയാളികൾ.

ജി.ആർ. ഇന്ദുഗോപൻ
നോവലിസ്റ്റും തിരക്കഥാകൃത്തും

സ്ത്രീധനനിരോധന നിയമം എന്നിവ കേരളത്തിന്റെ വികസനചരിത്രത്തിലെ ആധാരശിലകൾ ആയിരുന്നു. ഇവയ്ക്ക് പുറമേ ആ മന്ത്രിസഭയുടെ കാലത്ത് നിയമിച്ച മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടും ഭാവി സർക്കാരുകൾക്ക് അവഗണിക്കാനാവാത്തതായിരുന്നു.

അതിൽ ആദ്യത്തേതാണ് ഇഎംഎസിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഭരണപരിഷ്കാര കമ്മിറ്റിയുടെ റിപ്പോർട്ട്. ഇഎംഎസിന്റെ നേതൃത്വത്തിൽ 1967ൽ രണ്ടാമത് രൂപീകരിച്ച മന്ത്രിസഭയുടെ കാലത്തും റിപ്പോർട്ടിൽ പരമാർശിച്ചിരുന്ന കാര്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു പിൽക്കാലത്ത് ജനകീയ ആസൂത്രണം, അധികാര വികേന്ദ്രീകരണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാസംവരണം, മുതലായ കാര്യങ്ങളിൽ നിയമനിർമ്മാണം നടത്താൻ സർക്കാരുകൾ നിർബന്ധിതമായത്.

രണ്ടാമത്തേത് ഔദ്യോഗിക ഭാഷാകമ്മിഷൻ ആയിരുന്നു. കോമാട്ടിൽ അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ആ കമ്മീഷൻ ഔദ്യോഗിക ഭാഷയായി മലയാളത്തെ മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത അടിവരയിട്ട് പറഞ്ഞു. എന്നാൽ കമ്മിഷന്റെ ശിപാർശകൾ നടപ്പാക്കാൻ അന്ന് കഴിഞ്ഞില്ല പിന്നീട് 1969ൽ ഇഎംഎസിന്റെ രണ്ടാം മന്ത്രിസഭയുടെ

**1956** **നവംബർ 1 ന്, സംസ്ഥാന പുനഃസംഘടന നിയമം നടപ്പിലാക്കിയതോടെ, കൊച്ചി, മലബാർ, തിരുവിതാംകൂർ പ്രദേശങ്ങളും കാസർഗോഡ് മേഖലയും സംയോജിപ്പിച്ച് ഇന്നത്തെ കേരളം സൃഷ്ടിക്കപ്പെട്ടു. 1956 –ൽ കേരളം രൂപീകൃതമായതിനു ശേഷം 1957 –ലാണ് സംസ്ഥാനത്ത് ബാലറ്റിലൂടെ തെരഞ്ഞെടുപ്പ് നടക്കുകയും ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ പ്രഥമ മന്ത്രിസഭ നിലവിൽ വരികയും ചെയ്തത്.**

## മുഖ്യമന്ത്രിമാർ 1957 – 2021

**ഏപ്രിൽ 5, 1957 – ജൂലൈ 31, 1959**
**ഇ.എം.എസ്. നമ്പൂതിരിപ്പാട്**

**ഫെബ്രുവരി 22, 1960 – സെപ്റ്റംബർ 26, 1962**
**പട്ടം എ. താണുപിള്ള**


**സെപ്റ്റംബർ 26, 1962 – സെപ്റ്റംബർ 10, 1964**
**ആർ. ശങ്കർ**

**മാർച്ച് 6, 1967 – നവംബർ 1, 1969**
**ഇ.എം.എസ്. നമ്പൂതിരിപ്പാട്**

**നവംബർ 1, 1969 – ആഗസ്റ്റ് 1, 1970**
**സി. അച്യുതമേനോൻ**

**ഒക്ടോബർ 4, 1970 – മാർച്ച് 25, 1977**
**സി. അച്യുതമേനോൻ**





ഇ.എം.എസ്. നമ്പൂതിരിപ്പാട്




പട്ടം എ. താണുപിള്ള




ആർ. ശങ്കർ




സി. അച്യുതമേനോൻ



കെ. കരുണാകരൻ



എ.കെ. ആന്റണി




പി.കെ. വാസുദേവൻ നായർ



സി.എച്ച് മുഹമ്മദ് കോയ



ഇ.കെ നായനാർ



ഉമ്മൻ ചാണ്ടി



വി.എസ് അച്യുതാനന്ദൻ



പിണറായി വിജയൻ

**മാർച്ച് 25, 1977 – ഏപ്രിൽ 25, 1977**
കെ. കരുണാകരൻ

**ഏപ്രിൽ 27, 1977 – ഒക്ടോബർ 27, 1978**
എ.കെ. ആന്റണി

**ഒക്ടോബർ 29, 1978 – ഒക്ടോബർ 7, 1979**
പി.കെ. വാസുദേവൻ നായർ

**ഒക്ടോബർ 12, 1979 – ഡിസംബർ 1, 1979**
സി.എച്ച് മുഹമ്മദ് കോയ

**ജനുവരി 25, 1980 – ഒക്ടോബർ 20, 1981**
ഇ.കെ നായനാർ

**ഡിസംബർ 28, 1981 – മാർച്ച്17, 1982**
കെ. കരുണാകരൻ

**മെയ് 24, 1982 – മാർച്ച് 25, 1987**
കെ. കരുണാകരൻ

**മാർച്ച് 26, 1987 – ജൂൺ 17, 1991**
ഇ.കെ നായനാർ

**ജൂൺ 24, 1991 – മാർച്ച് 16, 1995**
കെ. കരുണാകരൻ

**മാർച്ച് 22, 1995 – മെയ് 9, 1996**
എ.കെ. ആന്റണി

**മെയ് 20, 1996 – മെയ് 13, 2001**
ഇ.കെ നായനാർ

**മെയ് 17, 2001 – ആഗസ്റ്റ് 29, 2004**
എ.കെ. ആന്റണി

**ആഗസ്റ്റ് 31, 2004 – മെയ് 12, 2006**
ഉമ്മൻ ചാണ്ടി

**മെയ് 18, 2006 – മെയ് 14, 2011**
വി.എസ് അച്യുതാനന്ദൻ

**മെയ് 18, 2011 – മെയ് 20, 2016**
ഉമ്മൻ ചാണ്ടി

**മെയ് 25, 2016 – മെയ് 03, 2021**
പിണറായി വിജയൻ

**മെയ് 20, 2021**
പിണറായി വിജയൻ

കാലത്ത് ആയിരുന്നു അത് സംബന്ധിച്ച ഉത്തരവിറങ്ങിയത്. ഘട്ടം ഘട്ടമായി എല്ലാ ഭരണ വകുപ്പുകളിലും മലയാളം ഔദ്യോഗികഭാഷയാക്കണം എന്നായിരുന്നു തീരുമാനം. സ്കൂൾ വിദ്യാഭ്യാസത്തിലും സർവകലാശാലാവിദ്യാഭ്യാസത്തിലും അധ്യയന മാധ്യമം മാതൃഭാഷയായ മലയാളം തന്നെയായിരിക്കണമെന്ന് സമീപനവും അന്നത്തെ സർക്കാരിൽ ഉണ്ടായിരുന്നു. സർവകലാശാല വിദ്യാഭ്യാസത്തിന് ആവശ്യമായ വൈജ്ഞാനിക പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയായിരുന്നു 1968ൽ ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്.

മൂന്നാമത്തേത് പോലീസ് കമ്മിഷൻ ആയിരുന്നു. ഒരു ക്ഷേമ രാഷ്ട്രത്തിൽ പോലീസ് സേന എങ്ങനെ പ്രവർത്തിക്കണമെന്ന കാഴ്ചപ്പാട് നിർദ്ദേശിക്കാൻ ആയിരുന്നു കമ്മിഷനെ നിയമിച്ചത് സുപ്രീംകോടതിയി



ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ സംരക്ഷിക്കാനും സ്വയം ഒരു വിജ്ഞാനസമൂഹമായി പരിണമിക്കാനും നമ്മുടെ കലാ സാഹിത്യമഹിമകൾ ഉയർത്തിപ്പിടിക്കാനുമുള്ള സന്ദർഭമാകട്ടെ കേരളീയം..

കെ. സച്ചിദാനന്ദൻ
കവി, കേരള സാഹിത്യ അക്കാദമി അധ്യക്ഷൻ



> പെൺകുട്ടികളുടെ വിദ്യാഭ്യാസമായിരുന്നു വാസ്തവത്തിൽ കേരള വികസന മാതൃകയ്ക്ക് അടിത്തറ ഇട്ടത്

ലെ അഭിഭാഷകനായിരുന്ന എൻ സി ചാറ്റർജിയുടെ നേതൃത്വത്തിലുള്ള തായിരുന്നു കമ്മിഷൻ. ബ്രിട്ടീഷ് ഭരണത്തിന് കീഴിലും നാടുവാഴിത്ത ഭരണത്തിൽ കീഴിലും ജനവിരുദ്ധമായ മർദ്ദകനയം സ്വീകരിച്ചിരുന്നു പോലീസ് സേനയെ ഒരു സ്വതന്ത്ര രാഷ്ട്രത്തിലെ ജനസൗഹൃദ പോലീസ് ആക്കി മാറ്റുക എന്നത് ശ്രമകരമായ ജോലിയായിരുന്നു. പ്രസ്തുത റിപ്പോർട്ട് അപ്പാടെ നടപ്പാക്കാൻ ആയില്ലെങ്കിലും ജനവിരുദ്ധ പോലീസിനെ ജനമൈത്രി പോലീസ് ആക്കി മാറ്റുന്നതിൽ കേരളം വിജയിച്ചിട്ടുണ്ട്.

## കാർഷികബന്ധ നിയമത്തിന്റെ പ്രാധാന്യം

കുടിയൊഴിപ്പിക്കൽ നിരോധന നിയമവും സമഗ്രമായ കാർഷിക ബന്ധനിയമവുമാണ് കേരളത്തിന്റെ സമഗ്ര വികസനത്തിന്റെ അടിത്തറയായി തീർന്നത്. മഹാഭൂരിപക്ഷം ജനങ്ങളും കർഷകരെന്ന നിലയിലും കർഷക തൊഴിലാളികൾ എന്ന നിലയിലും ജീവിച്ചിരുന്ന കേരളത്തിൽ മേൽപ്പറഞ്ഞ നിയമങ്ങൾ സാമൂഹിക പുരോഗതിയുടെ ചാലകശക്തിയായി തീരുകയായിരുന്നു. ഈ നിയമം വഴി 36 ലക്ഷം പാട്ടക്കുടിയാൻമാരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും അത്തരത്തിൽ ലഭിച്ച സമ്പത്ത് മക്കളുടെ വിദ്യാഭ്യാസത്തിനായി വിനിയോഗിക്കുകയും ചെയ്തു. ഹൈസ്കൂൾ ക്ലാസുകളിൽ അന്ന് പ്രതിമാസം ആറ് രൂപ ഫീസ് കൊടുക്കണമായിരുന്നു. ഒരു പറനെല്ലിന് മൂന്നു രൂപയും ഒരു നാളികേരത്തിന് രണ്ടണയും (12 പൈസയും) വിലയുണ്ടായിരുന്ന അക്കാലത്ത് കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് രക്ഷിതാക്കൾക്ക് താങ്ങാൻ ആവുന്നതായിരുന്നില്ല. എന്നാൽ അന്യായപ്പാട്ടം അവസാനിപ്പിച്ച് മര്യാദ പാട്ടം ഏർപ്പെടുത്തിയപ്പോൾ രക്ഷിതാക്കൾക്ക് അത് ആശ്വാസമാവുകയും ഹൈസ്കൂൾ ക്ലാസുകളിൽ ചേരുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടാവുകയും ചെയ്തു. എസ്എസ്എൽസി പാസാവുന്നവരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് കോളേജ് വിദ്യാഭ്യാസരംഗത്ത് സമ്മർദ്ദം ഉണ്ടാക്കി. അതിന്റെ ഫലമായി 1964 –1965 അധ്യയനവർഷത്തിൽ 43 ജൂനിയർ കോളേജുകൾ കേരളത്തിൽ ആരംഭിച്ചു. അവയിൽ ഭൂരിപക്ഷവും ഗ്രാമീണ മേഖലയിലായിരുന്നു ഉന്നത വിദ്യാഭ്യാസ സൗകര്യം ഗ്രാമീണ മേഖലയിലെത്തിയത് പെൺകുട്ടികൾക്കും ആ രംഗത്ത് പ്രവേശിക്കാൻ അവസരം ഒരുക്കി. പെൺകുട്ടികളുടെ വിദ്യാഭ്യാസമായിരുന്നു വാസ്തവത്തിൽ കേരള വികസന മാതൃകയ്ക്ക് അടിത്തറ ഇട്ടത്.

കേരള വികസന മാതൃക എന്ന് വിശേഷിപ്പിക്കപ്പെട്ട പ്രതിഭാസത്തിന്റെ പ്രത്യേകതകൾ ആയിരുന്നു ജനന നിരക്ക് കുറഞ്ഞത്, ശിശു മരണനിരക്ക് കുറഞ്ഞത്, ആയുർദൈർഘ്യം വർധിച്ചത്. പൊതുവിദ്യാഭ്യാസം. പൊതുജനാരോഗ്യം. പൊതുവിതരണം. പൊതുഗതാഗതം. ഊർജവിതരണം.

കുടിവെള്ളവിതരണം എന്നിവകളിലെ വ്യാപനം മുതലായവ. ഇതിന്റെ ഏറ്റവും ഒടുവിലത്തെ നേട്ടമായിരുന്നു 1990ൽ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം. തീരദേശത്തും മലയോര പ്രദേശങ്ങളിലുമുള്ളവർക്കും വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും ഗുണഫലങ്ങൾ എത്തിച്ചുകൊടുക്കാൻ സാധിച്ചു അതോടൊപ്പം തന്നെ ആരോഗ്യപരിരക്ഷ, ഗതാഗത സൗകര്യം എന്നിത്യാദികളിലും നേട്ടം കൈവരിക്കാൻ സാധിച്ചു.

സമഗ്രമായ കാർഷിക ബന്ധനിയമവും ജന്മിത്തം അവസാനിപ്പിച്ചതും ആണ് കേരളത്തിലെ ജാതി വിവേചനം ഇല്ലാതാക്കാനും ജനസൗഹാർദം ഊട്ടിയുറപ്പിക്കാൻ സാധിച്ചത്. ജന്മിത്തം ഇല്ലായതോടുകൂടി അതിന്റെ സാമൂഹിക വ്യവസ്ഥയായ ജാതി ദുർബലമായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർ



ധത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലും നടപ്പാക്കിയ ചില ഭൂപരിഷ്കരണ നിയമങ്ങൾ ഒരു സ്വതന്ത്ര കർഷക വർഗത്തെ സൃഷ്ടിപ്പിക്കുന്നതിന് കാരണമായി. അതോടൊപ്പം തന്നെ സ്വദേശിയും വിദേശിയുമായ മൂലധന നിക്ഷേപം ജാതിക്കതീതമായ തൊഴിൽ ശക്തിയുടെ വളർച്ചയ്ക്കും കാരണമായി. മലയ, സിംഗപ്പൂർ, ബർമ്മ, ചില ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലും നാണ്യവിളത്തോട്ടങ്ങളിലും തുറമുഖങ്ങളിലും യന്ത്രവൽകൃത വ്യവസായങ്ങളിലും തൊഴിലവസരങ്ങൾ ഉണ്ടായപ്പോൾ ജാതി ഉപേക്ഷിച്ച് ആയിരക്കണക്കിന് ആളുകൾ അവിടേക്ക് കുടിയേറി. ഇത് ജാതിവ്യവസ്ഥ ദുർബലമാകാനിടയാക്കി. സ്വതന്ത്ര മനുഷ്യന്റെ പിറവിക്ക് ഇത് കാരണമായി. വിശ്വ മഹാമതങ്ങളെല്ലാം കേരളത്തിൽ എത്തിയിട്ടുണ്ട്. യഹൂദ മതം, ക്രിസ്തുമതം, ഇസ്ലാം മതം, ജൈന, ബുദ്ധ, ബ്രാഹ്മണ മതങ്ങളെല്ലാം കേരളത്തിൽ എത്തുകയും അവയിലേക്ക് കേരളീയ വിശ്വാസികളായി ചേരുകയും ചെയ്തു. ഈ മതവിശ്വാസികൾ തമ്മിൽ കലഹമോ, കലാപങ്ങളോ നടന്നിട്ടില്ല. അതുകൊണ്ടാണ് കേരളത്തിൽ സഹിഷ്ണുതയും സാഹോദര്യവും വളർന്നു വരാനും ഇപ്പോഴും തുടരാനും സംഗതിയായത്. ആസ്തികരും നാസ്തികരും പരസ്പരവൈരമില്ലാതെ ഇവിടെ ജീവിക്കുന്നു.

ആശാരിയും മൂശാരിയും കൊല്ലനും ചേർന്നുണ്ടാക്കിയ കോവിലുകളിലാണ് ദേവകളെ കുടിയിരുത്തിയത്. അവർ പണിത മാളികകളിലാണ് നാടുവാഴികളും ജന്മിമാരും പാർത്തിരുന്നത്. വസ്ത്രം നെയ്തവരും എണ്ണയാട്ടിയവരും കുട്ടയും വട്ടിയും ഉണ്ടാക്കിയവരും പൊന്നിന്റെ നിറമുള്ള നെല്ല് വിളയിച്ചവരും കൊയ്തെടുത്തവരും ചേർന്നാണ് ഓണവും വിഷുവും ആഘോഷിച്ചത്. രാമനാട്ടവും കൃഷ്ണനാട്ടവും കൂത്തും കൂടിയാട്ടവും കഥകളിയും തെയ്യവും തിറയും വെളിച്ചപ്പാടും എല്ലാം ചേർന്ന് കേരളത്തെ ഉത്സവപ്പറമ്പാക്കി. അവരെല്ലാം തങ്ങളുടെ സ്വത്വം നില നിർത്തിക്കൊണ്ടുതന്നെ ഇപ്പോഴും സഹിഷ്ണുതയോടെ സഹവസിക്കുന്നു.■



കേരളം, മലയാളി എന്നെല്ലാം കേൾക്കുമ്പോൾ അല്ലെങ്കിൽ മലയാളഭാഷ കേൾക്കുമ്പോൾ സാമൂഹികമായി മുന്നേറ്റം കൈവരിച്ച ഒരു പ്രദേശത്തെയാണ് ഓർമ്മ വരിക. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലുള്ളതു പോലെ വിവിധ ജാതിമത വിഭാഗങ്ങൾ തമ്മിൽ സ്പർധയോ ധ്രുവീകരണമോ ഇല്ലാതെ ജനങ്ങൾ ജീവിക്കുന്ന സംസ്ഥാനം.

സാമൂഹിക മുന്നേറ്റത്തിനും മാനുഷിക പരിഗണനയ്ക്കും മുൻഗണന നൽകുന്നതാണ് വികസനത്തിന്റെ കേരള മാതൃക. കേരളീയം എന്ന ആശയം ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങൾ താത്പര്യപൂർവ്വം കാണേണ്ട മാതൃകയാണ്, സമീപനമാണ്. തികച്ചും ആവേശകരമായ പരിപാടിയാണ് കേരളീയം. കേരളീയത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. തുടർപതിപ്പുകളുണ്ടെങ്കിൽ തീർച്ചയായും കേരളീയത്തിന്റെ ഭാഗമാകും.

സിദ്ധാർഥ് വരദരാജൻ
മാധ്യമപ്രവർത്തകൻ



ആദ്യ മന്ത്രിസഭാംഗങ്ങൾ

# കേരളം ഓർമ്മച്ചിത്രങ്ങൾ

ഫോട്ടോ: പി ആർഡി ഫോട്ടോ ആർക്കൈവ്സ്, ബി.ജയചന്ദ്രൻ



1957ഏപ്രിൽ 5ന് ഇ.എം.എസ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു. ബി. ആർ റാവു ആണ് ഗവർണ്ണർ



യൂണിവേഴ്സിറ്റി കോളേജ് (പഴയകാല ചിത്രം)





ഇ.എം.എസ്സും എ.കെ.ജിയും




ഇ.എം.എസ്സ് ദർബാർഹാളിൽ ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുന്നു





ഏഷ്യാഡ് വിജയത്തിനു ശേഷം പി.റ്റി ഉഷയ്ക്കും മറ്റു ജേതാക്കൾക്കും നൽകിയ സ്വീകരണം



പ്രധാനമന്ത്രി നെഹ്റുവുനൊപ്പം ചിത്തിരതിരുനാൾ ബാലരാമവർമ്മയും പരീക്ഷിത്ത് തമ്പുരാനും (കൊച്ചി)



ആകാശവാണി



ദൂരദർശൻ സംപ്രേക്ഷണം ഉദ്ഘാടനം



▲ ശ്രീമൂലം പ്രജാസഭയോഗം

▼ തിരുകൊച്ചി രൂപവൽക്കരണം






തിരുവനന്തപുരം വിമാനത്താവളം



ഇടുക്കി ഡാം



കെ എസ് ആർ ടി സി







കൊല്ലം ബോട്ട്ജെട്ടി



കലാമണ്ഡലം



മഹാത്മാഗാന്ധി പത്മനാഭസ്വാമിക്ഷേത്രം സന്ദർശിച്ചപ്പോൾ



കോഴിക്കോട് ബീച്ച്



# കേരളം ഇന്നലെ ഇന്ന് നാളെ



ഭൂപരിഷ്കരണവും ഭരണപരിഷ്കാരവുമാണ് കേരളസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന മുഖ്യപരിഷ്കാരങ്ങൾ ഐക്യകേരളത്തിന്റെ ആദ്യമുഖ്യമന്ത്രി ഇഎംഎസ് നമ്പൂതിരിപ്പാട് 1959 ൽ പറഞ്ഞു. ഇന്ത്യയിലെ ഒരു കൊച്ചുസംസ്ഥാനമാണെങ്കിലും അന്നുതൊട്ടിന്നോളം കേരളം കൈവരിച്ച നേട്ടങ്ങളും അതിനാധാരമായ പുരോഗമനനയങ്ങളും ലോകശ്രദ്ധതന്നെ നേടി. ആദ്യസർക്കാരിന്റെ കാലം മുതൽ കേരളത്തിന്റെ ഈ മുന്നേറ്റത്തിന് കാരണമായ നയങ്ങളും പദ്ധതികളും അറിയാം...

## ഭൂപരിഷ്കരണം
## കൃഷിഭൂമി കർഷകർക്ക്



മനുഷ്യരെ മനുഷ്യരായി കാണാതിരുന്ന ഒരു കാലത്തോട് കലഹിച്ചാണ് ആധുനികകേരളം രൂപപ്പെട്ടത്. അതിലെ പ്രധാന ചാലകശക്തി യായായി ഭൂപരിഷ്കരണ നിയമം.

കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെഴുതിയ ഭൂപരിഷ്കരണം ജാതിവാഴ്ചയുടെയും ജന്മിത്തത്തിന്റെയും നുകങ്ങളിൽ നിന്നും അധഃസ്ഥിത ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിച്ചതിൽ പ്രധാന പങ്കുവഹിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനും പത്ത് വർഷം മുമ്പ് കേരളത്തിലെ കർഷകത്തൊഴിലാളികളുടെ ദയനീയ ചിത്രം വരച്ചിട്ട കവിതയായിരുന്നു ചങ്ങമ്പുഴയുടെ വാഴക്കുല. ആ കവിതയിലെ വരികളേക്കാൾ ദയനീയമായിരുന്നു അന്നത്തെ കേരളത്തിലെ സ്ഥിതി. ജന്മിമാരുടെ അടിച്ചമർത്തലിന് എതിരെ കേരളത്തിൽ നടന്ന നിരവധി പോരാട്ടങ്ങളുണ്ട്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടും ഇത്തരം പോരാട്ടങ്ങൾ സജീവമായി ഉയർന്നുവന്നിരുന്നു.

കേരളത്തിലെ ഭൂവുടമബന്ധങ്ങൾക്ക് ഏകമാനസ്വഭാവമില്ലായിരുന്നു. ഭൂമിയുടെ ഉടമസ്ഥരും എന്നാൽ ഭൂമിയിൽ പണിയെടുക്കാത്തവരുമായ ജന്മിമാർ, ഭൂമി പാട്ടത്തിന് എടുത്തോ സ്വന്തം ഭൂമിയിലോ കൃഷി ചെയ്യുന്ന കൃഷിക്കാർ, ഭൂരഹിതരായ കർഷകത്തൊഴിലാളികൾ. ഇങ്ങനെ മൂന്ന് വിഭാഗക്കാർ കാർഷികമേഖലയിൽ ഉണ്ടായിരുന്നു. മണ്ണിൽ വിയർപ്പൊഴുക്കുന്ന കർഷകർക്ക് ഭൂമിയിൽ അവകാശമില്ലാതിരുന്ന അവസ്ഥമാറി സമ്പത്തിന്റെ നീതിപൂർവകമായ വിതരണമാണ് ഭൂപരിഷ്കരണത്തിലൂടെ യാഥാർഥ്യമായത്. കേരള വികസനമാതൃകയ്ക്ക് അടിത്തറ പാകിയ ആ മുന്നേറ്റം സ്വാതന്ത്ര്യത്തിനു ശേഷം കേരളം കണ്ട ഏറ്റവും വലിയ സാമൂഹിക പരിവർത്തനമായി. ഭൂമിയുടെ ഉടമസ്ഥതയും കൈവശാവകാശവും നിർണയിക്കുന്ന സമ്പ്രദായത്തിൽ മാറ്റം വന്നു. കൈവശഭൂമിക്ക് പരിധി നിശ്ചയിക്കുക, ഭൂവിതരണം പുനഃക്രമീകരിക്കുക, കൈമാറ്റം നിയന്ത്രിക്കുക എന്നിവയായിരുന്നു ലക്ഷ്യം. യഥാർഥത്തിൽ കാർഷിക പരിഷ്കരണമാണ് നടന്നത്.

1957 ൽ ആദ്യ ഇഎംഎസ് സർക്കാർ അധികാരമേറ്റപ്പോൾതന്നെ കുടിയൊഴിപ്പിക്കൽ നിരോധിച്ചു നിയമം പാസാക്കി. തുടർന്ന് കടാശ്വാസം, അക്രമപ്പിരിവുകൾ അവസാനിപ്പിക്കൽ, ചമയങ്ങൾക്കുള്ള നഷ്ടപരിഹാരം തുടങ്ങിയ ഉത്തരവുകൾ വന്നു. ഇതിനെ

തുടർന്നാണ് സമഗ്രമായ കാർഷിക നിയമം അവതരിപ്പിച്ചത്. മര്യാദപ്പാട്ടം താഴ്ത്തി നിശ്ചയിച്ചു. അതിന്റെ നിശ്ചിതമടങ്ങ് വില നല്കിയാൽ കൃഷിക്കാരന് ഭൂമി ഉടമസ്ഥനാകാം. അതോടൊപ്പം വ്യക്തിക്ക് 7.5 ഏക്കറും കുടുംബത്തിന് 15 ഏക്കറും ഭൂപരിധി നിശ്ചയിച്ചു. 7.5 ലക്ഷം ഹെക്ടർ മിച്ചഭൂമി ഉണ്ടാകുമായിരുന്നു. ഇത് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമിയായി നല്കും. അതായിരുന്നു കാർഷിക നിയമത്തിന്റെ ഉള്ളടക്കം. ആസൂത്രണ കമ്മിഷന്റെ നിർദേശപ്രകാരം തോട്ടവിളകളെ ഭൂപരിഷ്കരണത്തിൽ നിന്നും ഒഴിവാക്കേണ്ടിവന്നു.

1968 ലാണ് സമഗ്രമായ ഭൂപരിഷ്കരണ നിയമം പാസ്സായത്.

തുടർന്ന് 1967 ലെ ഇ എം എസ് സർക്കാർ വീണ്ടും സമഗ്രമായ ഭൂപരിഷ്കരണ നിയമത്തിനു രൂപം നൽകുവാൻ നടപടി സ്വീകരിച്ചു. 1968 ലാണ് സമഗ്രമായ ഭൂപരിഷ്കരണ നിയമം പാസ്സായത്.

ഭൂപരിഷ്കരണത്തിനു മുന്പ് 1966-67 ൽ കേരളത്തിൽ 12.7 ലക്ഷം കുടിയാന്മാരുണ്ടായിരുന്നു. പിന്നീട് ഈ വൻകിട ഭൂവുടമകൾ ഇല്ലാതായി.കൃഷി ഭൂമി ജന്മിമാരിൽ നിന്നും കൃഷിക്കാരുടെ കൈകളിലെത്തി. കേരളത്തിലെ ഭൂവുടമ ബന്ധങ്ങളിലും ജാതി വേർതിരിവുകളിലും കർഷകത്തൊഴിലാളികളുടെ ആത്മവിശ്വാസത്തിലും സാമൂഹിക, വിദ്യാഭ്യാസ, ആരോഗ്യ പുരോഗതിയിലും നിർണായകമാറ്റങ്ങൾ വന്നു. ഇന്ന് സമഗ്ര കാർഷിക പരിഷ്കാരത്തിലൂന്നി കാർഷികമേഖലയെ വീണ്ടെടുത്തും മുഴുവൻ ഭൂരഹിത, ഭവനരഹിതർക്കും ഭൂമി ലഭ്യമാക്കുന്നതിനു ലൈഫ് പോലുള്ള പദ്ധതികൾ നടപ്പാക്കിയും പുതിയ വിഹായസ്സിലേക്കുള്ള പ്രയാണത്തിലാണ് കേരളം.

## പൊതുവിദ്യാഭ്യാസം
## നാട് ഏറ്റെടുത്ത പൊതുവിദ്യാലയങ്ങൾ

കേരളത്തിലെ ആദ്യ മന്ത്രിസഭ അധികാരത്തിലെത്തുന്ന കാലത്ത് പോലും പരിതാപകരമായിരുന്നു അധ്യാപകരുടെയും കേരളത്തിലെ വിദ്യാലയങ്ങളുടെയും വിദ്യാർഥികളുടെയും അവസ്ഥ. കാരൂർ നീലകണ്ഠപ്പിള്ളയുടെ പൊതിച്ചോർ എന്ന കഥ കേരളത്തിലെ അക്കാലത്തെ അധ്യാപകരുടെ ദയനീയസ്ഥിതി വ്യക്തമായി വരച്ചിടുന്നതായിരുന്നു. അധ്യാപകരെയും വിദ്യാർഥികളെയും വിദ്യാഭ്യാസത്തെയും കൈപിടിച്ചുയർത്തുന്നതിൽ വലുതും നിർണായകവുമായ പങ്ക് വഹിച്ചതായിരുന്നു കേരളത്തിലെ ആദ്യ മന്ത്രിസഭയുടെ കാലത്ത് വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യസ ബിൽ. അന്ന് മുതൽ ഇങ്ങോട്ട് കേരളം വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കൊയ്തെടുത്തു.

സാർവത്രിക വിദ്യാഭ്യാസം നടപ്പാക്കിയ കേരളം, ഉന്നത വിദ്യാഭ്യാസ രംഗത്തും ഗവേഷണ രംഗത്തും മികവ് തെളിയിച്ചു. ലോകത്തെമ്പാടും കേരളത്തിലെ സ്കൂളുകളിലും കോളജുകളിലും പഠിച്ചിറങ്ങിയ വിദ്യാർഥികൾ അവരുടെ കഴിവുകൾ തെളിയിച്ച് മുന്നേറി.



ഇടയ്ക്ക് ഇടറിപ്പോയ ആ പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് 2016 മുതൽ കേരളം തിരിച്ചുപിടിക്കാൻ തുടങ്ങി. പൊതുവിദ്യാഭ്യാസയജ്ഞവും പിന്നീട് വിദ്യാകിരണവും അതിലേക്കുള്ള പാതകളായി.

കഴിഞ്ഞ രണ്ടു വർഷത്തിനിടെ കേരള സ്കൂൾ മേഖല മികച്ച വിജയമാണ് കൈവരിച്ചത്. സ്മാർട്ട് ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ ലാബുകൾ തുടങ്ങിയ ഉയർന്ന നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം കൂടുതൽ അധ്യാപകരെ നിയമിക്കുന്നതും നൂതനമായ അധ്യാപന രീതികൾ അവതരിപ്പിക്കുന്നതും കേരളത്തിന്റെ വിദ്യാഭ്യാസമേഖലയുടെ മേന്മ കൂട്ടി.




പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി 2021 മുതൽ 2023 വരെ ആകെ 260 കെട്ടിടങ്ങൾ പൂർത്തിയാക്കി. 450 കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്നു.

വിദ്യാകിരണം പദ്ധതി വഴി 47613 ലാപ്ടോപ്പുകളും ഹൈടെക് പദ്ധതി വഴി 16500 ലാപ്ടോപ്പുകളും രണ്ടു വർഷത്തിനുള്ളിൽ നൽകി. കൂടാതെ 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കി.

12037 സർക്കാർ/എയിഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി മുതൽ എട്ടാം ക്ലാസ്സു വരെയുള്ള 30 ലക്ഷത്തോളം കുട്ടികൾക്ക് ഉച്ചഭക്ഷണം മുടങ്ങാതെ നൽകി വരുന്നു.

സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കായി 45 കോടി രൂപയുടെ പാക്കേജ് അനുവദിച്ചു.

വിവിധ കാരണങ്ങളാൽ സ്കൂളിൽ എത്താൻ കഴിയാത്ത കുട്ടികളെ സ്പെഷ്യൽ ട്രെയിനിംഗ് വഴി പഠനം ഉറപ്പു വരുത്തുന്ന പദ്ധതി നടപ്പിലാക്കി.

ഒന്ന്, രണ്ട് ക്ലാസ്സുകൾക്കായി അടിസ്ഥാന ഗണിതശേഷി വികസന പരിപാടി ഉല്ലാസഗണിതം നടപ്പാക്കി

ഗോത്ര വിഭാഗത്തിലുള്ള കുട്ടികൾക്ക് പഠന പിന്തുണ നൽകാൻ 60 ഊരു വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.



ഞാൻ ഈ കേരളത്തിൽ തന്നെ പഠിച്ചുവളർന്ന സാധാരണ സർക്കാർ സ്കൂളുകളിൽ സ്കൂൾ വിദ്യാഭ്യാസം നേടിയ കേരളത്തിൽനിന്ന് എഞ്ചിനീയറിങ് പാസായ ഒരാളാണ്. സ്പേസ് മേഖലയിൽ പ്രവർത്തിക്കാൻ കഴിഞ്ഞതാണ് ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം. ഒരു ഭാരത പൗരൻ എന്നതിലപ്പുറം ഒരു കേരളീയൻ എന്ന നിലയിലും ഞാൻ വളരെ അഭിമാനിക്കുന്നു. കേരളത്തിന്റെ തനതായ നേട്ടങ്ങൾ, പ്രത്യേകിച്ചും വിദ്യാഭ്യാസമേഖലയിലും ആരോഗ്യത്തിലും സ്ത്രീപുരുഷ സമത്വത്തിലും തൊഴിലിടങ്ങളിലും ജീവിതത്തിന്റെ സകല തുറകളിലും കേരളം കൈവരിച്ച പുരോഗതി അഭിമാനാർഹമായ ഒന്നാണ്.

എസ്. സോമനാഥ്
ഐ.എസ്.ആർ.ഒ. ചെയർമാൻ

ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കി.

ഡിജിറ്റൽ സാക്ഷരതാ പദ്ധതിയായ ഇ-മുറ്റം കൊണ്ടു വന്നു.

സ്പോർട്സിന് പ്രാധാന്യം നൽകി ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് ആരംഭിച്ചു

പഠനത്തോടൊപ്പം തൊഴിൽ - കർമ്മചാരി പദ്ധതി നടപ്പിലാക്കി.

7077 സ്കൂളുകളിലെ 10 ലക്ഷത്തോളം കുട്ടികൾക്കായി 42.08 ലക്ഷം മീറ്റർ സൗജന്യ കൈത്തറി തുണി വിതരണം ചെയ്തു.

## പൊതുജനാരോഗ്യം വികസിതരാജ്യങ്ങൾക്കൊപ്പം

കേരളത്തിന്റെ ആരോഗ്യരംഗം ആരോഗ്യ സൂചകങ്ങളിലും പൊതുജനാരോഗ്യനില വാരത്തിലും ലോകത്തിലെ മികച്ച വിക സിതരാജ്യങ്ങൾക്കൊപ്പം തലയുയർത്തി നിൽക്കുകയാണ്. ചരിത്രപരമായി കേരളം ആരോഗ്യരംഗത്ത് കാര്യക്ഷമമായ ഇടപെ ടൽ നടത്തിയിട്ടുണ്ട്. ഐക്യകേരളത്തിലെ ആദ്യസർക്കാർ മുതൽ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ തുക നീക്കി



വെച്ചിട്ടുണ്ട്. നാട്ടുരാജ്യങ്ങളിൽ പലയിടത്തും ആരോഗ്യപ്രവർത്തനങ്ങൾക്ക് ആധുനികമുഖം നൽകാൻ ശ്രമം നടന്നിരുന്നു. അതിനെ ജനകീയമാക്കിയത് കേരളത്തിൽ തിര ഞ്ഞെടുത്ത ജനാധിപത്യ സർക്കാരുകളുടെ കാലത്താണ്.

വസൂരി, കോളറ, ക്ഷയം, കുഷ്ഠം എന്നിങ്ങ നെ കേരളത്തിൽ മരണം വിതച്ച നിരവധി രോഗങ്ങളെ ഉന്മൂലനം ചെയ്യാൻ കേരള ത്തിലെ സജീവവും അടിസ്ഥാനപരവുമായ ആരോഗ്യപ്രവർത്തനങ്ങൾക്ക് സാധിച്ചു. രോഗം, മരുന്ന് , ചികിത്സ എന്നീ കാഴ്ചപ്പാ ടിനപ്പുറം ശുദ്ധമായ കുടിവെള്ളം, ശക്തമായ പൊതുവിതരണ സമ്പ്രദായം, കുടുംബാസൂ ത്രണം, മെച്ചപ്പെട്ട വേതനനിലവാരം, തൊ ഴിൽപരമായ അവകാശങ്ങൾ, വിദ്യാഭ്യാസം, പ്രത്യേകിച്ച് സ്ത്രീ വിദ്യാഭ്യാസം എന്നിങ്ങ നെയുള്ള സാമൂഹികനേട്ടങ്ങൾ കേരളത്തിലെ ആരോഗ്യരംഗം ലോകനിലവാരത്തിലെത്തിക്കു ന്നതിൽ പ്രധാന പങ്ക് വഹിച്ചു. കേരളത്തിലെ ഏത് പ്രദേശത്തും അടിസ്ഥാന ചികിത്സാസൗ കര്യം ലഭ്യമാക്കാൻ സാധിച്ചത് കേരളത്തിലെ പൊതുജനാരോഗ്യത്തെ ശക്തിപ്പെടുത്തുന്ന തിൽ നിർണ്ണായകമായി മാറി.

വികസന സൂചികകളിൽ കേരളത്തെ ലോ കം അടയാളപ്പെടുത്തിയത് ആരോഗ്യരംഗത്ത് കഴിഞ്ഞ 67 വർഷത്തിനിടയിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ കൊണ്ടാണ്. ഗ്രാമ-നഗര വ്യത്യാസങ്ങളില്ലാ തെ കേരളത്തിൽ എല്ലായിടത്തും ആരോഗ്യ സംവിധാനങ്ങൾ കേരളം ഉറപ്പാക്കിയിട്ടുണ്ട്. 1980-81 കാലഘട്ടത്തിൽ 746 ആശുപത്രികളി ലായി 32,447 കിടക്കകളാണ് ഉണ്ടായിരുന്നതെ ങ്കിൽ 2021-22-ൽ 1477 ആശുപത്രികളിലായി 58,828 കിടക്കകളായി വർധിച്ചു.

ശിശുമരണനിരക്കിലും മാതൃമരണനിര ക്കിലും സ്ത്രീ പുരുഷ അനുപാതത്തിലും ആയുർദൈർഘ്യത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ മുന്നിലാണ്. അടിസ്ഥാന സൗകര്യവികസന ത്തിലൂടെ ആരോഗ്യകേന്ദ്രങ്ങൾ ശക്തമാക്കി പൊതുജനാരോഗ്യശൃംഖലയെ ആധുനികവൽ ക്കരിച്ച് രോഗീസൗഹൃദമാക്കുക എന്ന ദൗത്യ മാണ് സംസ്ഥാനം ഏറ്റെടുത്തിരിക്കുന്നത്.

ആരോഗ്യസൂചികകളുടെ കാര്യത്തിൽ ഇന്ത്യ യിൽ കേരളം എല്ലാക്കാലവും ഒന്നാം സ്ഥാനം നിലനിർത്തുന്നു. വികസിതരാജ്യങ്ങളുടേതിന് സമാനമായ ജനസംഖ്യ വളർച്ചയും പൊതുജനാരോഗ്യ സംവിധാനവും കേരളത്തെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങ ളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

ഉയർന്ന ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, മാതൃമരണനിരക്ക്, ജനസംഖ്യയിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും അനുപാതം തുടങ്ങിയ നീതി ആയോഗിന്റെ 2019-20 ലെ സംസ്ഥാന ആരോഗ്യ സൂചിക അനുസരിച്ച് കേരളം 82.2 എന്ന സ്കോറോടെ വലിയ സംസ്ഥാനങ്ങളിൽ

ഒന്നാം സ്ഥാനം നിലനിർത്തി.

മാതൃ ആരോഗ്യത്തിന്റെ പ്രാഥമിക സൂചകം മാതൃമരണ അനുപാതം (എംഎം ആർ) ഏറ്റവും കുറവ് (19) കേരളത്തിലാണ്, ദേശീയതലത്തിൽ ഇത് 97 ആണ്. ശരിയായ വൈദ്യസഹായം അമ്മമാർക്ക് ലഭിക്കാതെയുള്ള ജനനങ്ങളുടെ ശതമാനം കേരളത്തിൽ 0.1, ദേശീയ തലത്തിൽ 7.8.

ഒറ്റ അക്ക ശിശുമരണനിരക്ക് (6) ഉള്ള ഇന്ത്യയിലെ ഏകസംസ്ഥാനമാണ് കേരളം. അഖിലേന്ത്യ തലത്തിൽ ഇത് 28 ആണ്. സംസ്ഥാനത്തെ നവജാത ശിശുക്കളുടെ മരണനിരക്ക് 4 ആണ്. ഇത് ദേശീയശരാശരിയുടെ (20) അഞ്ചിലൊന്നാണ്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 8 ആണ്, ദേശീയശരാശരിയുടെ (32) നാലിലൊന്നുമാത്രം.

ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള രാജ്യത്തെ ഏക സാംക്രമികേതരരോഗ പദ്ധതിയായ ശൈലി പോർട്ടൽ വികസിപ്പിക്കുകയും വാർഷിക പരിശോധനാ പദ്ധതിയായ 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' കാമ്പെയിൻ ആരംഭിക്കുകയും ചെയ്തു. ഈ ജനകീയ കാമ്പെയിൻ രാജ്യത്തെ തന്നെ മികച്ച മാതൃകയായി തിരഞ്ഞെടുക്കപ്പെട്ടു.

പല കാരണങ്ങളാൽ പൊട്ടിപ്പുറപ്പെട്ട ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, നിപ എന്നിവയെ പിടിച്ചുകെട്ടാൻ സാധിച്ചത് കേരളത്തിന്റെ ആരോഗ്യമേഖലയുടെ കരുത്താണ് കാണിക്കുന്നത്. കോവിഡ് കാലത്ത് കേരളത്തിലെ ആരോഗ്യമേഖലയിലെ ഇടപെടൽ ലോകശ്രദ്ധയിൽ തിളക്കമേറ്റുന്നതായി.

## സ്ത്രീശാക്തീകരണം പ്രചോദനമാണ് കേരളം

കേരളത്തിലെ സ്ത്രീ പോരാട്ടങ്ങളുടെ ചരിത്രത്തിന് ഐതിഹ്യങ്ങളോളം പഴക്കമുണ്ട്. കഥകളിലും കെട്ടുകഥകളിലും മാത്രമല്ല, യാഥാർത്ഥ ചരിത്രത്തിലും സ്ത്രീകൾ നേരിട്ടിരുന്ന വിവിധ വിവേചനങ്ങൾക്കെതിരെ പോരാടി മുന്നോട്ട് വന്നവരാണ് കേരളത്തിലെ സ്ത്രീകൾ. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ അതിൽ വലിയൊരു പങ്ക് വഹിച്ചു. നങ്ങേലിയുടെ കഥ ഐക്യ കേരളത്തിന് മുൻപുള്ള ക്രൂരമായ ജന്മിത്തത്തിനെതിരെയുള്ള പ്രതിഷേധത്തിലെ സ്ത്രീ പോരാട്ടങ്ങളെ രേഖപ്പെടുത്തുന്നതാണ്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന രചന സ്ത്രീ ജീവിതത്തെ അടയാളപ്പെടുത്തുന്നുണ്ട്.

കേരളത്തിലെ നവോത്ഥാനപോരാട്ടങ്ങളിലൂടെ മുൻനിരയിലേക്ക് വന്ന സ്ത്രീകൾ, ഭൂപരിഷ്ക്കരണ നടപടികൾ കൂടി പൂർത്തിയാക്കുകയും സാർവത്രിക വിദ്യാഭ്യാസം ലഭിക്കുകയും ചെയ്തതോടെ സമൂഹത്തിലെ വിവിധ മേഖലകളിൽ അതിശക്തമായ സാന്നിധ്യമായി മാറി. വിദ്യാഭ്യാസവും തൊഴിലും അവകാശങ്ങളും ലഭിച്ച സ്ത്രീകൾ തങ്ങൾക്കെതിരായുള്ള ലിംഗവിവേചനങ്ങൾക്കെതിരായ പ്രവർത്തനങ്ങളിൽ സജീവമായി.

കേരളത്തിലെ മാതൃമരണ നിരക്കിലെ കുറവ്, സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യം, സ്ത്രീ പുരുഷ അനുപാതത്തിൽ സ്ത്രീകൾക്കുള്ള മുൻതൂക്കം എന്നിവയൊക്കെ കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട സാമൂഹികാവസ്ഥയുടെ അടയാളങ്ങളാണ്. ചരിത്രപരമായി ഇന്ത്യൻ അവസ്ഥയിൽ കേരളത്തിലെ സ്ത്രീ സമൂഹവും പലവിധ പ്രശ്നങ്ങൾ നേരിടുന്നു. ഇവയെ അഭിമുഖീകരിക്കുംവിധം 'സ്ത്രീപക്ഷ നവകേരള'മെന്ന നയത്തിൽ അടിസ്ഥാനമാക്കിയുള്ള സ്ത്രീശാക്തീകരണം സർക്കാർ ലക്ഷ്യം വയ്ക്കുന്നു.

അധികാര പങ്കാളിത്തത്തിൽ തുല്യത ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ അമ്പത് ശതമാനം സ്ത്രീ സംവരണം ഏർപ്പെടുത്തി രാജ്യത്തിനു മുന്നിൽ നടന്ന സംസ്ഥാനമാണ് കേരളം. ജൻഡൽ ന്യൂട്രൽ യൂണിഫോം അവതരിപ്പിച്ചതും ലിംഗാവബോധമുള്ള പൗരസമൂഹമായി നമ്മുടെ കുട്ടികളെ വളർത്തികൊണ്ടുവരുന്നതിന് സ്കൂൾ കരിക്കുലം നവീകരിച്ചതും



മലയാളിയായതിൽ ഏറെ അഭിമാനമുണ്ട്. കേരളത്തിലെ മുഴുവൻ സ്ഥലങ്ങളും നന്നായി അറിയാം. വീട്, സ്ഥലം, ചുറ്റുപാട് എന്നിവയെക്കുറിച്ച് ഇത്രയധികം അഭിമാനമുള്ള മറ്റൊരു സമൂഹമില്ല. കേരളീയം എന്ന മഹത്തായ പരിപാടിക്ക് എല്ലാവിധ ആശംസകളും നേരുന്നു.

കെ എൽ മോഹനവർമ്മ സാഹിത്യകാരൻ

കേരളത്തിന്റെ എടുത്തു പറയേണ്ട സ്ത്രീ മുന്നേറ്റ നേട്ടങ്ങളാണ്. സ്ത്രീകൾക്ക് അവർക്കിഷ്ടമുള്ളപ്പോൾ പൊതുവിടങ്ങളിൽ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്തിയും സുരക്ഷയ്ക്കായി പിങ്ക് പോലീസും ക്ഷേമത്തിനായി വനിത-ശിശുവികസനവകുപ്പും നിരവധി പദ്ധതികളുമായി എപ്പോഴും സ്ത്രീകൾക്കൊപ്പമുണ്ട്.

ചരിത്രം സൃഷ്ടിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 43,000 ലധികം വനിതകളാണ് കേരളത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചത്. സമൂഹത്തിലെ എല്ലാ മേഖലകളിലും തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കുന്ന കേരളത്തിലെ വനിതകൾക്ക് പ്രചോദനവും ആത്മവിശ്വാസവും ആണ് വ്യവസായ വകുപ്പിന്റെ ഈ സംരംഭം. 2022-ൽ 175 വനിത സ്റ്റാർട്ടപ്പുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തതെങ്കിൽ, 2023 ആദ്യപാദത്തിൽത്തന്നെ ഇവയുടെ എണ്ണം 233 കടന്നതായി കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത വനിത സ്റ്റാർട്ടപ്പുകളുടെ കണക്കുകൾ സൂചിപ്പിക്കുന്നു. വനിതാ സ്റ്റാർട്ടപ്പുകൾക്കായി വിവിധ സ്കീമുകളും വായ്പാ സഹായ പദ്ധതികളുമുണ്ട്.

**കൃഷി**

## തിരികെയെത്തും ഹരിതസമൃദ്ധി

കേരളത്തിന്റെ ശ്രേഷ്ഠമായ കാർഷിക പാരമ്പര്യത്തെ പുരോഗതിയുടെ പാതയിലെത്തിക്കുന്നതിനും കാർഷിക മേഖലയുടെ അഭിവൃദ്ധിക്കുമായി ഒട്ടനേകം സുസ്ഥിര കാർഷിക നയങ്ങളാണ് കേരള സർക്കാർ ആവിഷ്കരിച്ചു വരുന്നത്. ജനകീയ കാർഷിക വികസനപദ്ധതികളിലൂടെ കർഷകരുടെ ക്ഷേമത്തിനും വികസനത്തിനുമായി സമൂഹത്തെ കൃഷിമുറ്റത്തേക്കിറക്കുക, പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കൽ, സുരക്ഷിതഭക്ഷണം എന്നിവ ലക്ഷ്യമിട്ട ജനകീയ പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'. ഒരു സെന്റ് മുതൽ ഒരു ഹെക്ടർ വരെയുള്ള സ്ഥലത്ത് കൃഷിയിറക്കാം.



കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തുക വഴി സംസ്ഥാനത്തിന്റെ ഉൽപാദനത്തിൽ ഗണ്യമായ വർധന ഉണ്ടാക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഈ വർഷം കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിന് തുടക്കമിട്ടു. ഓരോപഞ്ചായത്തിലും കുറഞ്ഞത് 25 യൂണിറ്റുകൾ വികസിപ്പിക്കും. കാർഷിക മേഖലയിലെ പദ്ധികളുടെ ജനകീയ വിലയിരുത്തലുകൾക്കായി സോഷ്യൽ ഓഡിറ്റ് ആരംഭിച്ചു. ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ നിന്നായി 14 കൃഷിഭവൻ പ്രദേശങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നു

14 കൃഷിഭവനുകൾകൂടി സ്മാർട്ട് ആക്കുന്നതിന് നബാഡിന് 21 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചു. കൃഷിക്കാരുടെ വരുമാനം, കാർഷികോൽപാദനക്ഷമത, ഉൽപന്നസംസ്കരണം, ഉൽപന്നങ്ങളുടെ വില, മൂല്യവർധിതപ്രവർത്തനങ്ങൾ എന്നിവയിലൂടെ വരുമാനം കൂട്ടുന്നതിനുമായി മൂല്യവർധിത കൃഷി മിഷൻ രൂപവൽക്കൃതമായി.

14 കൃഷി ഭവനുകൾ സ്മാർട്ട് ആക്കുന്നതിനു 31.50 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകൾ സ്മാർട്ട് ആക്കുന്നതിന് 10 കോടി രൂപയും അനുവദിച്ചു. കേരകർഷകരോടൊപ്പം എന്നും നിലനിന്നിട്ടുള്ള സർക്കാർ നാളികേരത്തിന്റെ സംഭരണവില 27 രൂപയിൽ നിന്നും 32 രൂപയായി വർധിപ്പിച്ചു.



സാക്ഷരകേരളം
## സാക്ഷരതയിലൂടെ സാമൂഹികസമത്വം

അക്ഷരദീപം കൊളുത്തിചേലക്കാടൻ ആയിഷുമ്മ എന്ന പഠിതാവ് നടത്തിയ പ്രഖ്യാപനം കേരള ചരിത്രത്തിന്റെ ഭാഗമാണ്. 1991 ഏപ്രിൽ 18ന് ഇന്ത്യയ്ക്ക് മാതൃകയായി കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി പ്രഖ്യാപിച്ചു. ജനകീയ പങ്കാളിത്തത്തിലൂടെ, വർഷങ്ങൾ നീണ്ട പരിശ്രമങ്ങളായിരുന്നു അതിന് ഊർജമേകിയത്. കേരളം കണ്ട ഏറ്റവും വലിയ ജനകീയ മുന്നേറ്റങ്ങളിൽ ഒന്നായിരുന്നു ആദ്യഘട്ടത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾ.


ഇതൊരു സമഗ്ര ജനകീയ വിദ്യാഭ്യാസ പദ്ധതിയായി രാജ്യത്തിന്റെ ചരിത്രത്തിൽ ഇടം നേടി. അക്ഷരം പഠിച്ചവർക്ക് അത് മറന്നു പോകാതെ തുടർപഠനത്തിനുള്ള സാധ്യതകൾ ഒരുക്കുന്നത് അനൗപചാരിക വിദ്യാഭ്യാസമേഖലയുടെ ലക്ഷ്യമാണ് എന്ന കാഴ്ചപ്പാടോടുകൂടി കേരളം മുന്നോട്ടു പോയി.

1998 ഒക്ടോബർ 2ന് സംസ്ഥാന സാക്ഷരതാ മിഷൻ രൂപീകരിച്ചു. സാക്ഷരത നേടിയവർക്ക് തുടർപഠനം നൽകുന്നതിനായിരുന്നു ഊന്നൽ. 1995 ലാണ് ദേശീയ സാക്ഷരതാമിഷൻ സാക്ഷരതാനന്തര തുടർ വിദ്യാഭ്യാസ പദ്ധതി പ്രഖ്യാപിച്ചത് വിദ്യാഭ്യാസം നേടാൻ അവസരം നഷ്ടപ്പെട്ടവർക്കും പല കാരണങ്ങളാൽ അവസരം ലഭിക്കാത്തവർക്കും സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ പഠനം നിർത്തേണ്ടി വന്നവർക്കും ഒത്തൊരുമിച്ചു മുന്നേറാനുള്ള അവസരം വിവിധ പദ്ധതികളിലൂടെ സാക്ഷരതാ മിഷൻ നടപ്പാക്കിവരുന്നുണ്ട്. നാലാംതരം, ഏഴാം തരം, പത്താംതരം, ഹയർ സെക്കൻഡറി വരെയുള്ള തുല്യതാ കോഴ്സുകൾ നടത്തുന്നുണ്ട്. ട്രാൻസ്ജൻഡർ, എൽജിബിടിക്യു+ വിഭാഗങ്ങളെ പഠനത്തോടൊപ്പം സാംസ്കാരികവും വൈജ്ഞാനികവുമായി മികവുള്ളവരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ആരംഭിച്ച പഠനപദ്ധതിയാണ് സമന്വയ.

വയനാട്-അട്ടപ്പാടി ആദിവാസികൾക്കിടയിൽ 'നവചേതന' പദ്ധതി, അഥിതിതൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കാൻ 'ചങ്ങാതി' പദ്ധതി, ഭരണഘടനാപരമായ അവബോധം നൽകാൻ 'പൗരധ്വനി' പദ്ധതി, കാഴ്ചപരിമിതി അനുഭവിക്കുന്ന തുടർപഠിതാക്കൾക്ക് അവസരം ഒരുക്കുന്ന 'ബ്രെയ്‌ലി' സാക്ഷരതാപദ്ധതി തുടങ്ങിയവയും മിഷന്റെ പ്രധാനപ്പെട്ട സാമൂഹ്യസാക്ഷരത പരിപാടികളാണ്.

ലിംഗനീതിയുടെ രാഷ്ട്രീയം സമൂഹത്തിന്റെ നാനാതലങ്ങളിലും എത്തിക്കാനായി 'മുന്നേറ്റം' എന്ന സ്ത്രീമുന്നേറ്റ പദ്ധതിയും നടന്നുവരുന്നുണ്ട്. ഡിജിറ്റൽ വിടവ് നികത്താനുള്ള 'ഇ-മുറ്റം', 'ഗുഡ്ഇംഗ്ലീഷ്', 'അച്ഛിഹിന്ദി', 'പച്ചമലയാളം' എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളുമുണ്ട്. ഇതിനോടകം എൻഎൽഎം-യുനെസ്കോ പുരസ്കാരവും കാൻ ഫെഡ് പുരസ്കാരവും മിഷൻ സ്വന്തമാക്കി.





നവംബർ 1 മുതൽ 7 വരെ കേരളത്തിന്റെ സമസ്തനേട്ടങ്ങളും കേരളത്തിനു മുമ്പിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു വലിയ മഹോത്സവം കേരളീയം എന്നപേരിൽ തിരുവനന്തപുരത്ത് നടക്കുകയാണ്. അതിന്റെ ഭാഗമായി എന്റെ ഗുരുസ്ഥാനീയനായ എം ജയചന്ദ്രൻസാറിന്റെ ജയം എന്ന സംഗീതപരിപാടിയുടെ ഭാഗമായി ഞാനും അവിടെ എത്തുന്നുണ്ട്. കേരളീയത്തിന് എല്ലാവിധ ആശംസകളും.

സിതാര കൃഷ്ണകുമാർ
ഗായിക



**ജനകീയാസൂത്രണം**

## അധികാരം ജനങ്ങളിലേക്ക്

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സ്വപ്നത്തെ പ്രായോഗിക തലത്തിൽ നടപ്പാക്കിയ പ്രധാനപ്പെട്ട പ്രവർത്തനമായിരുന്നു കേരളത്തിന്റെ ജനകീയാസൂത്രണം. ലോകം അംഗീകരിച്ച കേരള മാതൃകവികസനത്തിനൊപ്പം മാറ്റം സൃഷ്ടിച്ച സമീപനമായിരുന്നു 1996ൽ കേരളം നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതി. ജനാധിപത്യ ഭരണസംവിധാനത്തിൽ തീരുമാനമെടുക്കാനും നടപ്പാക്കാനുമുള്ള ജനങ്ങളുടെ അധികാരത്തിന് അത് അടിവരയിട്ടു. ജനകീയാസൂത്രണത്തിലൂടെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തിന് പുതിയൊരു മാതൃകയും ദിശാബോധവും പകരുകയായിരുന്നു നാം. താഴെത്തട്ടിൽ ജനപങ്കാളിത്തോടുകൂടിയുള്ള വികസനം എന്ന പുതിയൊരു കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കുകയായിരുന്നു. ലോകത്തിന് കേരളം നൽകിയൊരു വികസനമാതൃകയായി ഇന്ന് ജനകീയാസൂത്രണം പഠിക്കപ്പെടുന്നു.

1996-ൽ അധികാരത്തിൽ വന്ന ഇ.കെ. നായനാർ സർക്കാരിന്റെ വികസനമുൻഗണനകളിൽ പ്രധാനപ്പെട്ടതായിരുന്നു ജനകീയ അധികാര വികേന്ദ്രീകരണം. സംസ്ഥാന ബജറ്റിന്റെ മൂന്നിലൊന്ന് സമ്പൂർണ ആസൂത്രണാധികാരത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം ജനകീയാസൂത്രണത്തിന് ആരംഭം കുറിച്ചു. സെൻ കമ്മിറ്റിയുടെയും, സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ 1999-ലും തുടർന്ന് 2000-ലും പാസാക്കിയ ഭേദഗതിനിയമങ്ങൾ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തമുള്ള പ്രാദേശികാസൂത്രണത്തിന് നിയമപരമായ ചട്ടക്കൂടൊരുക്കി.

അധികാരവികേന്ദ്രീകരണത്തിന്റെ ജനകീയാസൂത്രണ മാതൃക കേരളത്തെ വേറിട്ടു നിർത്തുന്ന സവിശേഷതയാണ്. വികസന, ക്ഷേമരംഗങ്ങളിൽ പ്രാദേശിക ജനകീയാധികാരം സ്ഥാപിച്ചുകൊണ്ടാണ് ജനകീയാസൂത്രണം കേരള വികസനചരിത്രത്തിൽ വഴിത്തിരിവ് സൃഷ്ടിച്ചത്. അത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മേൽ ഉണ്ടായിരുന്ന സംസ്ഥാന സർക്കാരിന്റെ നിയന്ത്രണാധികാരം പരിമിതപ്പെടുത്തി. തദ്ദേശസ്വയംഭരണ സംവിധാനങ്ങളെ ഘടനാപരമായി ശക്തിപ്പെടുത്തി. പ്രാദേശിക സർക്കാരുകൾക്ക് ആളും അർഥവും അധികാരവും കൈമാറി. പൊതുവിദ്യാഭ്യാസം, ദാരിദ്ര്യലഘൂകരണം, പാർപ്പിടം തുടങ്ങിയ രംഗങ്ങളിൽ ജനകീയാസൂത്രണം വലിയ മാറ്റങ്ങൾക്ക് അടിത്തറയിട്ടു.

**ഇ ഹെൽത്ത്**

## ആരോഗ്യസേവനങ്ങൾ ആധുനികം

ക്യൂവും ഒപി ടിക്കറ്റും ഇനി പഴങ്കഥ. വീട്ടിലിരുന്നും വിദഗ്ധ ചികിത്സ തേടാം. കോവിഡ് ആയാലും പേമാരി ആയാലും. ഇത്തരം സാഹചര്യത്തിലേക്കാണ് ഇ- ഹെൽത്ത് വഴിതെളിച്ചത്.

കാര്യക്ഷമമായ രീതിയിൽ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കാനായി രൂപീകരിച്ച ഏകീകൃത ചട്ടക്കൂടാണ് ഇ -ഹെൽത്ത്.



മെഡിക്കൽ കോളേജുകളുൾപ്പെടെ സംസ്ഥാനത്തെ 594 ആശുപത്രികളിൽ നിലവിൽ  ഇ ഹെൽത്ത് സംവിധാനം സജ്ജ മാക്കിയിട്ടുണ്ട്. അതിൽ 387 ആശുപത്രിക ളിലും ഇ ഹെൽത്ത് സംവിധാനം ഒരുക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ ഹെൽ ത്ത് ഏർപ്പെടുത്തുകയാണ് ലക്ഷ്യം. ഒരാൾ ആശുപത്രിയിലെത്തി മടങ്ങുന്നതുവരെ എല്ലാ ആരോഗ്യ സേവനങ്ങളും ഇ ഹെൽത്ത് സംവിധാനത്തിലൂടെ ഒരൊറ്റ കുടക്കീഴിൽ ഓൺലൈൻ വഴി ചെയ്യാൻ കഴിയുന്നു.

## ഭിന്നശേഷി ക്ഷേമം
## കേരളത്തിന്റെ സമത്വദർശനം

കേരളത്തിലെ കഴിഞ്ഞ കാലങ്ങളിലെ ഇടപെ ടൽ ഭിന്നശേഷിയുള്ള വ്യക്തിത്വങ്ങളെ അനുതാപത്തോടെയും കരുതലോടെയും സമീപിക്കാനും അവരെ സമൂഹത്തിലെ മുഖ്യധാരയിലേക്ക് എത്തിക്കാനും കഴിവുകൾ പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനുമുള്ള വഴികൾ തുറന്നു. പൊതുവിടങ്ങളിലെ സർക്കാർ തല ഇടപെടലിന് മികച്ച ഉദാഹര ണങ്ങളിലൊന്നാണ് തിരുവനന്തപുരം മ്യൂസിയ ത്തിലെ ബാരിയർ ഫ്രീ പാർക്ക്.




ഭിന്നശേഷി പുനരധിവാസത്തിന് വെർച്വൽ റിയാലിറ്റി സംവിധാനം രാജ്യത്ത് ആദ്യമായി NIPMR ൽ നടപ്പാക്കി.

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശ ഷിക്കാർക്കും യുഡിഐഡി കാർഡ് നൽകു ന്നതിന്റെ ഭാഗമായി 89,522 യുഡി ഐഡി ജനറേറ്റ് ചെയ്തു.

ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവ രണം നൽകുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഐടി @ കേരളം
## മുൻപേ പറന്ന പക്ഷി

പല കാര്യങ്ങളിലും കേരളം ഇന്ത്യയ്ക്ക് മുൻപേ പറന്ന പക്ഷിയാണ്. അത് വിദ്യാ ഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ മാത്രമല്ല, ലോകത്തിന്റെ പുരോഗതി മുൻകൂട്ടി കണ്ട് അതിനനുസരിച്ച് സംസ്ഥാനത്തിന്റെ വികസനം ആസൂത്രണം ചെയ്യുന്നതിലും കാ ണാനാകും. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ ഐടി മേഖലയുടെ കുതിപ്പിന് അടിസ്ഥാ നമിട്ട സംസ്ഥാനമാണ് കേരളം. നാം ഇന്ത്യ യിലെ ആദ്യത്തെ ഐടി പാർക്കിനെ കുറിച്ച് ആലോചിക്കുമ്പോഴോ  തിരുവനന്തപുരത്ത് ടെക്നോപാർക്ക് സ്ഥാപിക്കുമ്പോഴോ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളൊന്നും ആ മേഖലയിലേക്ക് പിച്ചവച്ചുപോലും തുടങ്ങി യിരുന്നില്ല.  ടെക്നോപാർക്കിൽ അവസാ നിച്ചില്ല  ഫ്രണ്ട്സ്, അക്ഷയ കേന്ദ്രം തുട ങ്ങിയ പല ജനോപകാരപദ്ധതികൾക്കൊപ്പം കൈ ഫോണിൽ എത്തി നിൽക്കുകയാണ്



കേരളത്തിന്റെ നേട്ടങ്ങൾ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്ന കേരളീയത്തിനു എന്റെ എല്ലാവിധ ആശംസകളും.

ഷെയ്ൻ നിഗം, ചലച്ചിത്രതാരം

ഇപ്പോൾ കേരളം തുടങ്ങിവച്ച ആ ജൈത്രയാത്ര.

സംസ്ഥാനത്തെ സാമൂഹിക, സാമ്പത്തിക വികസനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഐ.ടി. മേഖലയിൽ പ്രത്യക്ഷ, പരോക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരളത്തെ മികച്ച മുൻനിര ഐ.ടി. കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ 1995–ൽ ഇന്ത്യയിൽആദ്യമായി തിരുവനന്തപുരത്ത് ആദ്യ ഐ.ടി. പാർക്കിന് തുടക്കം കുറിച്ചു. 1998–ൽഐ.ടി. നയം പ്രഖ്യാപിക്കുകയും ചെയ്തു.

2017–ൽ ഇന്റർനെറ്റ് അടിസ്ഥാനവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി. ഇൻഫർമേഷൻ കമ്യൂണിക്കേഷൻ ടെക്നോളജി പ്രോജക്ടുകൾ, ഇ– ഗവേണൻസ് സംരഭങ്ങൾ, ഇ–സാക്ഷരത പരിപാടികൾ, ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾഎന്നിവ കേരളത്തെ ഐ.ടി. മേഖലയിൽ മുന്നിലെത്തിക്കുന്നതിന് സഹായിച്ചു. ഹബ്ബ് ആൻഡ് സ്പോക് മോഡൽ പ്രോത്സാഹിപ്പിച്ച് വികേന്ദ്രീകൃത നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞു.

ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനങ്ങളിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു മുന്നിലാണ്.

ഇ–ഡിസ്ട്രിക്ടിലൂടെ 25 റവന്യൂ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കാനും ഡിജിറ്റൽ ഒപ്പിട്ട് സർട്ടിഫിക്കറ്റുകൾ ലഭ്യമാവുകയും ചെയ്യുന്നു.

എല്ലാ സ്കൂളുകളിലും ഹൈ സ്പീഡ് ഇന്റർനെറ്റ് സംവിധാനം ഒരുക്കാനും സ്കൂളുകൾ ഡിജിറ്റൽപാഠ്യപദ്ധതിയിലേയ്ക്ക് മാറ്റുവാനും 2000–ത്തിൽ ആരംഭിച്ച ഐ. ടി. @ സ്കൂളിലൂടെ കഴിഞ്ഞു.

2023–ൽ കേരളത്തെ സമ്പൂർണ ഇ– ഗവേണൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു.

## പ്രവാസികേരളം
## മറുനാട്ടിലെ മലയാളി

സുദീർഘമായ ചരിത്രമുണ്ട് മലയാളിപ്രവാസത്തിന്. കണ്ണീരും ചോരയും പുരണ്ട സഹനങ്ങളുടെ ചരിത്രം കൂടിയാണത്. ഐക്യകേരളം രൂപപ്പെടുന്നതിന് മുമ്പ് തന്നെ മലയാളിക്ക് പരിചിതമാണ് പ്രവാസം. തൊഴിൽ തേടിയും പഠിക്കാനും ഉൾപ്പടെയുള്ള പ്രവാസം അക്കാലം മുതൽ മലയാളിയുടെ ചരിത്രത്തിലുണ്ട്. അയൽ സംസ്ഥാനങ്ങളും അയൽ രാജ്യങ്ങളിലുമൊക്കെ മലയാളികൾ കുടിയേറി. 1960 കളോടെ ഗൾഫ് കുടിയേറ്റം ആരംഭിച്ചു. തൊഴിൽപരമായി കേരളത്തിൽ നിന്നും കൂട്ടമായ ഒരു കുടിയേറ്റം നടക്കുന്നത് ഒരുപക്ഷേ ഗൾഫിലേക്കായിരിക്കും. ആ കുടിയേറ്റം ഇന്ന് യു കെ, യു എസ്, കാനഡ, ഓസ്ട്രേലിയ തുടങ്ങി ലോകത്തെ വിവിധ രാജ്യങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ട്. മറ്റെല്ലാ പ്രവാസത്തെയും അപേക്ഷിച്ച് ഗൾഫ് കുടിയേറ്റം മലയാളിയെ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും വളരെയേറെ സ്വാധീനിച്ചതാണ്.

നാടുമായി ഒരു ബന്ധവുമില്ലാതെ അന്യനാട്ടിൽ ദുരിതപർവം താണ്ടിയിരുന്ന കേരളീയ പ്രവാസം ഇന്ന് അവസാനിച്ചിട്ടുണ്ട്. കേര



# സ്ത്രീപക്ഷ രാഷ്ട്രീയം

രാജ്യത്താദ്യമായി പദ്ധതിവിഹിതത്തിന്റെ 10 ശതമാനം സ്ത്രീകൾക്കു വേണ്ടി മാറ്റിവയ്ക്കാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായത് സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ പ്രതിഫലനമായിരുന്നു. 2018 ലെ മഹാപ്രളയത്തിനു ശേഷം ദുരന്തനിവാരണത്തിലും പിൽക്കാലത്ത് ഉണ്ടായ കൊറോണ വൈറസ് പ്രതിരോധത്തിലും തദ്ദേശസ്ഥാപനങ്ങൾ നിർണ്ണായകപങ്ക് വഹിച്ചു. തദ്ദേശസ്ഥാപനതലത്തിലുണ്ടായ ദുരന്ത നിവാരണ പദ്ധതികൾ ജനകീയ ഭരണ ചരിത്രത്തിലെ തിളക്കമുള്ള ഏടായി പ്രകീർത്തിക്കപ്പെട്ടു. കേരളത്തിലെ അധികാരവികേന്ദ്രീകരണ മാതൃക പഠിക്കാൻ അടുത്തിടെ നേപ്പാളിൽ നിന്നും പ്രതിനിധികൾ എത്തിയിരുന്നു.



ളീയരായ പ്രവാസികൾക്ക് തണലായും പ്രവാസികളാകാൻ ആഗ്രഹിക്കുന്നവർക്ക് വഴികാട്ടിയായും നിലകൊള്ളുകയാണ് കേരള പ്രവാസികാര്യവകുപ്പ്. 1996-ൽ നിലവിൽവന്ന വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി നോർക്ക റൂട്ട്സ് രൂപീകൃതമായതോടെ പ്രവാസത്തിന്റെ സർവമേഖലകളെയും സ്പർശിക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പാക്കാൻ സംസ്ഥാന സർക്കാരിന് കരുത്തായി.

വിദേശരാജ്യങ്ങളിലെ തൊഴിൽഅവസരങ്ങളിലേക്ക് ഉദ്യോഗാർഥികളെ തെരഞ്ഞെടുത്ത് അയക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസി കൂടിയാണ് നോർക്ക. നിലവിൽ സൗദി അറേബ്യ, യു എ ഇ, ഒമാൻ, കുവൈറ്റ് എന്നീ ഗൾഫ് രാജ്യങ്ങളിലേക്കും യു.കെ, ജർമ്മനി, കാനഡ എിവിടങ്ങളിലേക്കും റിക്രൂട്ട്മെന്റ് നടത്തിവരുന്നുണ്ട്. ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ടെക്നീഷ്യന്മാർ, ഗാർഹിക ജോലിക്കാർഉൾപ്പെടെ 2500 ൽഅധികം പേരെ ഇതിനോടകം റിക്രൂട്ട് ചെയ്തിട്ടുണ്ട്.

തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽസംരംഭങ്ങൾആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന പുനരധിവാസ പദ്ധതിയാണ് 'നോർക്ക് ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർറിട്ടേൺ എമിഗ്രന്റ്സ് '. സ്വയം തൊഴിൽചെയ്യാൻ സന്നദ്ധതയുള്ളവർക്കായി 2021 – 2022 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് 'പ്രവാസി ഭദ്രത'. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന്, 15000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് 'നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്'. 2018 മുതൽ' എമർജൻസി റീപാട്രിയേഷൻസ്കീമും', 'നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻസ്കീമും' നടപ്പാക്കുന്നു.

വിദേശത്ത് രണ്ടു വർഷമെങ്കിലും ജോലി നോക്കുകയോ താമസിക്കുകയോ ചെയ്ത ശേഷം സ്ഥിരമായി മടങ്ങിയെത്തിയ വനിതകൾക്ക് 30 ലക്ഷം രൂപ വരെയുള്ള വായ്പ പദ്ധതി നോർക്ക വനിതാമിത്ര വായ്പകളുണ്ട്. 2022-23 വർഷം 1000 വായ്പകൾ ലഭ്യമാക്കാനാണ് ലക്ഷ്യം.



സംസ്ഥാനസർക്കാർ ഒരുക്കുന്ന കേരളീയം എന്ന മഹത്തായ പരിപാടിക്ക് എന്റെ എല്ലാവിധ ആശംസകളും.

ഹരിശ്രീ അശോകൻ, ചലച്ചിത്രതാരം

ഒരു ലക്ഷം തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്ന നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റും വിസ, തൊഴിൽതട്ടിപ്പുകൾക്കെതിരെ ഇടപെടൽ നടത്തുന്ന ശുഭയാത്ര പദ്ധതി, ജർമനിയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യാനുള്ള ട്രിപ്പിൾ വിൻ പദ്ധതി, ഹോസ്പിറ്റാലിറ്റി മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനുള്ള ട്രിപ്പിൾവിൻ ഹോസ്പിറ്റാലിറ്റി പദ്ധതി എന്നിവ പുതിയ കാൽവയ്പുകളാണ്.

പ്രവാസിക്ഷേമം മുൻനിർത്തി രാജ്യപുരോഗതിക്കായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾക്ക് ദേശീയ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോച്ച് അവാർഡ് നോർക്ക റൂട്ട്സിന് ലഭിച്ചിട്ടുണ്ട്.

### പഞ്ചായത്തിരാജ്

## അധികാര വികേന്ദ്രീകരണം ആസൂത്രിതവികസനം

അധികാരവികേന്ദ്രീകരണത്തിലേക്കുള്ള കേരളത്തിന്റെ സ്വപ്നങ്ങൾ ആദ്യസർക്കാരിന്റെ കാലം മുതൽ ആരംഭിച്ചിരുന്നു. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുന്നതിന് സംസ്ഥാന സർക്കാരുകൾ നിയമനിർമ്മാണം നടത്തണമെന്ന് ബൽവന്ത് റായ് മേത്ത കമ്മിറ്റിയും ഇ.എം.എസ് നമ്പൂതിരിപ്പാട് അധ്യക്ഷനായുള്ള ഭരണപരിഷ്കാര കമ്മിറ്റിയും ശിപാർശകൾ നൽകിയിരുന്നു. സാമൂഹികവികസന രംഗത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ആസൂത്രിത വികസനം ഗ്രാമതലത്തിൽ രൂപപ്പെടുത്തുന്നതിനും അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനും ഇത് സഹായിക്കുമെന്ന് സമിതികൾ നിരീക്ഷിച്ചു. ഈ അടിസ്ഥാനത്തിൽ ഐക്യകേരളത്തിനാകമാനം ബാധകമാകും വിധം 1960ലെ കേരള പഞ്ചായത്ത് നിയമം 01-01-1962ൽ നിലവിൽ വന്നു. ഈ നിയമപ്രകാരം സംസ്ഥാനത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളെയും ഉൾപ്പെടടുത്തി 922 ഗ്രാമപഞ്ചായത്തുകൾ രൂപവൽക്കരിച്ചു. ഈ പഞ്ചായത്തുകളിൽ 01-01-1964 മുതൽ പ്രാബല്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ അധികാരമേറ്റു. പഞ്ചായത്ത് ഭരണസമിതികൾക്ക് ഒട്ടേറെ അധികാരാവകാശങ്ങൾ നൽകുകയും ഗ്രാമഭരണത്തിന് ശോഭനമായ ഒരു അടിത്തറ പ്രദാനം ചെയ്യുകയും ചെയ്ത നിയമമായിരുന്നു ഇത്.

കാലാന്തരത്തിൽ ചില പഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളായി മാറ്റപ്പെടുകയും കുറെ വലിയ പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു. 23-4-1994ൽ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുമ്പോൾ സംസ്ഥാനത്താകെ 991 ഗ്രാമപഞ്ചായത്തുകളാണുണ്ടായിരുന്നത്. ഇപ്പോൾ ഇവയുടെ എണ്ണം 941 ആണ്.

ആസൂത്രിത ഗ്രാമവികസനത്തിനും തദ്ദേശ ഭരണ കാര്യങ്ങളിൽ വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ഉദ്ദേശിച്ച് ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരം നിർമ്മിക്കപ്പെട്ടതാണ് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം. ഈ നിയമത്തിന് 1995ൽ ചില ഭേദഗതികൾ വരുത്തി.. 1999ൽ അധികാര വികേന്ദ്രീകരണ (സെൻ) കമ്മിറ്റിയുടെയും ഒന്നാം സംസ്ഥാന ധനകാര്യകമ്മിഷന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ ആകെയുള്ള 285 വകുപ്പുകളിൽ 105-ഓളം വകുപ്പുകളിൽ സമഗ്രമായ ഭേദഗതികളും വരുത്തി. സർക്കാരിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേലുണ്ടായിരുന്ന ഒട്ടുമിക്ക നിയന്ത്രണങ്ങളും ഉപേക്ഷിച്ചുവെന്നതാണ് ഈ ഭേദഗതി നിയമത്തിന്റെ പ്രത്യേകത. 2000-ൽ പഞ്ചായത്ത് രാജ് നിയമം വീണ്ടും ഭേദഗതി ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായിരുന്ന വാർഡ് വിഭജനം, സംവരണ നിർണ്ണയം തുടങ്ങിയ അധികാരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന് നൽകി. കൂടാതെ 35 അനുബന്ധനിയമങ്ങളിലും ഭേദഗതി വരുത്തി അധികാര വികേന്ദ്രീകരണം പൂർണ്ണമായി നടപ്പിലാക്കി.

### ഹരിതകേരളം

## പച്ചത്തുരുത്തുകൾ കാക്കും

നമ്മുടെ പ്രകൃതിസമ്പത്ത് വരും തലമുറകൾക്കായും കാത്തുസൂക്ഷിക്കുന്നതിനുള്ള അർഥവത്തായ പ്രവർത്തനങ്ങൾക്കാണ് ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്നത്.



സംസ്ഥാനത്തെ പകുതിയിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വപദവിയിലേക്കെത്തി. 15,000 ൽ അധികം സർക്കാർ ഓഫീസുകൾ ഹരിതചട്ടത്തിലേക്ക് മാറി. 95 ശതമാനത്തിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ പാഴ്വസ്തു ശേഖരണത്തിനും തുടർപ്രവർ ത്തനങ്ങൾക്കുമായി മെറ്റീരിയൽ കളക്ഷൻ സെന്റർ ആരംഭിച്ചു. 33,000 ൽ അധികം ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യം വാതിൽപ്പടിയിൽ ശേഖരിക്കുന്നു. 5,200 ൽ അധികം ഏക്കറിൽ കൃഷി പുനരാരംഭിച്ചു.

നവകേരള നിർമ്മിതിക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ നാല് മിഷനുകളിൽ ഒന്നാണ് ഹരിതകേരളം. പ്രകൃതിയിലെ പ്രധാന ഘടകങ്ങളായ മണ്ണ്, വായു, ജലം എന്നീ വിഭവങ്ങൾക്ക് സുരക്ഷ ഒരുക്കിയും അവയെ സംരക്ഷിച്ചുമുള്ള മിഷന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ഇതിനകം തന്നെ പ്രകടമായിത്തുടങ്ങിയിട്ടുണ്ട്. ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം ജലസുരക്ഷ, ജൈവ കാർഷിക മാർഗങ്ങൾക്ക് പ്രാധാന്യം നല്കിയുള്ള കൃഷി വ്യാപനം എന്നീ മേഖലകളിലും അനുബന്ധ മേഖലകളിലുമാണ് മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്.

സംസ്ഥാനത്ത് ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞു. വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത ടൂറിസം പദ്ധതിക്ക് തുടക്കമിട്ടു. മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിങ്ങ് ഹരിതമിത്രം ആപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കിവരുന്നു. പുഴകൾക്ക് പുതുജീവൻ നല്കുന്ന നദീപുനരുജ്ജീവന പദ്ധതികളും നടക്കുന്നുണ്ട്.

കിണറുകളുടെയും കുളങ്ങളുടെയും നവീകരണവും റീചാർജ്ജിങ്ങും ഏറെ ഫലം നൽകി. ജലസ്രോതസ്സുകൾ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന മാപ്പത്തോൺ, കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള ജല ഗുണനിലവാര പരിശോധനാ ലാബുകൾ തുടങ്ങിയവ സംസ്ഥാനത്തു നടന്നവേറിട്ട ജലസംരക്ഷണ പ്രവർത്തറനങ്ങളാണ്.

തരിശുനിലങ്ങളിലെ കൃഷി വ്യാപനം, ഹരിതസമൃദ്ധി വാർഡ്, കരനെൽ കൃഷിയുൾപ്പടെ അധിക നെൽക്കൃഷി, ജൈവ പച്ചക്കറിക്കൃഷി വ്യാപനം, സ്കൂൾ വളപ്പുകളിലും വിവിധ സ്ഥാപനങ്ങളുടെ ഭൂമിയിലും പച്ചക്കറിക്കൃഷി, സംയോജിത കൃഷിപ്രോത്സാഹനം എന്നിങ്ങനെ കാർഷിക മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. തരിശുഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരിതകേരളം മിഷന്റെ നൂതനാശയമാണ് 'പച്ചത്തുരുത്ത് പദ്ധതി.

## ഉത്തരവാദിത്തടൂറിസം
## പ്രാദേശിക ജനതക്ക് കൈത്താങ്ങായി

ഓലമെടച്ചിലും മീൻപിടുത്തവും കയറുപിരിക്കലും തെങ്ങിൽ കയറി സെൽഫിയെടുക്കലുമെല്ലാം ഇപ്പോൾ ടൂറിസത്തിന്റെ ഭാഗമാണ്. കേരളത്തിന്റെ പ്രശസ്ത ടൂറിസം കേന്ദ്രങ്ങൾക്കു പുറമേ ഗ്രാമീണ ജനജീവിതവും വിദേശികളെ ദൈവത്തിന്റെ സ്വന്തം



നാട്ടിലേക്കെത്തിക്കുന്ന ആകർഷണങ്ങളായി മാറി. പ്രാദേശിക ജനതയ്ക്ക് വരുമാനം നേടിക്കൊടുക്കുന്ന ഉത്തരവാദിത്ത ടൂറിസത്തിലൂടെയാണ് ഇത്തരത്തിലുള്ള വാതായനം തുറക്കപ്പെട്ടത്.

ഉത്തരവാദിത്ത ടൂറിസം കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. ഒരു ടൂറിസ്റ്റ് കേന്ദ്രത്തെ ആ നാട്ടിലെ ജനങ്ങൾക്കു നന്നായി ജീവിക്കാൻ കഴിയുന്ന തരത്തിൽ നിലനിർത്തി സഞ്ചാരികൾക്ക് എത്താനും താമസിക്കാനും ആസ്വദിക്കാനും കഴിയുന്ന രീതിയിൽ സജ്ജമാക്കുകയാണ് ചെയ്യുന്നത്. ടൂറിസം വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദേശവാസികൾക്കു ലഭ്യമാക്കുക, പ്രദേശത്തിന്റെ കലാ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, പ്രാദേശിക സമൂഹത്തിന്റെ

ജീവിതരീതികൾക്കുമേൽ ആഘാതമേൽപ്പിക്കാതെ ടൂറിസം വ്യവസായം മുന്നോട്ടുകൊണ്ടുപോകുക, പരിസ്ഥിതി ആഘാതങ്ങൾ പരമാവധി ലഘൂകരിക്കുക, സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുക എന്നിവയാണ് 2017–18 കാലയളവിൽ പ്രവർത്തനമാരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാരവ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടതാണ്. ഇന്ത്യയിൽ ഈ ആശയത്തിന്റെ പ്രസക്തി മനസ്സിലാക്കി അത് പ്രാവർത്തികമാക്കിയ ആദ്യസംസ്ഥാനമാണ് കേരളം. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയ ഇന്ത്യയിലെ പ്രഥമ ടൂറിസം കേന്ദ്രമാണ് കോട്ടയം ജില്ലയിലെ കുമരകം.



സംസ്ഥാന വ്യാപകമായി 23,786 രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 46815 പ്രത്യക്ഷ ഗുണഭോക്താക്കളും 83964 പരോക്ഷ ഗുണഭോക്താക്കളുമുണ്ട്. സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആയ 17453 യൂണിറ്റുകൾ ഉണ്ട്. 2022–23 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപ പ്രാദേശിക വരുമാനം നേടാനായി. കേരളത്തിൽ വിവിധസ്ഥലങ്ങളിലായി 40 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നടത്തിവരുന്നുണ്ട്. 850 കുടുംബങ്ങൾ ഇത്തരം പാക്കേജുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചു. വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് പുരസ്കാരത്തിൽ ടൂറിസം മേഖലയിലെ അതിവേഗ വൈവിധ്യവൽക്കരണം എന്ന വിഭാഗത്തിലാണ് ഈ അംഗീകാരം നേടാനായത്. ജലസംരക്ഷണത്തിലെ മാതൃകാ പ്രവർത്തനമായ വാട്ടർ സ്ട്രീറ്റ് പ്രോജക്ടിന് ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് നേടാനായി. സ്ട്രീറ്റ് പദ്ധതി നടപ്പാക്കിയ ഇടുക്കി ജില്ലയിലെ കാന്തല്ലൂരും കേന്ദ്ര സർക്കാരിന്റെ മികച്ച ടൂറിസം വില്ലേജ് ഗോൾഡ് അവാർഡിന് അർഹമായി. ഐസിആർടിയുടെ ഗോൾഡ് മെഡൽ കരസ്ഥമാക്കിയതാണ് ഏറ്റവും ഒടുവിലത്തെ നേട്ടം.

## കെ ഫോൺ
## നാം നികത്തും ഡിജിറ്റൽ വിടവ്

കേരളത്തിന്റെ മുക്കിലും മൂലയിലും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കി ഡിജിറ്റൽ സമത്വം ഊട്ടിയുറപ്പിക്കുകയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ് വർക്കിലൂടെ (കെഫോൺ) സംസ്ഥാന സർക്കാർ.

ഡിജിറ്റൽ വിടവ് നികത്താൻ സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ കെഫോൺ സഹായകമാകും. 30,000ത്തോളം ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ നൽകാനാകും.

കെഎസ്ഇബിയും കെഎസ്ഐറ്റിഐഎല്ലും ചേർന്നുള്ള സംയുക്ത സംരംഭമായ കെഫോൺ ലിമിറ്റഡ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വിഭാവന ചെയ്തിട്ടുള്ള 30,000 സർക്കാർ ഓഫീസുകളിൽ 28376 ഓഫീസുകളിൽ കെഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയെ നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററുമായി ബന്ധിപ്പിക്കുന്ന ജോലികളും അവസാനഘട്ട ടെസ്റ്റിംഗും പൂർത്തിയായി. നിലവിൽ 18,941 സർക്കാർ ഓഫീസുകളിൽ കെ ഫോൺ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 14,000 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകുന്ന




14,000 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ 2023 വിഷുദിനത്തിലാണ് ആരംഭിച്ചത്. 4422 വീടുകളിൽ കെ ഫോൺ സേവനം ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.

തിനുള്ള പ്രവർത്തനങ്ങൾ 2023 വിഷുദിനത്തിലാണ് ആരഭിച്ചത്. 4422 വീടുകളിൽ കെ ഫോൺ സേവനം ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.

എന്റെ കെ ഫോൺ ആപ്പ് വഴിയാണ് ഇപ്പോൾ വാണിജ്യാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നത്. 2000 വൈഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദിവാസി മേഖലകളിലും മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും ഫൈബർ നെറ്റ്‌വർക്ക് നൽകുന്നതിനായുള്ള ആദ്യപടിയായി കോട്ടൂർ മേഖലയിൽ ഫൈബർ നെറ്റ്‌വർക്ക് സ്ഥാപിക്കുകയും ചോനാമ്പാറയിൽ വൈഫൈ സ്ഥാപിക്കുകയും ചെയ്തു. കെഫോൺ സേവനങ്ങൾ മികവുറ്റതാക്കുന്നതിന് വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും മോഡവും പുറത്തിറക്കിയിട്ടുണ്ട്.

## സ്റ്റാർട്ടപ്പ് സംരംഭകരേ ഇതിലേ.. ഇതിലേ

ആവശ്യത്തിന് പഠിപ്പും താൽപര്യവുമുണ്ട്. പക്ഷെ സംരംഭങ്ങൾ തുടങ്ങാനുള്ള പിന്തുണ സർക്കാരിൽ നിന്നില്ല..

ഇതായിരുന്നു മുൻപൊക്കെ യുവസമൂഹത്തിന്റെ പരാതി. ആ കാലം മാറിക്കഴിഞ്ഞിരിക്കുന്നു. കരുത്തുറ്റ ആശയങ്ങളുണ്ടോ? ഗ്രാന്റുകളും സാമൂഹിക പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള, സാങ്കേതിക പ്രതിവിധി രൂപപ്പെടുത്താൻ പര്യാപ്തമായ ആശയങ്ങൾ. എങ്കിലിപ്പോൾ സർക്കാർ പിന്തുണയിൽ അവയെ സ്റ്റാർട്ടപ്പുകളായി ഉയർത്താം. 4700 സ്റ്റാർട്ടപ്പുകളാണ് ഇത്തരത്തിൽ സംരംഭകത്വ സംസ്കാരത്തിന്റെ നേർചിത്രമായി സംസ്ഥാനത്ത് വളർന്നത്. യുവജനങ്ങളെ തൊഴിലന്വേഷകരിൽ നിന്നും വിദഗ്ധരായ തൊഴിൽദാതാക്കളാക്കി മാറ്റി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുകയാണ് സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ.

സംരംഭകത്വ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക സംരംഭകരെ വാർ



ഒഴുക്കിനെതിരെ നീന്തുന്ന സംസ്ഥാനമാണ് കേരളം. പ്രതിസന്ധികളിൽ കൈത്താങ്ങാകാൻ മുന്നോട്ട് വരുന്ന സംസ്ഥാനം. കേരളത്തിന്റെ സമസ്ത നേട്ടങ്ങൾ അവതരിപ്പിക്കുന്ന കേരളീയത്തിന് ആശംസകൾ

ആർ രാജഗോപാൽ എഡിറ്റർ, അറ്റ്ലാർജ്, ദ ടെലഗ്രാഫ്




ത്തെടുക്കുന്നതിനും 2002 ൽ ടെക്നോപാർക്കിൽ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററായി പ്രവർത്തനം ആരംഭിച്ച സ്റ്റാർട്ടപ്പ് മിഷൻ 2014ലോടു കൂടി സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി മാറി. 4700 സ്റ്റാർട്ടപ്പുകൾ, 64 ഇൻകുബേറ്ററുകൾ, 450 ഇന്നൊവേഷൻ കേന്ദ്രങ്ങൾ, 10 ലക്ഷം ചതുരശ്ര അടി തൊഴിലിടം തുടങ്ങിയ നേട്ടങ്ങളിലൂടെ രാജ്യത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഇന്ന് കേരളം മാറി. ബജറ്റിൽ സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം.

ലോകോത്തര സാങ്കേതികവിദ്യകൾക്കനുസൃതമായി സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളെ ശക്തമാക്കുവാനും നൈപുണ്യപരിശീലനവും വൈദഗ്ധ്യവും മാർഗനിർദേശവും മറ്റു പിന്തുണകളും ലഭ്യമാക്കുന്നതിനുമായി 2019 ൽ കൊച്ചിയിൽ ഇൻറഗ്രേറ്റഡ് സ്റ്റാർട്ടപ്പ് സമുച്ചയം യാഥാർഥ്യമാക്കി. ഫാബ് ലാബുകളിലൂടേയും സാങ്കേതികപിന്തുണ നൽകുന്നുണ്ട്. പരമ്പരാഗത സോഫ്റ്റ് വെയർ ഐടി മേഖലയിൽ നിന്ന് മാറി ഇലക്ട്രോണിക്സ്, ഉൽപന്ന നിർമ്മാണം മുതലായ തലങ്ങളിലേക്ക് കൂടി സ്റ്റാർട്ടപ്പുകളുടെ സാധ്യത വ്യാപിപ്പിച്ചിട്ടുണ്ട്. അക്കാദമിക സമൂഹം, വ്യവസായം, ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ മുതലായവയെ സംയോജിപ്പിച്ചുള്ള രാജ്യത്തെ ഏക സുസ്ഥിര സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയാണ് കേരളത്തിലേത്.

മികച്ച സാങ്കേതിക പ്രതിവിധികൾ രൂപപ്പെടുത്തുന്നതിന് അനുയോജ്യമായ ആശയ

> മികച്ച സാങ്കേതിക പ്രതിവിധികൾ രൂപപ്പെടുത്തുന്നതിന് അനുയോജ്യമായ ആശയങ്ങൾക്ക് ഗ്രാന്റുകളും സബ്സിഡി നിരക്കിലുള്ള വായ്പകളും ലഭ്യമാണ്

ങ്ങൾക്ക് ഗ്രാന്റുകളും സബ്സിഡി നിരക്കിലുള്ള വായ്പകളും ലഭ്യമാണ്.

മികച്ച ആശയങ്ങൾ സമാഹരിക്കുന്നതിനുള്ള ഹാക്കത്തോണുകൾ, ഐഡിയത്തോൺ, കാൻസർടെക്, ഹെൽത്ത്ടെക്, ഫിൻടെക്, ആക്സിലറേറ്റർ ഇൻകുബേഷൻ പരിപാടികളും നടത്തുന്നു. സ്റ്റാർട്ടപ്പുകളുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള വേദിയാണ് ബിഗ് ഡെമോ ഡേ. രാജ്യത്തെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ ഹഡിൽ ഗ്ലോബൽ, നിക്ഷേപക സംഗമമെന്ന് വിശേഷിപ്പിക്കാവുന്ന സീഡിങ്ങ് കേരള, നിക്ഷേപക വിദ്യാഭ്യാസ പരിപാടി, പ്രവാസി സ്റ്റാർട്ടപ്പ് പദ്ധതി, ഇൻകുബേഷൻ പദ്ധതി, ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ് എന്നിവയും സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർഥി സംരംഭകരെ വാർത്തെടുക്കാൻ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ 450 കോളേജുകളിൽ നിലവിൽ പ്രവർത്തിക്കുന്നു.

വനിതാ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്ന വനിതാ സംരംഭക ഉച്ചകോടി, ഷീ ലവ്സ് ടെക്, മുതലായ പരിപാടികളും സ്കീമുകളും വായ്പാ സഹായ പദ്ധതികളുമുണ്ട്.

ഒട്ടേറെ വിജയഗാഥകൾ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ചരിത്രത്തിൽ ഇടംപിടിച്ചിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയുള്ള ഫിൻടെക് സ്റ്റാർട്ടപ്പായ ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് കേരളത്തിൽ നിന്നുള്ള



ആദ്യ യൂണികോൺ സ്റ്റാർട്ടപ്പ് എന്ന നേട്ടം കരസ്ഥമാക്കി. രാജ്യത്തെ യൂണികോൺ സംരംഭങ്ങളുടെ പട്ടികയിൽ നൂറാമതായാണ് ഓപ്പൺ ഇടംനേടിയത്. 2021-22ൽ ലോകത്തിലെ ഒന്നാം നമ്പർ പൊതു ബിസിനസ് ആക്സിലറേറ്ററായി സ്റ്റാർട്ടപ്പ് മിഷൻ തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റാർട്ടപ്പ് ഇന്ത്യയുടെ ദേശീയ റാങ്കിങ്ങിൽ തുടർച്ചയായി ബെസ്റ്റ് പെർഫോർമർ പുരസ്കാരം ലഭിച്ചു. ഡിപിഐഐടിയുടെ റാങ്കിങ്ങിൽ 2018, 2019, 2020 എന്നീ വർഷങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച് ഹാട്രിക് നേടി. ഇന്നൊവേഷൻ ആൻഡ് പബ്ലിക് പോളിസിയിൽ മുഖ്യമന്ത്രിയുടെ പുരസ്ക്കാരം ലഭിച്ചു. ലോകത്തിലെ രണ്ടാമത്തെ മികച്ച സയൻസ് ബേസ്ഡ് ഇൻകുബേറ്ററിനുള്ള പുരസ്കാരം നേടാനായി.

## ഐടി പാർക്കുകൾ തൊഴിലുണ്ട് വരുമാനവും

സുസ്ഥിര ഐടി അന്തരീക്ഷം സ്വായത്തമാക്കാൻ ഉന്നമിടുന്ന കേരളത്തിലെ മൂന്ന് ഐടി പാർക്കുകളിലായി ഒന്നരലക്ഷത്തോളം പേർ തൊഴിലെടുക്കുന്നു. ഐടി, ഐടി ഇതരസേവനങ്ങളിലൂടെ സംസ്ഥാന സമ്പദ് വ്യവസ്ഥക്ക് കരുത്തുറ്റ സംഭാവനയായി മാറുകയാണിവ.

സംസ്ഥാന ഐടി മേഖലയിലെ അഭിമാനമുഖങ്ങളാണ് രാജ്യത്തെ ആദ്യ ഐടി പാർക്കായ ടെക്നോപാർക്കും ഇൻഫോപാർക്കും സൈബർപാർക്കും. 2022- 23 ബഡ്ജറ്റിൽ വിഭാവനം ചെയ്ത കേരള ഐ.ടി കോറിഡോറിന്റെ ഭാഗമായാണ് തലസ്ഥാനത്ത് ടെക്നോപാർക്കും വ്യവസായ നഗരമായ കൊച്ചിയിൽ ഇൻഫോപാർക്കും വടക്കൻ കേരളത്തിന്റെ സാംസ്കാരിക കേന്ദ്രമായ കോഴിക്കോട് സൈബർപാർക്കും ഇപ്പോൾ പ്രവർത്തിക്കുന്നത്.ഈ ഇടനാഴിയിൽ കണ്ണൂരിലും കൊല്ലത്തുമുള്ള രണ്ടുപാർക്കുകളും മറ്റ് ചെറിയ പാർക്കുകളും ഉൾപ്പെടുന്നു.

നിലവിലെ കണക്ക് അനുസരിച്ച് 1,50,000ത്തിൽ അധികം പ്രൊഫഷനലുകൾ 1200 ഓളം കമ്പനികളിലായി ഐ.ടി പാർക്കുകളിൽ ജോലി ചെയ്യുന്നുണ്ട്.

2004 ൽ ആരംഭിച്ച ഇൻഫോപാർക്ക് നിലവിൽ 9.2 ദശലക്ഷത്തിലധികം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയുമായാണ് പ്രവർത്തിക്കുന്നത്. തൃശൂർ ജില്ലയിലെ കൊരട്ടിയിലും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും ഇൻഫോപാർക്കിന്റെ രണ്ട് സാറ്റ്ലൈറ്റ് ക്യാംപസുകൾ സ്ഥിതി ചെയ്യുന്നു. കൂടാതെ കൊച്ചി കലൂരിൽ ഇൻഫോപാർക്ക് ടെക്നോളജി ബിസ്നസ് സെൻററും പ്രവർത്തിക്കുന്നുണ്ട്. 580 കമ്പനികളിലായി 67,000 ഐ.ടി പ്രൊഫഷണലുകൾ തൊഴിലെടുക്കുന്നുണ്ട്. വിവരസാങ്കേതികവിദ്യയെ പരിപോഷിപ്പിക്കുന്ന ലോകോത്തര ആവാസവ്യവസ്ഥ കേരളത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് ഇൻഫോപാർക്ക് മുന്നോട്ട് വെക്കുന്നത്. 2022 - 2023 സാമ്പത്തിക വർഷം 9186 കോടി രൂപയാണ് ഇൻഫോപാർക്കിന്റെ സോഫ്റ്റ്‌വെയർ കയറ്റുമതി വരുമാനം.



മലയാളി എന്ന നിലയിൽ ഞാൻ രണ്ടു കാര്യങ്ങളിലാണ് അഭിമാനം കൊള്ളുന്നത്. ശ്രീനാരായണഗുരുവും അയ്യൻകാളിയും പൊയ്കയിൽ അപ്പച്ചനുമൊക്കെ ജനിച്ച ഈ മണ്ണിൽ ജനിക്കാനായി എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. രണ്ടാമത് സാമൂഹ്യവും സാംസ്കാരികവും മതപരവുമായ അവരുടെ ആര്യൻ അധിനിവേശത്തെ ചെറുത്തുനിന്ന് പോരാടിയ ദ്രാവിഡ സംസ്കാരം ഉള്ള ജനതയാണ് നമ്മുടേത്. അതിന്റെ ഭാഗമായി നിന്നുകൊണ്ട് അരികുവൽക്കരിക്കപ്പെട്ടവനുവേണ്ടി ഭാഷകൊണ്ട് ഇടപെടാൻ കഴിയുന്നതിൽ അഭിമാനിക്കുന്നു.

ഫ്രാൻസിസ്
നൊറോണ എഴുത്തുകാരൻ

വടക്കൻ കേരളത്തിലെ പ്രധാന ഐ.ടി ഹബ്ബായാണ് കോഴിക്കോട് സർക്കാർസൈബർ പാർക്ക് വിഭാവനം ചെയ്തത്. 2009 ജനുവരി 28ന് സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്ത സ്വയംഭരണ സ്ഥാപനമാണ് സൈബർപാർക്ക്. നിലവിൽ മൂന്ന് ലക്ഷം സ്ക്വയർഫീറ്റ് ബിൽറ്റ് അപ്പ് സ്ഥലത്ത് 84 കമ്പനികളിലായി 2,100 ജീവനക്കാരുണ്ട്. 105 കോടി രൂപയാണ് (2022–2023) സോഫ്റ്റുവെയർ കയറ്റുമതി വരുമാനം.

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ടെക്നോപാർക്ക് ഇന്ത്യയിലെ ആദ്യ ഐ.ടി പാർക്കാണ്. രാജ്യത്തെ ഏറ്റവും വലുതും. ലോകത്തിലെ ഏറ്റവും വലിയ ഹരിത ടെക്നോപോളിസുകളിൽ ഒന്നുമാണ്. 1990–ൽ തലസ്ഥാനത്ത് നിലവിൽ വന്ന ടെക്നോപാർക്കിൽ 486 കമ്പനികളിലായി 72,000 ഐ.ടി പ്രൊഫഷണലുകൾ ജോലി ചെയ്യുന്നു. 2021 – 2022ൽ 9775 കോടി രൂപയാണ് സോഫ്റ്റുവെയർ കയറ്റുമതി വരുമാനം. തിരുവനന്തപുരത്ത് നാല് ഫെയ്സുകളിലായും കൊല്ലത്ത് ഒരു ഫെയ്സിലുമായി വ്യാപിച്ചു കിടക്കുന്ന ടെക്നോപാർക്കിൽ ലോകോത്തര ഐ.ടി കമ്പനികൾ പ്രവർത്തിക്കുന്നു.

അടുത്ത അഞ്ചു വർഷത്തിനകം 30,800 പേർക്ക് തൊഴിൽ ഉറപ്പാക്കാൻ വേണ്ട സൗകര്യങ്ങളൊരുക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് പുരോഗമിക്കുന്നത്.

## പുനർഗേഹം
## കടലെടുക്കാതെ ഒരു പാർപ്പിടം

തീരദേശജനതക്ക് ആകുലതകളുടെ വേലിയേറ്റത്തിൽ നിന്നും ആശ്വാസത്തിന്റെ പച്ചത്തുരുത്തായി മാറുകയാണ് പുനർഗേഹം. ഉറക്കമില്ലാത്ത രാവുകളും നഷ്ടങ്ങളുടെ വേദനയും സമ്മാനിച്ച കറുത്ത ദിനങ്ങളിൽ നിന്നും 3917 (3527 വീടുകളും 390 ഫ്ലാറ്റുകളും.) നിർമാണത്തിലിരിക്കുന്ന 944 ഫ്ലാറ്റുകൾ കൂടി കണക്കിലെടുത്താൽ, ആകെ 4861 കുടുംബങ്ങളെയാണ് ഇതുവരെ പ്രതീക്ഷകളുടെ തീരത്തേക്ക് കേരളം കൈപിടിച്ചുയർത്തിയത്.

തീരദേശത്തെ വേലിയേറ്റരേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയാണ് പുനർഗേഹം.

10 ലക്ഷം രൂപയാണ് ഒരു ഗുണഭോക്താവിന് ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്നതിനായി പരമാവധി അനുവദിക്കുന്നത്.





വ്യക്തിഗത ഭവനനിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ്സ് ഗ്രൂപ്പ് രൂപവൽക്കരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് എന്നിവയിലൂടെയുമാണ് പുനരധിവാസം ഉറപ്പാക്കുന്നത്. ഭൂമി കണ്ടെത്തുവാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്കായി സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് കൈമാറുന്നുണ്ട്. രണ്ട് കിടപ്പുമുറികൾ, ഹാൾ, അടുക്കളയും ശൗചാലയവും ഉള്ളതാണ് ഫ്ലാറ്റുകൾ.

## ലൈഫ്
## എല്ലാവർക്കുമൊരു തണലിടം

തലചായ്ക്കാനിടമില്ലാത്ത ആശയറ്റവർക്ക് അടച്ചുറപ്പുള്ള വീട് എന്നും സ്വപ്നമാണ്. പ്രകൃതി ദുരന്തങ്ങളുടേയും ജീവിതദുരിതങ്ങളുടേയും ഭാരവും പേറിനടക്കുന്നവർക്ക് സുരക്ഷിതഭവനങ്ങളൊരുക്കി അവരെ ചേർത്തു പിടിക്കുകയാണ് കേരളം. ലൈഫ് മിഷനിലൂടെ 3,54,712 കുടുംബങ്ങൾക്കാണ് 2023 സെപ്തംബർ 30 വരെ സർക്കാർ തണലൊരുക്കിയത്. ഇതോടൊപ്പം 1,20,579 വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

നവകേരളം സൃഷ്ടിക്കുന്നതിനായി രൂപം കൊടുത്ത നവകേരളം കർമ്മപരിപാടിയിലെ സുപ്രധാന മിഷനാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുപദ്ധതികളിലൂടെ തുടങ്ങിവച്ചിരുന്നതും പൂർത്തിയാകാത്തതുമായ ഭവനനിർമ്മാണങ്ങളും ഏറ്റെടുത്ത് ജീവനോപാധി കൂടി ഉറപ്പാക്കിക്കൊണ്ടുള്ള ബൃഹത് പദ്ധതിയാണ് ലൈഫ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും നേതൃത്വത്തിലുള്ള സംയുക്ത പദ്ധതിയാണിത്. കേന്ദ്ര ഭവനപദ്ധതികളിലെ സബ്സിഡി തുക കുറവായതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർ



വർഗീയ ചിന്തകളെ മറികടക്കാനും സാമൂഹികപ്രശ്നങ്ങൾ പരിഹരിച്ച് തുല്യനീതി ഉറപ്പാക്കാനുമുള്ള സജീവയാത്രയിൽ കേരളീയം വലിയ പങ്കുവഹിക്കും

തനൂജ എസ്. ഭട്ടതിരി, എഴുത്തുകാരി

ക്കാരും ചേർന്ന് ബാക്കി തുക കണ്ടെത്തി വേർതിരിവില്ലാതെ സംസ്ഥാന നിരക്കിലാണ് ധനസഹായം നൽകുന്നത്. ലൈഫ് മിഷൻ മുഖേന 4,75,291 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി നാളിതു വരെ കരാറിലേർപ്പെട്ടിട്ടുണ്ട്.

ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ട മായാണ് നടപ്പിലാക്കുന്നത്. സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ ഭവനനിർമ്മാണം ആരംഭിക്കുകയും നിർമ്മാണം നിലച്ച ഭവന ങ്ങളുടെ പൂർത്തീകരണവുമായിരുന്നു ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടത്. ഈ ഘട്ടത്തിൽ നിർമ്മാണം നിലച്ച 54,116 ഭവനങ്ങളെ കണ്ടെ ത്തുകയും ഭവനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനര ഹിതരുടെ പുനരധിവാസമാണ് നടപ്പിലാക്കിവ രുന്നത്. ഇതിലൂടെ ഇതുവരെ 2,77,777 കുടുംബങ്ങൾ സുരക്ഷിത ഭവനങ്ങൾക്കുട മയായി. 1,20,579 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസ മായിരുന്നു ലൈഫ് മൂന്നാംഘട്ടത്തിൽ ലക്ഷ്യ മിട്ടത്. ഇതിൽ അർഹരായ ഗുണഭോക്താ ക്കളിൽ 34,488 പേർ സ്വന്തമായോ വകുപ്പ് മുഖേനയോ ഭൂമി ആർജിച്ച് ഭൂമിയുള്ള ഭവന രഹിതരായി മാറി. ഇത്തരത്തിൽ ഭൂമിയുള്ള ഭവനരഹിതരായവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയതിലൂടെ 23,612 ഗു ണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു.

11 ഭവനസമുച്ചയങ്ങളിലൂടെ 643 ഭൂരഹിത, ഭവനരഹിത ഗുണഭോക്താക്കളെ പുനരധിവസിപ്പിച്ചു. 21 ഭവന സമുച്ചയങ്ങ ളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി ലഭിച്ച ഭൂമിയിലെ രണ്ട് ഭവനസമുച്ചയങ്ങളു ടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാഥമിക ഘട്ടത്തിലാണ്. ഭിന്നശേഷിക്കാർക്കും അതി ദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ അതിദരിദ്രർക്കും പിന്നാക്ക വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു.

ഗുണഭോക്താക്കൾക്ക് വിലക്കുറവിൽ നിർമ്മാണസാമഗ്രികൾ ലഭ്യമാക്കിയത് ലൈഫ് പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കി. ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്ന തിനായി ആവിഷ്കരിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ 24.55 ഏക്കർ ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങു ന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി ധനസ ഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. അതിൻപ്രകാരം 450 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു.

ലൈഫ് പദ്ധതിയിലൂടെ പൂർത്തീകരിച്ച ഭവനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തിയിട്ടുണ്ട്

## കുടുംബശ്രീ
## അടുക്കളയിൽനിന്ന് അരങ്ങിലേക്ക്

ലോകത്തിനു മുന്നിൽ സ്ത്രീശാക്തീകരണ ത്തിന്റെ ഉദാത്ത മാതൃകയായി അഭിമാന പൂർവം ഉയർത്താനാവുന്ന ഒന്നാണ് കുടുംബ ശ്രീ പ്രസ്ഥാനത്തിന്റെ ചരിത്രം. ദാരിദ്ര്യത്തെ മറികടന്ന സാധാരണക്കാരായ സ്ത്രീകളുടെ




അതിജീവനവും സാമ്പത്തികവും സാമൂഹി കവും മാനസികവും ബൗദ്ധികവുമായ വികാസവും ഉൾപ്പെടെയുള്ള വികസന ചരിത്രമാണ് കുടുംബശ്രീയുടേത്. പെൺകരു ത്തിൽ പടുത്തുയർത്തിയ സമാനതകളില്ലാത്ത മുന്നേറ്റം. ഏഷ്യൻ ഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീക്കൂട്ടായ്മയാണ് മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലായി 46.16 ലക്ഷം വനിതകൾ അംഗങ്ങളായുള്ള കുടുംബ ശ്രീയെന്ന ഈ ത്രിതല സംഘടനാ സംവിധാനം.

1998ലെ ഇ.കെ നായനാർ സർക്കാരാണ് ദാരിദ്ര്യം ഇല്ലായ്മ ചെയ്തു സ്ത്രീശാക്തീകരണം സാധ്യമാക്കുകയെന്ന വലിയ ലക്ഷ്യം മുൻനിർത്തി 1998 മെയ് 17ന് കുടുംബശ്രീ രൂപവൽക്കരിച്ചത്. സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാനും അതിലൂടെ ദാരിദ്ര്യത്തെ ലഘൂകരിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുകയെന്ന ശ്രമകരമായ ദൗത്യം കുടുംബശ്രീ ഏറ്റെടുത്തു. അടുക്കളയുടെ ചുറ്റുവട്ടത്തിനുള്ളിൽ വീട്ടമ്മമാരായി മാത്രം കഴിഞ്ഞിരുന്ന ആയിരക്കണക്കിന് സ്ത്രീകളുടെ ജീവിതത്തിലേക്കാണ് കുടുംബശ്രീ വെളിച്ചവുമായെത്തിയത്.



അയൽക്കൂട്ടങ്ങളിൽ സൂക്ഷ്മസമ്പാദ്യം പ്രോത്സാഹിപ്പിക്കുകയും അതിൽനിന്നും തങ്ങളുടെ ആവശ്യങ്ങൾക്കായി വായ്പ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ വീട്ടുമുറ്റത്തെ ബാങ്കായി അയൽക്കൂട്ടങ്ങൾ മാറി. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന മൈക്രോ ഫിനാൻസ് പദ്ധതിയുടെ ഭാഗമായി നിലവിൽ 8029.47 കോടി രൂപയുടെ നിക്ഷേപം അയൽക്കൂട്ടങ്ങളുടേതായി ഇന്ന് സംസ്ഥാനത്തെ വിവിധ ബാങ്കുകളിലുണ്ട്. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ, സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് എന്നിവയുമായി സഹകരിച്ച് 'ജീവൻ ദീപം ഒരുമ' ഇൻഷുറൻസ് പദ്ധതിയിലൂടെ 11.31 ലക്ഷം അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കി.

കുടുംബശ്രീ മുഖേന നടത്തുന്ന വിവിധ പദ്ധതികളുടെ ഭാഗമായി ഇന്ന് സംസ്ഥാനമൊട്ടാകെ 1,08,464 സൂക്ഷ്മസംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടു ലക്ഷത്തോളം വനിതകൾ ഇതിൽ അംഗങ്ങളാണ്.
ഉൽപാദന സേവന മേഖലകളിൽ വൈവിധ്യമാർന്ന തൊഴിൽ അവസരങ്ങൾ കണ്ടെത്താനും അതിലൂടെ സ്ത്രീകൾക്ക് സുസ്ഥിര വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതിനും കുടുംബശ്രീക്ക് സാധിച്ചു. ഇപ്രകാരം ഓരോ പ്രദേശത്തും കൂടുതൽ തൊഴിൽ സംരംഭങ്ങളും വരുമാന സാധ്യതകളും ഉയർത്തിക്കൊണ്ടു വരുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിലും കുടുംബശ്രീ വലിയ പങ്കാണ് വഹിക്കുന്നത്. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതികളുടെ ഭാഗമായി 96864 പേർക്ക് തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനും 72412 പേർക്ക് തൊഴിൽ നേടിക്കൊടുക്കാനും കഴിഞ്ഞു.

പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിലും കുടുംബശ്രീ വലിയ പങ്കാണ് വഹിക്കുന്നത്

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് ഇപ്പോൾ 1108 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. അമൃതം ന്യൂട്രിമിക്സ് നിർമ്മിച്ചു



ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. ട്രാൻസ് വ്യക്തികളെ അംഗീകരിച്ച ആദ്യ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ട്രാൻസ് വ്യക്തികൾക്ക് അവരുടെ സ്വത്വത്തിൽ നിന്നുകൊണ്ട് പഠിക്കാനും പ്രവർത്തിക്കാനും കഴിയുന്ന സ്ഥിതി ഇന്ന് കേരളത്തിലുണ്ട്. കേരളത്തിൽ ജനിച്ചതിൽ ഞാൻ അഭിമാനിക്കുന്നു.

രഞ്ജു രഞ്ജിമാർ മേക്കപ്പ് ആർട്ടിസ്റ്റ്

വിതരണം ചെയ്യുന്ന 'ന്യൂട്രിമിക്സ്' പദ്ധതി, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുമായി സഹകരിച്ച് അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹരിതകർമ്മസേന, വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, 'എറൈസ്' മൾട്ടി ടാസ്ക് ടീമുകൾ എന്നിവയും കുടുംബശ്രീ വിജയിപ്പിച്ച പദ്ധതികളാണ്. കൊച്ചി റെയിൽമെട്രോയുടെ 24 സ്റ്റേഷനുകളിലും ജോലി ചെയ്യുന്നത് കുടുംബശ്രീ വനിതകളാണ്. നിലവിൽ 555 വനിതകൾ ഇവിടെയുണ്ട്. കൊച്ചി വാട്ടർ മെട്രോയിലും തിളങ്ങുന്നത് കുടുംബശ്രീയുടെ പെൺകരുത്താണ്.

തദ്ദേശ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ചു നടപ്പാക്കുന്ന അഗതിരഹിതകേരളം പദ്ധതി യിലൂടെ 1,57,382 അഗതി കുടുംബങ്ങൾക്ക് കുടുംബശ്രീ താങ്ങും തണലുമാകുന്നു.

സ്ത്രീ പദവി സ്വയംപഠന പ്രക്രിയ, അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി 14 ജില്ലകളിലും അട്ടപ്പാടിയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, പ്രാദേശികലത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി 19,326 വിജിലന്റ് ഗ്രൂപ്പുകൾ, 803 ജെൻഡർ റിസോഴ്സ് സെൻററുകൾ, 140 മാതൃകാ ജെൻഡർ റിസോഴ്സ് സെൻററുകൾ, 304 സ്കൂളുകളിലും 70 കോളേജുകളിലും ജെൻഡർ ക്ളബ്ബുകൾ, 360 കമ്മ്യൂണിറ്റി കൗൺസിലർമാർ എന്നിവയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നു. സ്വയംപ്രതിരോധത്തിനും ആത്മവിശ്വാസം വളർത്തുന്നതിനും സ്ത്രീകൾക്ക് കരാട്ടേ പരിശീലനം നൽകുന്നതിന് 'ധീരം' പദ്ധതിയുണ്ട്.

നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ മുഖേന ഇന്ത്യയിലെ 24 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തും സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കി അവിടുത്തെ ദരിദ്രവനിതകൾക്കും കുടുംബങ്ങൾക്കും അഭയകേന്ദ്രമാവുകയാണ് കേരളത്തിന്റെ കുടുംബശ്രീ.

കാൽനൂറ്റാണ്ട് പൂർത്തിയാകുമ്പോൾ അടുക്കളയിൽ നിന്ന് അരങ്ങത്തേക്കും അധികാരശ്രേണിയിലേക്കും സമഗ്രശാക്തീകരണത്തിലേക്കും സ്ത്രീകളെ നയിച്ചു മുന്നേറുകയാണ് കുടുംബശ്രീ.

## ദേശീയപാത വികസനം
## ഇച്ഛാശക്തിയുടെ പാതകൾ

അടിസ്ഥാനസൗകര്യ വികസനം കേരളത്തിൻറെ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് അതിപ്രധാനമാണ്. ഈ രംഗത്ത് കേരളത്തെ മികച്ച ഹബ്ബായി മാറ്റാനുള്ള പദ്ധതികളാണ്




സർക്കാർ നടപ്പിലാക്കുന്നതും. ഈ പശ്ചാത്തലത്തിലാണ് ദേശീയപാതവികസനത്തിന് കേരളം മുൻഗണന നൽകുന്നത്.

മുംബൈ മുതൽ കന്യാകുമാരി വരെ നീളുന്ന ദേശീയ പാത - 66 ന്റെ വികസനം കേരളത്തിന്റെ ദീർഘകാലമായുള്ള ആവശ്യമാണ്. മഞ്ചേശ്വരം തലപ്പാടി മുതൽ കാരോട് തമിഴ്നാട് അതിർത്തി വരെ നീളുന്ന പാതയുടെ വികസനം ഏറെ ചർച്ച ചെയ്തതുമാണ്. ഇതിനായുള്ള ശ്രമങ്ങൾ ദേശീയ പാതാ അതോറിറ്റി ആരംഭിക്കുകയും ചെയ്തു. എന്നാൽ ഭൂമി ഏറ്റെടുക്കലിലെ കാലതാമസം ചൂണ്ടിക്കാട്ടി 2015 ൽ ദേശീയ പാത അതോറിറ്റി പദ്ധതി ഉപേക്ഷിക്കുന്നതായി പ്രഖ്യാപിച്ചു.

2016 ൽ പിണറായി വിജയൻ സർക്കാരാണ് പദ്ധതി തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. പ്രധാനമന്ത്രി, ഉപരിതലഗതാഗത മന്ത്രി എന്നിവരെ പലതവണ കണ്ട് മുഖ്യമന്ത്രി, കേരളത്തിലെ ദേശീയപാത വികസനമെന്ന ആവശ്യം മുന്നോട്ടുവെച്ചു. തുടർ ചർച്ചകൾക്കും സമ്മർദങ്ങൾക്കും ഒടുവിൽ കേരളത്തിൻറെ ശ്രമങ്ങൾ ഫലം കാണുകയായിരുന്നു. 2019 ൽ ദേശീയപാത വികസന പദ്ധതി നടപ്പിലാക്കണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചു. സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിക്കണമെന്ന നിബന്ധനയോടെയാണ് കേന്ദ്രം പദ്ധതിക്ക് അംഗീകാരം നൽകിയത്. അടിസ്ഥാനസൗകര്യവികസനരംഗത്ത് വൻകുതിപ്പ് മുന്നിൽകണ്ട് സംസ്ഥാന സർക്കാർ ഈ നിർദേശം അംഗീകരിച്ചു. ഫണ്ട് വകയിരുത്താനും തീരുമാനിച്ചു.

ദേശീയ പാത -66 ന്റെ വികസനത്തിന് ആകെ 1190.67 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഒപ്പം നിന്ന് മികച്ച തുടർജീവിതം സാധ്യമാക്കാനാകുന്ന നഷ്ടപരിഹാരം ഉറപ്പാക്കി, മുഖ്യമന്ത്രി തന്നെ ജനങ്ങളോട് സംസാരിച്ച് നഷ്ടപരിഹാരം സംബന്ധിച്ച ആശങ്കകൾ പരിഹരിച്ചു. ജനങ്ങൾ ഭൂമി വിട്ടുനൽകുന്നതിന് തയ്യാറായി. നിലവിൽ 98.5 ശതമാനത്തോളം ഭൂമി ഏറ്റെടുത്ത് കൈമാറി. സംസ്ഥാന വിഹിതമായി 5580.73 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി.



**സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ എല്ലാ പിന്തുണയും കേരളം നൽകുന്നുണ്ട്.**

കാലത്തിൻറെ മാറ്റങ്ങൾക്ക് അനുസൃതമായി ദ്രുതവേഗത്തിലാണ് ദേശീയപാത വികസിക്കുന്നത്. കഴക്കൂട്ടം എലവേറ്റഡ് ഹൈവേ തുറന്നു കൊടുത്തു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 21 പദ്ധതികളാണ് പുരോഗമിക്കുന്നത്. ഇതിൽ മൂന്ന് പദ്ധതികൾ പൂർത്തിയായി. രണ്ടെണ്ണം അന്തിമ ഘട്ടത്തിലാണ്. മറ്റിടങ്ങളിൽ പ്രവർത്തനം പുരോഗമിക്കുന്നു. ദേശീയപാത 66 ൽ അരൂർ -തുറവൂർ റീച്ചിൽ 12.75 കിലോ മീറ്റർ ദൂരം ആറു വരി എലവേറ്റഡ് ഹൈവേ ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇവിടെയും പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.



ഒരു മലയാളി ആയതിൽ ഏറെ അഭിമാനിക്കുന്ന ഒരാളാണ് ഞാൻ. അതിൽ ഏറ്റവും കൂടുതൽ അഭിമാനം തോന്നാറുള്ളത് മലയാള ഭാഷയെക്കുറിച്ചോർക്കുമ്പോൾ തന്നെയാണ്.

മൃദുല വാരിയർ, ഗായിക

സമയബന്ധിതമായി
പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ എല്ലാ പിന്തുണയും കേരളം നൽകുന്നുണ്ട്. മുഖ്യമന്ത്രി നിശ്ചിത ഇടവേളകളിൽ അവലോകനയോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുന്നു. 2025 ൽ പൂർത്തീകരിക്കാൻ കഴിയുന്ന
തരത്തിലുള്ള പ്രവർത്തനമാണ് തുടരുന്നത്.

മറ്റ് ദേശീയപാതകളുടെ വികസനവും കേരളത്തിൽ സാധ്യമാക്കാൻ ശ്രമിക്കുകയാണ്. കൃത്യമായ സമയക്രമം നിശ്ചയിച്ച് പ്രവൃത്തി വിലയിരുത്തലുകൾ നടത്തിയാണ് കുതിരാൻ ടണലിന്റെ പ്രവൃത്തി പൂർത്തിയാക്കിയത്, വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുന്നതോടെ തലസ്ഥാനത്ത് സാധ്യമാകുന്ന വികസനക്കുതിപ്പിന് ആക്കം കൂട്ടാൻ വിഴിഞ്ഞം–നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതി ഉൾപ്പെടെ ആവിഷ്കരിച്ച് നടപ്പാക്കുന്നു. കേരളം സമർപ്പിച്ച പദ്ധതി നിർദേശം അംഗീകരിച്ച് ദേശീയ പാത അതോറിറ്റി വഴി നടപ്പാക്കാനാണ് തീരുമാനം.

തിരുവനന്തപുരം ഔട്ടർ റിംഗ് റാഡ്, കൊല്ലം–ചെങ്കോട്ട നാലുവരി പാത, ദേശീയ പാത 966ൽ പാലക്കാട്–കോഴിക്കോട് നാലുവരി പാത, ദേശീയപാത 544ൽ അങ്കമാലി–കുണ്ടന്നൂർ ആറുവരി ബൈപ്പാസ് (എറണാകുളം ബൈപ്പാസ്) എന്നീ പദ്ധതികൾക്കുള്ള പദ്ധതിരേഖ തയ്യാറാക്കൽ
അന്തിമഘട്ടത്തിലാണ്.

ദേശീയപാത 85ൽ കൊച്ചി–മൂന്നാർ–തേനി നാലുവരിപാത, ദേശീയപാത 544ൽ വാളയാർ–വടക്കാഞ്ചേരി ആറുവരി പാത, തൃശ്ശൂർ –അങ്കമാലി ആറുവരി പാത, തിരുവനന്തപുരം–കോട്ടയം –അങ്കമാലി നാലുവരി പാത, മലപ്പുറം–കുട്ട എക്കണോമിക് കോറിഡോർ പ്രവൃത്തികളുടെ പദ്ധതിരേഖയും തയ്യാറാക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കലിന് ഒന്നാംഘട്ട അനുമതിയും ലഭ്യമായി.

ദേശീയപാത 85 ൽ കൊച്ചി–മൂന്നാർ ഇ.പി.സി മോഡിൽ പേവ്ഡ് ഷോൾഡറോഡുകൂടി രണ്ടുവരി പാത വികസിപ്പിക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തിയായി. ദേശീയ പാത–766ൽ കോഴിക്കോട്– മുത്തങ്ങ പാത പേവ്ഡ് ഷോൾഡറോഡു കൂടി രണ്ടുവരി പാത വികസിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിനുള്ള തുക അനുവദിച്ചു. ദേശീയപാത 185 ൽ അടിമാലി–കട്ടപ്പന പാത വികസനത്തിന് ഭൂമി റ്റെടുക്കലിനുള്ള തുകയും നുവദിച്ചിട്ടുണ്ട്.

ദേശീയപാത വികസനത്തിനൊപ്പം മലയോര പാത, തീരദേശപാത, ലെവൽക്രോസ് ഇല്ലാത്ത കേരളം തുടങ്ങിയ പദ്ധതികൾ ചേർന്ന് കേരളത്തിന്റെ വികസനം കൂടുതൽ തിളക്കമുള്ളതാകും.

**ദുരന്തനിവാരണം**

## ദുരന്തങ്ങളിൽ പതറില്ലീ കേരളം

പ്രളയം, ഉരുൾപൊട്ടൽ, കൊറോണ തുടങ്ങി നാം നേരിടുന്ന ഏതു വെല്ലുവിളികളിലും കേരളജനതക്ക് അടിപതറാതെ മുന്നോട്ടു പോകാനുള്ള ആർജവം പകരുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യക്ഷമമായ ഇടപെടലുകളാണ്. ദുരന്ത സാധ്യതകളെ കൃത്യമായി മുൻകൂട്ടി അറിയിക്കുന്നതിലും ദുരന്തങ്ങളെ അതിജീവിക്കുന്നതിലും വഴികാട്ടിയാണ് ഈ സ്ഥാപനം.





# ഹരിതകർമസേന നാടിന്റെ സൽക്കർമ്മസേന

നാടിനെ മാലിന്യമുക്തമാക്കി ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ മുൻകൈ എടുക്കുകയാണ് കേരളം. ചെറിയ ചുവടുവയ്പ്പുകൾ വിപ്ലവകരമായ മാറ്റങ്ങളിലേക്ക് വഴിതെളിക്കുന്നതുപോലെയാണ് കുടുംബശ്രീ സംരംഭമായ ഹരിതകർമസേന നാട്ടിലുണ്ടാക്കിയ മാറ്റം.

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃതരീതിയിൽ പരിഹാരം കാണുന്നതിന് രൂപവൽക്കരിച്ച സംവിധാനമാണ് ഹരിതകർമസേന. 'മാലിന്യമുക്തം നവകേരളം' ക്യാമ്പെയിന്റെ ഭാഗമായി സംസ്ഥാനത്ത് ശുചിത്വം കൈവരിക്കുന്നതിന് ഹരിതകർമസേനകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

നിലവിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ആരോഗ്യവകുപ്പ്, ക്ളീൻ കേരള കമ്പനി എന്നിവയുമായി ചേർന്നു മാലിന്യ മുക്തം നവകേരളത്തിനായി കുടുംബശ്രീയുടെ കീഴിലുള്ള 32440 ഹരിതകർമസേനകൾ പ്രവർത്തിക്കുന്നു.

ഭൂമിശാസ്ത്രപരമായി ബഹുമുഖ ദുരന്തസാധ്യതയുള്ള പ്രദേശമാണ് നമ്മുടെ കൊച്ചു കേരളം. സംസ്ഥാനത്തെ ബാധിക്കാൻ സാധ്യതയുള്ള 17 തരം പ്രകൃതിദുരന്തങ്ങളും 22 തരം മനുഷ്യനിർമ്മിത ദുരന്തങ്ങളും സംസ്ഥാന ദുരന്തനിവാരണ പ്ലാനിൽ വ്യക്തമാക്കിയിരിക്കുന്നു. ദുരന്തസാധ്യതകളുടെ ലഘൂകരണം, തയ്യാറെടുപ്പ്, പ്രതിരോധം തുടങ്ങിയവ ശാസ്ത്രീയമായ രീതിയിൽ വിശകലനം ചെയ്യാനും മെച്ചപ്പെടുത്താനുമായി 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരം 2007 മെയ് 4 നു സ്ഥാപിതമായ സംവിധാനമാണ് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ). സാങ്കേതിക കാര്യങ്ങളും അടിയന്തര പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു പ്രവർത്തിപ്പിക്കാൻ എമർജൻസി ഓപ്പറേഷൻ സെന്റർ (കെഎസ്ഇഒസി) മേൽനോട്ടം വഹിക്കുന്നു. ജില്ലാതലത്തിലും എമർജൻസി ഓപ്പറേഷൻ സെന്റർ ഇജ്ജീകരിച്ചിട്ടുണ്ട്.

തുടർച്ചയായി നേരിട്ട ദുരന്തങ്ങളെ തരണം ചെയ്യാൻ വഹിച്ച പങ്ക്, അതിജീവനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ, കാലാവസ്ഥവ്യതിയാനം ഉൾപ്പെടെ പരിഗണിച്ചു ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണം, എല്ലാവിഭാഗത്തേയും ഉൾക്കൊള്ളിച്ചുള്ള മാതൃകാപ്രവർത്തനങ്ങൾ തുടങ്ങി നിരവധി ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ അതോറിറ്റിക്ക് സാധിച്ചിട്ടുണ്ട്. ദുരന്തസാധ്യത കുറയ്ക്കുന്നതിന് സംസ്ഥാനത്ത് വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും നിരവധി ഭേദഗതികൾ കൊണ്ടുവരാൻ കഴിഞ്ഞു. ദേശീയതലത്തിൽ കെഎസ്ഡിഎംഎ അഞ്ചാമത്തെ മികച്ച ദുരന്തനിവാരണ അതോറിറ്റിയായി ശ്രദ്ധിക്കപ്പെട്ടു.

ദുരന്തങ്ങൾ എല്ലാവിഭാഗം മനുഷ്യരേയും ഒരുപോലെയല്ല ബാധിക്കുക എന്ന തിരിച്ചറിവിലാണ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പ്രവർത്തിക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ കണ്ടെത്തി അവരെകൂടി ഉൾച്ചേർത്തു കൊണ്ടുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങളാണ് കേരളം മുന്നോട്ട് വക്കുന്നത്. അതോറിറ്റി ഇതിനോടകം തന്നെ നടപ്പിലാക്കിയ ഭിന്നശേഷിസൗഹൃദ ദുരന്തലഘൂകരണ പദ്ധതി, ദേശീയ ദുരന്തനിവാരണ അതോറിറ്റി രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളോട് മാതൃകയാക്കാൻ നിർദേശിച്ചു. ആദിവാസി വിഭാഗങ്ങളെ കേന്ദ്രീകരിച്ച് തയ്യാറാക്കിയ ട്രൈബൽ ദുരന്തനിവാരണ പ്ലാനും ദേശീയതലത്തിൽ ശ്രദ്ധനേടി. ട്രാൻസ്ജൻഡർ ഇൻക്ലൂസീവ് ദുരന്തനിവാരണ പദ്ധതി, അതിഥി തൊഴിലാളികൾക്കായും വയോജനങ്ങൾക്കായും പ്രത്യേകമായ ദുരന്തനിവാരണ നയവും പദ്ധ



തിയും ഒക്കെ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിലാണിപ്പോൾ.

ദുരന്തനിവാരണ പ്രവർത്തനങ്ങളിലെ ആസൂത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി രാജ്യത്തിനാകെ മാതൃകയായി കേരളം പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കി. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി ചേർന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കേരളത്തിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങൾക്കും ദുരന്തനിവാരണ പ്ലാനുകൾ സജ്ജമാക്കി.

ഇതിനോടകം തന്നെ പ്രളയ ആവർത്തന സാധ്യതഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദുരന്ത ലഘൂകരണത്തിൽ സുപ്രധാനമായ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നിരന്തരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇവ കൂടുതൽ ശാക്തീകരിക്കാനും കാര്യക്ഷമമാക്കാനുമായി കവചം പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി സൈറണുകൾ, സ്ട്രോബ്ലൈറ്റുകൾ, ലൊക്കേഷൻ അധിഷ്ഠിത സന്ദേശമയയ്ക്കൽ സംവിധാനം, ക്യാപ് അലർട്ടുകൾ എന്നിവയുള്ള ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിയോടെയുള്ള മുന്നറിയിപ്പ് സംവിധാനം കമ്മിഷൻചെയ്യും. എല്ലാ സ്കൂളുകൾക്കും ആശുപത്രികൾക്കും സുരക്ഷാപദ്ധതികൾ തയ്യാറാക്കുകയും നിർബന്ധിതമാക്കുകയും ചെയ്യും.

## സിയാൽ
## വികസനച്ചിറകിലേറി ഉയരങ്ങളിലേക്ക്

വൻകിട പദ്ധതികൾ സ്വകാര്യമേഖലയിൽ മാത്രമല്ല സർക്കാർ പങ്കാളിത്തത്തോടെയും വിജയിപ്പിക്കാമെന്നതിന്റെ നേർസാക്ഷ്യമാണ് വികസനച്ചിറകിലേറി കുതിക്കുന്ന സിയാൽ (കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ്).

ഇന്ത്യയിൽ പൊതു-സ്വകാര്യമേഖല പങ്കാളിത്തത്തോടെ തുടങ്ങിയ ആദ്യത്തെ ഗ്രീൻഫീൽഡ് വിമാനത്താവളമാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. 30 രാജ്യങ്ങളിൽ നിന്നായി 19,000-ൽ അധികം നിക്ഷേപകരുള്ള സിയാലിൽ സംസ്ഥാന സർക്കാരിന് 32.41 ശതമാനം ഓഹരിയുണ്ട്. ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ സോളാർ വിമാനത്താവളമാണിത്.

267.17 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തെ സിയാലിന്റെ അറ്റാദായം. വിമാനത്താവള കമ്പനിയുടെ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭവും ലാഭവിഹിതവുമാണിത്. 2022-23-ൽ മൊത്തവരുമാനം 770.90 കോടി രൂപയായി ഉയർന്നു. 2022-23-ൽ സിയാലിലെ യാത്രക്കാരുടെ എണ്ണം 89.29 ലക്ഷമാണ്. 61,232 വിമാന സർവീസുകളും കൈകാര്യം ചെയ്തു.

2015 ലാണ് പൂർണ്ണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളമായി കൊച്ചി മാറിയത്. പ്രതിദിനം രണ്ട് ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുമ്പോൾ കമ്പനിയുടെ പ്രതിദിന വൈദ്യുതി ഉപഭോഗം 1.6 ലക്ഷം യൂണിറ്റാണ്. എയർപോർട്ട് പോലുള്ള ഉയർന്ന ഊർജ ഉപഭോഗമുള്ള സ്ഥലങ്ങളിലും ഹരിതോർജത്തെ ആശ്രയിക്കാൻ കഴിയുമെന്ന് തെളിയിച്ച സിയാലിന്റെ നൂതനാശയങ്ങൾ ഐക്യരാഷ്ട്ര സഭയുടെ 'ചാമ്പ്യൻസ് ഓഫ് ദ എർത്ത്' അവാർഡിന് സിയാലിനെ അർഹമാക്കി.




## സൈബർ ഡോം
## സുപ്രധാനം സൈബർ സുരക്ഷ

സാങ്കേതികവിദ്യയുടെ ദ്രുതവളർച്ചയ്ക്കൊപ്പം സൈബർ സുരക്ഷ വലിയ പ്രശ്നമായി ആഗോളതലത്തിൽതന്നെ മാറിക്കഴിഞ്ഞു. ഇതു തിരിച്ചറിഞ്ഞാണ് കേരള പോലീസിന്റെ സൈബർ ഡോം രൂപവൽക്കരിച്ചിരിക്കുന്നത്. സൈബർ സുരക്ഷയ്ക്ക് ഭീഷണിയായി വർധിച്ചു വരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള ശേഷി വർധിപ്പിക്കുന്നതിന് വിവിധ പങ്കാളികളുടെ സഹകരണത്തോടെയുള്ള പൊതു-സ്വകാര്യ പങ്കാളിത്ത സംരംഭമാണ് സൈബർ ഡോം.

ഡിജിറ്റൽ രംഗത്തെ ദീർഘകാല സുരക്ഷാ വെല്ലുവിളികളെ നേരിടാനും ഇത് വിഭാവനം ചെയ്യുന്നു. സൈബർ സുരക്ഷ, സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ എന്നീ മേഖലകളിലെ സാങ്കേതിക വിദഗ്ധർ, എത്തിക്കൽ ഹാക്കർമാർ, സർക്കാർ വകുപ്പുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, രാജ്യത്തെ മറ്റ് നിയമ നിർവഹണ ഏജൻസികൾ എന്നിവയ്ക്കൊപ്പം ചേർന്ന് സൈബർ ഡോം പ്രവർത്തിക്കുന്നു. കൂടാതെ വിവിധ രാജ്യങ്ങളിലെ പൊലീസ് ഡിപ്പാർട്ടുമെന്റുകൾ തമ്മിലും പങ്കാളിത്തം ഉറപ്പാക്കുന്നു.

യാത്രക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധന, വിമാനത്താവള ആധുനികവൽക്കരണം, വിനോദ സഞ്ചാരസാധ്യത, കാർഷികമേഖലയുടെ വളർച്ച തുടങ്ങിയവ മുൻനിർത്തി അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നൂതനപദ്ധതികൾക്ക് സിയാൽ തുടക്കം കുറിച്ചുകഴിഞ്ഞു.

### ക്ലീൻ കേരള കമ്പനി
### മാലിന്യത്തിനുണ്ട് മൂല്യം

സംസ്ഥാനത്തെ ശുചിത്വപരിപാലനരംഗത്ത് സമഗ്രമായ പുരോഗതി കൈവരിക്കുന്നതിനും അജൈവമാലിന്യങ്ങളുടെ ശാസ്ത്രീയമായ പുന:ചംക്രമണത്തിനും സംസ്കരണത്തിനും ഉതകുന്ന രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ക്ലീൻ കേരള കമ്പനിയിലൂടെ സർക്കാർ മുന്നോട്ടുവച്ചത്.

ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ അളവിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. 2023 സെപ്റ്റംബറിൽ 5355.08 ടൺ മാലിന്യമാണ് സംസ്ഥാനത്താകെ ശേഖരിച്ച് നീക്കിയത്. 2022 മേയിൽ ഇത് 3728.74 ടൺ ആയിരുന്നു. 43.61 ശതമാനമാണ് വർധന. ഇതിൽ വേർതിരിച്ച പ്ലാസ്റ്റിക് മാലിന്യം 620.59 ടൺ ആയിരുന്നെങ്കിൽ 2023 മേയിൽ ഇത് 1014.04 ആയി (വർധന 63.39 ശതമാനം). കഴിഞ്ഞ ഏപ്രിലിൽ ശേഖരിച്ച മാലിന്യം 3174 ടൺ ആയിരുന്നു. ഇതിൽ വേർതിരിച്ച പ്ലാസ്റ്റിക് 958.32 ടൺ. തരംതിരിച്ച പ്ലാസ്റ്റിക് 2022-23ൽ 8463 ടണ്ണായി വർധിച്ചു. 2021--22 വർഷം ആകെ 7657 ടൺ മാലിന്യം നീക്കിയപ്പോൾ 2022--23 വർഷം നാലിരട്ടിയോളമായി- 30218 ടൺ.



ഹരിതകർമസേനയ്ക്ക് ആറുകോടി രൂപ യിലധികം പാഴ്‌വസ്തുക്കളുടെ വിലയായി കൈമാറി. 2023ഏപ്രിലിൽ 57.02 ലക്ഷം രൂപയും മേയിൽ 63.55 ലക്ഷം രൂപയുംക്ലീൻ കേരള കമ്പനി ഹരിതകർമ സേനാംഗങ്ങൾക്ക് കൈമാറി. ചില്ല്, തുണി, ഇ-വേസ്റ്റ്, മരുന്ന് സ്ട്രിപ്, ടയർ, ചെരുപ്പ് ഉൾപ്പെടെ എല്ലാ ത്തരം മാലിന്യവും ഇപ്പോൾ ക്ലീൻ കേരള കമ്പനി ശേഖരിക്കുന്നുണ്ട്. എണ്ണൂറിലധികം തദ്ദേശസ്ഥാപനങ്ങൾക്ക് ക്ലീൻ കേരള കമ്പനി യുടെ പിന്തുണ ലഭിക്കുന്നു.

## ഡിജിറ്റൽ സയൻസ് പാർക്ക്
## മികവിന്റെ കേന്ദ്രം

കേരളം ഒരു വിജ്ഞാനസമ്പദ് വ്യവസ്ഥയായി മാറുമെന്ന വാഗ്ദാനം പാലിക്കുന്നതിന്റെ ആദ്യ ചുവടുവയ്പ്പാണ് ഡിജിറ്റൽ സയൻസ് പാർക്ക്. തിരുവനന്തപുരം പള്ളിപ്പുറത്തുള്ള ടെക്നോസിറ്റി ക്യാമ്പസിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയോട് ചേർന്നാണ് നിർദിഷ്ട ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത്.

ഇലക്ട്രോണിക് ഉൽപന്ന ഡിസൈനിലും ആർട്ടിഫിഷ്യൽ ഇൻറലിജൻസിലും ഏർപ്പെ ട്ടിരിക്കുന്ന വ്യവസായങ്ങളെയും സ്റ്റാർട്ടപ്പു കളെയും പിന്തുണയ്ക്കുന്നതിനുള്ള സൗ കര്യങ്ങളോടെ രണ്ടു മികവിന്റെ കന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടാണ് ഡിജിറ്റൽ സയൻസ് പാർക്കിന്റെ ആദ്യഘട്ടം 2023 ആഗസ്റ്റിൽ പ്രവർത്തനം ആരംഭിച്ചത്. വ്യവസായവും വിവിധ സർക്കാർ സംരംഭങ്ങളും തമ്മിലുള്ള വിടവ് നികത്തി ശാസ്ത്രീയ കണ്ടുപിടിത്ത ങ്ങൾക്കും പ്രായോഗിക ഗവേഷണങ്ങൾക്കും പ്രചോദനമേകുകയാണ് ലക്ഷ്യം. 1,50,000 ചതുരശ്രയടിയുള്ള ആദ്യ കെട്ടിടത്തിൽ അഞ്ച് നിലകളിലായി റിസർച്ച് ലാബുകളും ഡിജിറ്റൽ ഇൻകുബേറ്ററും ഉൾപ്പെടെ സെന്റർ ഓഫ് എക്സലൻസുകൾ ഉണ്ടാകും.

ആഗോള പ്രശസ്തമായ അക്കാദമിക് സ്ഥാ പനങ്ങളുമായും കമ്പനികളുമായും സഹക രിച്ച് സംസ്ഥാനത്തിന്റെ ഉൽപാദന രംഗത്തും തൊഴിൽരംഗത്തും വലിയ മാറ്റം വരുത്താൻ ഡിജിറ്റൽ സയൻസ് പാർക്കിന് സാധിക്കും. ഡിജിറ്റൽ സയൻസ് പാർക്കിന്റെ വികസ നത്തിൽ ഔദ്യോഗികമായി ഏർപ്പെടുന്നതി നായി മാഞ്ചസ്റ്റർ
സർവകലാശാല, ഓക്സ്ഫഡ് സർവക ലാശാല, എഡിൻബർഗ് സർവകലാശാല എന്നിവ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയു മായി ധാരണപത്രം ഒപ്പിട്ടു കഴിഞ്ഞു.

മൊത്തം പദ്ധതി വിഹിതം 1515 കോടി രൂപയാണ്.

## ഡിജിറ്റൽ റീസർവേ
## ഭൂമിയുടെ കൃത്യത അറിയാം

ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ കേരളത്തിലെ മുഴുവൻ വില്ലേജുകളും ഡിജിറ്റൽ ഭൂസർവ്വേ വരുന്ന വർഷങ്ങളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമി ടുന്നത്. തിരുവനന്തപുരം ജില്ലയിലെ ആറ്റി ങ്ങൽ, കൊല്ലം ജില്ലയിലെ കിളികൊല്ലൂർ എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ ഡിജിറ്റൽ ഭൂസർവേ വിജയകര മായതിനെ തുടർന്നാണ് സംസ്ഥാനത്താകെ പദ്ധതി നടപ്പാക്കാൻ കേരളം തീരുമാനിച്ചത്.

സംസ്ഥാനത്തെ 20 ശതമാനം വരു ന്ന ഭൂപ്രദേശം ഡ്രോൺ ഉപയോഗിച്ചും അവശേഷിക്കുന്ന സ്ഥലങ്ങൾ കോർസ് ആർ.ടി.കെ (CORS RTK), റോബോട്ടിക്സ് ഇ.ടി.എസ് എന്നീ ഉപകരണങ്ങൾ ഉപയോഗി ച്ചുമാണ് സർവ്വേ നടത്തുക.

### ഡിജിറ്റൽ ഭൂസർവേ കൊണ്ടുള്ള നേട്ടങ്ങൾ

- ഭൂമിസംബന്ധമായ വിവരങ്ങൾക്ക് വളരെ കൃത്യതയും സുതാര്യതയും ഉറപ്പു വരുന്നു. റെലിസ് (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം), പേൾ (പാക്കേജ് ഫോർ ഇഫ ക്ടീവ് അഡ്മിനിസ്ട്രേഷൻ ഓഫ് രജിസ് ട്രേഷൻ ലോസ്), ഇ-മാപ്സ് (ഇഫക്ടീവ്



മാപ്പിംഗ് ആപ്ലിക്കേഷൻ പാക്കേജ് ഫോർ സർവേയിങ്ങ്) എന്നിവയുടെ ഏകോപനം വഴി റവന്യൂ, രജിസ്ട്രേഷൻ, സർവേ എന്നീ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാകുന്നു.

- ഭൂമി സംബന്ധമായ വിവരങ്ങൾ കൈകാര്യം ചെയ്തു വരുന്ന റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ സേവനം എന്നിവ ഒറ്റ പോർട്ടൽ വഴി സുതാര്യമായി ലഭ്യമാക്കും.
- ഭൂമി സംബന്ധിച്ച വിവരങ്ങളുടെ അപ്ഡേഷൻ എളുപ്പത്തിൽ സാധ്യമാകുന്നു.
- അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാം. ഒരു ആവശ്യത്തിനായി പല ഓഫീസുകളിൽ കയറിയിറങ്ങുന്നത് ഒഴിവാക്കാനാവും.
- അപേക്ഷകൾ ഓൺലൈനായി കൊടുക്കുവാനും ഓൺലൈനായി പരിഹരിക്കപ്പെടാനും സാധിക്കുന്നു
- വസ്തുക്കളുടെ പോക്കുവരവ് വളരെ വേഗത്തിലാകുന്നു.
- സർക്കാർ ഉപഭോക്തൃ വിശ്വാസ്യത കൂടുതൽ ദൃഢപ്പെടുന്നു. വികസന പ്രവർത്തനങ്ങളുടെ വേഗത വർധിക്കുന്നു
- ഡോക്യുമെന്റേഷൻ ജോലികൾ വളരെ വേഗത്തിൽ നടക്കുന്നു.

## ഡിജിറ്റൽ യൂണിവേഴ്സിറ്റി
## വിജ്ഞാനം, ഗവേഷണം, വ്യവസായം

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ മാറ്റങ്ങൾക്കനുസൃതമായി സാങ്കേതികവിജ്ഞാനപരിശീലനം നേടിയ മാനവവിഭവശേഷി ഉറപ്പുവരുത്തുക എന്ന മഹത്തായ ലക്ഷ്യമാണ് ഡിജിറ്റൽ സർവകലാശാല ഏറ്റെടുത്തിരിക്കുന്നത്. രണ്ടുപതിറ്റാണ്ട് മുൻപ് സ്ഥാപിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരളം (ഐഐഐടിഎംകെ) നവീകരിച്ചാണ് 2021 ഫെബ്രുവരിയിൽ രാജ്യത്തെതന്നെ ആദ്യത്തെ ഡിജിറ്റൽ സർവകലാശാല ആരംഭിക്കുന്നത്. ടെക്നോപാർക്ക് തിരുവനന്തപുരത്തിന്റെ നാലാമത് ഫേസ് ആയ ടെക്നോസിറ്റിയിൽ പുതുതായി നിർമിച്ച അത്യാധുനിക കലാലയത്തിലാണ് കോഴ്സുകൾ നടത്തുന്നത്. രാജ്യത്തെതന്നെ മികച്ച ലാബ് സൗകര്യങ്ങൾ, പഠനത്തിനൊപ്പം മികച്ച തൊഴിലധിഷ്ഠിത പരിശീലനം നേടാൻ ഉതകുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. നൂതനസാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി,ഡാറ്റ അനലിറ്റിക്സ്, എക്കോളജിക്കൽ ഇൻഫോർമാറ്റിക്സ് എന്നിങ്ങനെയുള്ള വിഷയങ്ങളിലെ ഉപരിപഠനമാണ് ഡിജിറ്റൽ സർവകലാശാലയുടെ സവിശേഷത. ഏറ്റവും പുതിയ ഡിജിറ്റൽ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ബിരുദാനന്തരബിരുദ, ഡോക്ടറൽ കോഴ്സുകൾ ഇവയിൽ ഉൾപ്പെടുന്നു. ലോകത്തെ ഏറ്റവും മികച്ച സർവകലാശാലകളോട് കിടപിടിക്കുന്ന കരിക്കുലമാണ് ഓരോ കോഴ്സിനും



തയ്യാറാക്കിയിരിക്കുന്നത്. ഉന്നനിലവാരത്തിൽ പരിശീലനം നൽകുന്ന കോഴ്സുകളോടൊപ്പം ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വൈവിധ്യം ഉൾച്ചേർത്ത് ശാസ്ത്ര, സാമൂഹിക വിഷയങ്ങളുടെ നവീന ഇന്റർഡിസിപ്ലിനറി വിഷയങ്ങളിലും പ്രത്യേകകോഴ്സുകൾ രൂപകല്പന ചെയ്തിട്ടുണ്ട്. കാലാവസ്ഥ, ദുരന്തനിവാരണം, പൊതുജനാരോഗ്യം, കൃഷി, വനം, പരിസ്ഥിതി, ഭൂമിശാസ്ത്രം തുടങ്ങിയ മേഖലകളിൽ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്ന ഡാറ്റാ അനലിറ്റിക്സ ആൻഡ് ജിയോ ഇൻഫർമാറ്റിക്സ്, ഡാറ്റാ അനലിറ്റിക്സ് ആൻഡ് ബയോ എഐ, എക്കോളജിക്കൽ ഇൻഫർമാറ്റിക്സ് തുടങ്ങിയ എംഎസ്സി കോഴ്സുകൾ ഇവയിൽ ചിലതാണ്.

ലോകത്തിലെ തന്നെ മികച്ച സർവകലാശാലകളുമായാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി കൈകോർത്തിരിക്കുന്നത്. ഓക്സ്ഫഡ് സർവകലാശാലയുമായുള്ള ധാരണാപത്രത്തിൽ നാനോടെക്നോളജി എഐ,

ആരോഗ്യം, ഇന്നൊവേഷൻ, എന്നീ മേഖലകളിലെ അക്കാദമിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു.മാഞ്ചസ്റ്റർ സർവകലാശാലയുമായുള്ള ധാരണാപത്രത്തിലൂടെ സംസ്ഥാനത്തെ ഗ്രഫീൻ ഇക്കോസിസ്റ്റം രൂപപ്പെടുത്താൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് മാഞ്ചസ്റ്റർ സർവകലാശാലയുടെ വൈദഗ്ധ്യം കൊണ്ടുവരാൻ കഴിഞ്ഞു.

## ഇ–മൊബിലിറ്റി
## പരിസ്ഥിതി സൗഹൃദം

പൊതുയാത്രാസംവിധാനത്തെ കാലികമായി പരിഷ്കരിച്ച് പുത്തൻസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് കേരളം. പൊതുജനങ്ങളെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കൽ, ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിങ്ങ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ഹരിത ഇന്ധനങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ തുടങ്ങിയവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന



പദ്ധതിയാണ് ഇ–മൊബിലിറ്റി.

എല്ലാ ജില്ലകളിലുമായി 63 ഫോർവീലറുകൾക്കുള്ള 1166 ഫാസ്റ്റ് ചാർജ്ജിങ് സ്റ്റേഷനുകളും ടൂവീലർ, ത്രീവീലർ വാഹനങ്ങൾക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലും പോൾ മൗണ്ടിങ്ങ് ചാർജ്ജിങ്ങ് സ്റ്റേഷനുകളും സ്ഥാപിച്ചു. റീചാർജ്ജിങ്ങിനെ കുറിച്ച് ആശങ്കകൾ ഇല്ലാതെ കേരളത്തിൽ അങ്ങോളമിങ്ങോളം വൈദ്യുതി വാഹനങ്ങളിൽ സുഗമമായി യാത്ര ചെയ്യാൻ സാധിക്കുന്ന രീതിയിലാണ് കെഎസ്ഇബി ചാർജ്ജിങ്ങ് ശൃംഖല രൂപകല്പന ചെയ്തിരിക്കുന്നത്.

## ഗ്രാഫീൻ സെന്റർ
## പുത്തൻ ഉണർവുമായി കേരളം

ലോകം ഉറ്റുനോക്കുന്ന അത്ഭുതപദാർഥമായി ഗ്രാഫീൻ മാറിയിരിക്കുന്നു. ഉയർന്ന താപചാലകത, ശക്തി തുടങ്ങി അതിശയിപ്പിക്കുന്ന നിരവധി ഗുണങ്ങൾ ഗ്രാഫീനെ ഇലക്ട്രോണിക്സ് മുതൽ സെറാമിക് ആപ്ലിക്കേഷനുകളിൽ വരെ ഉപയോഗപ്രദമാക്കുന്നു. ഈ സാധ്യതകൾ മനസ്സിലാക്കി കേരളം ഗ്രാഫീൻ ഗവേഷണത്തിനും ഉൽപന്നവികസനത്തിനുമായി രാജ്യത്തെ ആദ്യത്തെ പഠനകേന്ദ്രം ആരംഭിക്കുകയാണ്.

രാജ്യത്തെ ആദ്യ ഗ്രാഫീൻ ഇന്നവേഷൻ സെന്റർ 86.41 കോടി രൂപ ചെലവിൽ തൃശൂരിൽ ആരംഭിക്കും. ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ പദ്ധതി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയും സംയുക്തമായാണ് നടപ്പാക്കുന്നത്. ടാറ്റ സ്റ്റീലും വ്യവസായ മേഖലയിൽ നിന്നുള്ള നിരവധി കമ്പനികളും ഇന്നവേഷൻ സെന്ററിനു പിന്തുണ നൽകി പ്രവർത്തിക്കും. കേരളത്തിൽ ഗ്രാഫീൻ അനുബന്ധ വ്യാവസായികവളർച്ചയ്ക്ക് നാന്ദി കുറിക്കാൻ ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ സഹായിക്കും.

## കാബ്കോ
## കാർഷികവിപണിക്ക് പുത്തനുണർവ്

കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചതിലൂടെ കേരളത്തിൽ കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർധനവിനും സംസ്കരണത്തിനും പുത്തനുണർവ് കൈവരിക്കുകയുണ്ടായി.

അഗ്രിപാർക്കുകളും ഫ്രൂട്ട് പാർക്കുകളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷികോൽപാദനം അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള ഏജൻസിയായും കമ്പനി പ്രവർത്തിക്കും. കേരളത്തിന്റെ കാർഷിക ഉൽപന്നങ്ങളെ അവയുടെ ഗുണമേന്മകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ പൊതു ബ്രാൻഡിങ്ങിൽ കൊണ്ടുവരുന്നതും കമ്പനിയുടെ ലക്ഷ്യങ്ങളായിരിക്കും. മൂല്യവർധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖല സ്ഥാപന




50 ലക്ഷത്തിലധികം സംതൃപ്ത ഉപഭോക്താക്കൾ. കർഷകർക്കും സാധാരണക്കാർക്കും അത്താണി. കാർഷിക/ഗ്രാമീണ മേഖലയ്ക്കുവേണ്ടി 40–ൽ അധികം വായ്പാപദ്ധതികൾ. വനിതകൾക്കായി 10–ൽ അധികം വായ്പാപദ്ധതികൾ.

2022–23 സാമ്പത്തിക വർഷം 1980.41 കോടി രൂപയാണ് വിവിധയിനം എംഎസ്എംഇ വായ്പകളിലൂടെ വിതരണം ചെയ്തത്. കാർഷിക അനുബന്ധമേഖലയിലെ തൊഴിൽസംരംഭങ്ങൾ കൂടി ചേർത്താൽ 5736.04 കോടി രൂപയുടെ വായ്പസഹായമാണ് ബാങ്ക് അനുവദിച്ചത്. 1,94,199 സംരംഭങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

ങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഏജൻസിയായും പ്രവർത്തിക്കും. ദേശീയ അന്തർദേശീയ കയറ്റുമതി/വിപണന പ്രവർത്തനങ്ങൾക്ക് കർഷകരെ പ്രാപ്തരാക്കും.

കാബ്കോയുടെ വിവിധ വിതരണ ശൃംഖല പോയിന്റുകൾ കർഷകരിൽ നിന്ന് കാർഷിക ഉൽപന്നങ്ങൾ ശേഖരിക്കുകയും നിർദിഷ്ട അഗ്രോപാർക്കുകളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വിലനിർണ്ണയതന്ത്രം നടപ്പിലാക്കും.

### കേരള ബാങ്ക്
## വളരുന്ന സാമ്പത്തികശക്തി

കേരളീയരുടെ സ്വന്തം ബാങ്കാണ് സഹകരണമേഖലയുടെ അഭിമാനമായ കേരള ബാങ്ക്. 2019 നവംബറിൽ ആണ് കേരള ബാങ്ക് യാഥാർഥ്യമായത്. ബാങ്കിംഗ് ഇടപാടുകൾക്ക് കേരളീയർക്ക് സ്വന്തമായൊരു ഇടമെന്ന കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാർ കേരള ബാങ്ക് രൂപവൽക്കരണത്തിലൂടെ മുന്നോട്ടുവച്ചത്. സംസ്ഥാന സഹകരണബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങൾ ഈ ക്രമത്തിൽ ത്രിതല സംവിധാനത്തിലാണ് 2019 നവംബർ വരെ കേരളത്തിലെ സഹകരണ മേഖല പ്രവർത്തിച്ചിരുന്നത്. ഏഴ് മേഖല ഓഫീസുകളും 14 ജില്ലാവായ്പാകേന്ദ്രങ്ങളുമുള്ള ബാങ്കിന്റെ നിക്ഷേപം 74152 കോടി രൂപ. 823 ശാഖകളും, 1688 എ ക്ലാസ് അംഗ സംഘങ്ങളും ഉൾപ്പെടെ ബൃഹത്തായ ഒരു ശൃംഖലയാണ് ഇന്ന് കേരള ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നത്. 2022–23 സാമ്പത്തിക വർഷം കേരള ബാങ്കിന്റെ മൊത്തം ബിസിനസ് 121204 കോടി ആയി വർധിച്ചു.

അന്തർദേശീയ സഹകരണ സഖ്യവും യൂറോപ്യൻ സഹകരണ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച വേൾഡ് കോ ഓപ്പറേറ്റീവ് മോണിറ്റേഡ് റിപ്പോർട്ട് പ്രകാരം കേരള ബാങ്ക് ഏഷ്യയിൽ ഒന്നാം സ്ഥാനത്താണ്. ലോകത്തെ ഏറ്റവും വലിയ 300 സഹകരണ സംഘങ്ങളുടെ പട്ടികയിൽ (ടേൺ ഓവർ, പ്രതിശീർഷവരുമാനം അടിസ്ഥാനത്തിൽ) ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചത്.

## കിഫ്ബി
## വികസനത്തിന് ഇതാ ഒരു കേരളമാതൃക

എല്ലാ മേഖലകളിലും ക്ഷേമവും സമൃദ്ധിയും ഉറപ്പാക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് സാമ്പത്തികതടസ്സം ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത കിഫ്ബി സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റുകയാണ്. രാജ്യത്തിന് മാതൃകയാക്കാവുന്ന വൻകിടപദ്ധതികളുടെ സുഗമപുരോഗതിക്ക് സത്വരവേഗമേകുന്ന കിഫ്ബി 1999 നവംബർ 11 നാണ് രൂപീകൃതമായത്.

കിഫ്ബിയുടെ ഇടപെടലുകളോടെ ചുരുങ്ങിയ സമയത്തിനുള്ളിൽ സംസ്ഥാനത്തെ പൊതു അടിസ്ഥാനസൗകര്യ വികസനനത്തിൽ വലിയ കുതിച്ചുചാട്ടമുണ്ടാക്കാനായി.

മസാലബോണ്ട്, പ്രവാസി ചിട്ടി ബോണ്ട്, പെട്രോളിയം സെസ്, ടേം ലോൺ, നബാർഡ് ലോൺ, നോർക്ക ലോൺ തുടങ്ങിയ മാർഗങ്ങളിലൂടെയാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. കഴിഞ്ഞ ഏഴ് വർഷം കൊണ്ട് 80,000 കോടിയിലധികം രൂപയുടെ വികസനപ്രവർത്തനങ്ങളാണ് കിഫ്ബി മുഖേന ഏറ്റെടുത്തിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന 50,000 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ലക്ഷ്യം വെച്ചിരുന്നതെങ്കിൽ 62,500 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിച്ചു.

ഈ സർക്കാരിന്റെ കാലത്ത് 60,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യം. ഇതിനോടകം 18,000 കോടിയിലധികം രൂപയുടെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാനായി.

20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഏഴ് വൻകിട ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും അംഗീകാരം നൽകി. ഇതിൽ സുപ്രധാനം നാഷണൽ ഹൈവേ വികസനത്തിന്റെ



ഭാഗമായി സംസ്ഥാനം നൽകുന്ന 6,769.01 കോടി രൂപയുടെ പദ്ധതിയാണ്. മൂന്ന് വ്യാവസായിക പാർക്കുകൾക്കായുള്ള 13,988.63 കോടി രൂപയുടെ പദ്ധതി, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 200.60 കോടി രൂപയുടെ പദ്ധതി, കൊച്ചി– ബംഗലൂരു ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതി, ഗിഫ്റ്റ് സിറ്റി പദ്ധതി എന്നിവയാണ് മറ്റ് പദ്ധതികൾ.

## കേരള നോളജ് ഇക്കോണമി മിഷൻ
## അഞ്ചു വർഷം, 20 ലക്ഷം തൊഴിൽ

ലോകത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനും നമ്മുടെ മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും കേരളം തുടക്കംകുറിച്ച പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ. അഞ്ചുവർഷം കൊണ്ട് 20 ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിന് നൈപുണ്യപരിശീലനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം എന്നിവയ്ക്ക് കൃത്യമായ പരിപാടികൾ തയ്യാറാക്കി.

കേരള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി 2023 മാർച്ച് വരെ 13 ,58 ,615 തൊഴിൽ അന്വേഷകർ രജിസ്റ്റർ ചെയ്തു. ഇതുവരെ 4,83,799 ജോലികൾ സമാഹരി

ക്കാൻ കഴിഞ്ഞിട്ടുണ്ട്.പങ്കാളികളുമായി സഹകരിച്ച് 34 ,609 പേർക്ക് ജോലി നൽകാൻ കഴിഞ്ഞു.

വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ ഭാഗമായി ഉയർന്നുവരുന്ന പുതിയ സാധ്യതകളെ നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാരിലേക്ക് എത്തിക്കുന്നതിനാണ് കെ-ഡിസ്കിന്റെ ചുമതലയിൽ നോളജ് ഇക്കോണമി മിഷൻ പ്രവർത്തിക്കുക. ഡിജിറ്റൽ മാനേജ്മെന്റ് വർക്ക് ഫോഴ്സ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യപരിശീലനം നൽകുന്നതിനായി തൊഴിൽ അന്വേഷകരുടെ വിവരസഞ്ചയം പ്രാദേശിക സർക്കാരുകളുമായും കുടുംബശ്രീയുമായും ഏകോപിപ്പിച്ച് 80 ലക്ഷം വീടുകളിൽ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എൻജിനീയറിങ്ങ് കോളേജുകൾ, പോളിടെക്നിക്കുകൾ , ഐഎച്ച് ആർഡി, സിഡിറ്റ് മുതലായവയുടെ പരിശീലനപരിപാടികൾ നോളജ് മിഷന്റെ സ്കിൽ പോർട്ടലിന്റെ ഭാഗമാക്കിയിട്ടുണ്ട്.

**പഠനമുറി**
## നിലച്ചുപോവില്ല പഠനം

ആദിവാസി ഗോത്രവിഭാഗത്തിലെയും പട്ടികജാതിവിഭാഗത്തിലെയും വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠനനിലവാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പഠനമുറി ഇന്ന് സജീവമാണ്. വീട്ടിൽ പഠിക്കാൻ സൗകര്യങ്ങളില്ലാതെ പഠനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ വരുന്ന പട്ടികജാതി വിദ്യാർഥികൾക്ക് വീടിനോട് ചേർന്ന് ഒരു പഠനമുറിയും പട്ടികവർഗക്കാർക്ക് 30 പേർക്ക് ഒന്ന് എന്ന രീതിയിൽ സാമൂഹ്യപഠനമുറിയുമാണ് നിർമ്മിച്ചു നൽകുന്നത്.

2017 മുതൽ ആരംഭിച്ച പട്ടിക ജാതിക്കാർക്കുള്ള പഠനമുറി പദ്ധതിയിൽ 120 ചതുരശ്ര അടി വലിപ്പത്തിൽ നിർമ്മിക്കുന്ന ഒരു മുറിക്ക് രണ്ട് ലക്ഷം രൂപയാണ് ധനസഹായം ലഭിക്കുക.

സാമൂഹ്യപഠന മുറിയിൽ ഇന്റർനെറ്റ്, എൽഇഡി ടിവി, ഫർണിച്ചറുകൾ, വായന സാമഗ്രികൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

**പൊതുവിതരണം**
## സുതാര്യം, എല്ലാവർക്കും റേഷൻ കാർഡ്

ചരിത്രപരമായിത്തന്നെ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനങ്ങളിൽ ഒന്നാണ് കേരളം. കരിഞ്ചന്ത അവസാനിപ്പിച്ചുള്ള വിപണി ഇടപെടലിന് 1987-ലെ നായനാർ സർക്കാർ കൊണ്ടുവന്ന മാവേലി സ്റ്റോർപോലുള്ള മികച്ച മാതൃകകളുണ്ട്. പൊതുജനങ്ങൾക്ക് സുഗമമായി ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിന് ഗുണകരമായ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി ആ പാരമ്പര്യത്തെ കൂടുതൽ



## അതിദാരിദ്ര്യനിർമ്മാർജനം
## ദരിദ്രരില്ലാത്ത കേരളം

2021 ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആദ്യ മന്ത്രിസഭായോഗത്തിൽ തന്നെ എടുത്ത തീരുമാനമായിരുന്നു അതിദാരിദ്ര്യ നിർമ്മാർജ്ജനം.

നീതി ആയോഗ് രൂപപ്പെടുത്തിയ ബഹുമുഖ ദാരിദ്ര്യ സൂചികയിൽ ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ജനസംഖ്യയുടെ 0.71 ശതമാനം മാത്രമാണ് ദരിദ്രർ.

64,006 അതിദരിദ്ര കുടുംബങ്ങളെയാണ് കേരളത്തിൽ കണ്ടെത്തിയത്. ഉടൻ നടപ്പിലാക്കേണ്ടവ, ഹ്രസ്വകാലത്തിൽ പൂർത്തിയാക്കേണ്ടവ, ദീർഘകാലത്തിനുള്ളിൽ ഉറപ്പാക്കേണ്ടവ എന്നിങ്ങനെ തരംതിരിച്ചാണ് അതിദാരിദ്ര്യനിർമ്മാർജനത്തിനുള്ള പ്രവർത്തനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

ശക്തമായി മുന്നോട്ടു നയിക്കുകയാണ് ഇപ്പോൾ കേരളം.

എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുകയാണ് സർക്കാർ നയം. തെരുവോര–വാടക താമസക്കാർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കാർഡുകൾ നൽകി. 2,79,834 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി 6560 പുതിയ കാർഡുകളും.

സർക്കാർ സേവനങ്ങൾ വേഗത്തിലും സുഗമമാക്കുന്നതിന്റെയും ഭാഗമായാണ് പൊതുവിതരണ സംവിധാനവും ഡിജിറ്റലാക്കിയത്. എട്ട് റേഷൻ കടകൾ ഒഴിച്ച് സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇപ്പോൾ ഇലക്ട്രോണിക് പോയിൻറ് ഓഫ് സെയിൽ അഥവാ ഇ–പോസ് മെഷീൻ വഴിയാണ് റേഷൻ വിതരണം ചെയ്യുന്നത്.

വർഷം ശരാശരി 350 കോടി രൂപ സപ്ലൈകോ വഴിയുള്ള വിപണി ഇടപെടലിനായി സർക്കാർ ചെലവഴിക്കുന്നു. 'വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി 45 സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. 80 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ സേവനം ലഭ്യമാക്കി.

ഭക്ഷ്യ വിതരണ രംഗത്തെ ചരിത്രപരമായ മാറ്റമാണ് റേഷൻ കാർഡുകൾ സ്മാർട്ട് കാർഡ് ആയി എന്നത്. എടിഎം രൂപത്തിലുള്ള സ്മാർട്ട്  കാർഡിൽ ക്യൂആർ കോഡും ബാർ കോഡും ഉണ്ടാകും. റേഷൻ വാങ്ങുന്ന വിവരം ഗുണഭോക്താവിന്റെ മൊബൈലിൽ ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനം.

സംസ്ഥാനത്ത് 90.45 ലക്ഷം റേഷൻ കാർഡുകളാണ് ഉള്ളത്. അതിൽ 12,98,997 പേർ അവരുടെ റേഷൻ കാർഡുകൾ പി.വി.സി കാർഡുകളാക്കി കഴിഞ്ഞു. എപ്പോൾ വേണമെങ്കിലും പുതിയ റേഷൻ കാർഡിനായി അപേക്ഷിക്കാം, പഴയ കാർഡിലെ തെറ്റുകൾ തിരുത്താം, അംഗങ്ങളെ ഒഴിവാക്കാം,
പുതിയ അംഗങ്ങളെ ചേർക്കാം. എല്ലാവർക്കും റേഷൻ കാർഡ് എന്നതിനൊപ്പം ഒരു വർഷത്തിനുള്ളിൽ സ്മാർട്ട കാർഡ് എന്ന ലക്ഷ്യം പൂർത്തീകരിക്കാനുള്ള പ്രയാണത്തിലാണ് സർക്കാർ.

## സഹകരണസംഘങ്ങൾ
## പ്രാദേശിക വികസനത്തിന്റെ ചാലകശക്തി

കേരളത്തിന്റെ വികസനത്തിൽ ചരിത്രപരമായിത്തന്നെ പങ്കാളിത്തമുണ്ട് സഹകരണമേഖലയക്ക്. ആ ദൗത്യം ഇപ്പോഴും കരുത്തോടെ തുടരുന്നുണ്ട് സഹകരണമേഖല.

അവശ്യഘട്ടങ്ങളിലെ കൈത്താങ്ങായി, ജനങ്ങളുടെ ജീവിതത്തിൽ സാന്ത്വനം പകരുന്ന ഇടപെടലുകളാണ് സഹകരണ വകുപ്പ് നടത്തുന്നത്.

സഹകരണ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കേരള ബാങ്ക്, കെയർഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി എന്നിവ വകുപ്പിന്റെ നേട്ടങ്ങളാണ്.

കോവിഡ് പശ്ചാത്തലത്തിൽ ഒട്ടേറെ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി. പഠനത്തിനായി ഡിജിറ്റൽസൗകര്യങ്ങൾ ലഭ്യമല്ലാത്തവർക്ക് കൈത്താങ്ങായ വിദ്യാതരംഗിണി പദ്ധതിയിലൂടെ 92,309 പേർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് 89.98 കോടി രൂപയുടെ പലിശരഹിതവായ്പ നൽകി.

പുതിയ മേഖലകളിലേക്കു കടക്കുന്നതിന്റെ ആദ്യഘട്ടമായി 30 യുവജന, 14 പട്ടികജാതി/വർഗ, മൂന്ന് വനിതാസഹകരണസംഘങ്ങൾരജിസ്റ്റർചെയ്തു

2018 ലെ മഹാപ്രളയത്തിൽ വീടുകൾ നഷ്ട്ടപ്പെട്ടവവർക്കായി കെയർ ഹോം പദ്ധതിവഴി ആദ്യഘട്ടത്തിൽ 2091 വീടുകൾ പൂർത്തിയായി. 14 ജില്ലകളിലും ഭവന സമുച്ചയം നിർമ്മിച്ചുനൽകുന്നതിനും തുടക്ക





മായി. തൃശൂർ ജില്ലയിൽ 40 കുടുംബങ്ങൾക്ക് ഭവനസമുച്ചയം കൈമാറി. പാലക്കാട് രണ്ടാം ഘട്ടം നിർമ്മാണം തുടങ്ങി.

ഈ രംഗത്ത് കണ്ടുവരുന്ന ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിതിനും നിയമഭേദഗതിയിലൂടെ സഹകരണ നിയമത്തിൽ സമഗ്രപരിഷ്കരണം വരുത്തുന്നു. നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി ഉറപ്പുവരുത്തുതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ അംഗത്വമുള്ള സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളുടെ പരിരക്ഷ 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർധിപ്പിച്ചു.

### സാമൂഹിക ക്ഷേമം

## സാമൂഹിക സുരക്ഷയുടെ ഉജ്ജ്വലമാതൃക

സാമൂഹികസുരക്ഷാ രംഗത്തെ ചെലവഴിക്കൽ കേരളത്തിന്റെ സവിശേഷതയും ആധുനിക കേരള രാഷ്ട്രീയചരിത്രത്തിന്റെ ഭാഗവുമാണ്. 1957 ലെ ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ ആദ്യസർക്കാർ മുതൽ സാമൂഹികസുരക്ഷയ്ക്കുള്ള പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങൾക്ക് മാതൃകയാണ് കേരളം. സാമൂഹികസുരക്ഷാ നടപടികളിലൂടെ ദാരിദ്ര്യവും സാമൂഹ്യ അസമത്വങ്ങളും നല്ല തോതിൽ കുറയ്ക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ഇതിന്റെ ചരിത്രപരമായ പിന്തുടർച്ച ഉറപ്പാക്കുംവിധമാണ് നിലവിലുള്ള സാമൂഹിക പെൻഷനുകളുടെ തുകവർധിപ്പിക്കുന്നതിനും പെൻഷൻ പദ്ധതികൾ വിപുലപ്പെടുത്തുന്നതിനും കേരളം സ്വീകരിക്കുന്ന നടപടികൾ.

2016ൽ ലഭിച്ചിരുന്ന 600 രൂപയെന്നത് 2021ൽ 1600 രൂപയായി വർധിപ്പിച്ചു. രാജ്യത്ത് മറ്റൊരുസംസ്ഥാനത്തും ഇത്രയും ബൃഹത്തായ സാമൂഹികസുരക്ഷാപെൻഷൻ പദ്ധതിയില്ല. മുൻപ് 24 ലക്ഷംആളുകൾക്കാണ് ക്ഷേമ പെൻഷൻ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ 60 ലക്ഷത്തോളം ആളുകളിലേക്കാണ് ഇതെത്തുന്നത്. പുറമെ, ക്ഷേമനിധി ബോർഡുകൾ 6.74 ലക്ഷം പേർക്ക ക്ഷേമപെൻഷൻ നൽകുന്നു. പെൻഷൻവിതരണത്തിനു കൃത്യമായ ചിട്ട ഉണ്ടാക്കി എടുക്കുവാനും കഴിഞ്ഞു.

## കളിക്കളങ്ങൾ കായികക്ഷമതയുടെ ഭാവികേരളം

ഇന്ത്യൻ പശ്ചാത്തലത്തിൽ വലിയൊരു കായികപാരമ്പര്യമുണ്ട് കേരളത്തിന്. ആ കായികപാരമ്പര്യം തുടരുന്നതിന് ശക്തമായ പിന്തുണ നൽകുന്നതിനൊപ്പം ആരോഗ്യമുള്ള പൗരരെ വളർത്തിക്കൊണ്ടുവരാനുതകുംവിധം എല്ലാ ജനങ്ങൾക്കും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യം സജ്ജമാക്കുകയാണ് കേരളം.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി ഈ ലക്ഷ്യത്തിലെ തിളക്കമാർന്ന തുടക്കമാണ്. മുഴുവൻ പഞ്ചായത്തുകളിലും നിലവാരമുള്ള കളിക്കളം ഒരുക്കുകയാണ് 2023 ഏപ്രിലിൽ തുടക്കമിട്ട പദ്ധതിയുടെ ലക്ഷ്യം. തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാടാണ് ആദ്യ കളിക്കളം നിർമ്മാണം തുടങ്ങിയത്.

സംസ്ഥാനത്ത് ഏകദേശം 450 ഓളം തദ്ദേശസ്ഥാപനങ്ങളിൽ സമ്പൂർണ്ണ കളിക്കളം ഇല്ലെന്നാണ് കണക്ക്. മൂന്ന് വർഷത്തിനകം ഈ പഞ്ചായത്തുകളിലെല്ലാം കളിക്കളം ഒരുക്കും.



## ട്രാൻസ്ജെൻഡർ
## കരുതലുമായി കേരളം

ട്രാൻസ് ജെൻഡർ നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സമത്വത്തിനുള്ള അവകാശം, ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം, അന്തസ്സോടെ ജീവിക്കാനുള്ള അവകാശം, വികസന കാര്യങ്ങളിൽ തുല്യപങ്കാളിത്തം എന്നിവയിൽ ഊന്നിയ ട്രാൻസ്ജെൻഡർ നയമാണ് കേരളം മുൻപോട്ടു വച്ചിട്ടുള്ളത്.

നയത്തിന്റെ ഭാഗമായി ട്രാൻസജെൻഡർ വിദ്യാർഥികൾക്ക് സ്കോളർഷിപ് നൽകുന്ന പദ്ധതി, ഡ്രൈവിംഗ് പരിശീലത്തിനുള്ള പദ്ധതി, തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കി.

'മഴവില്ല്' എന്ന പേരിലാണ് ട്രാൻസ് വ്യക്തികളുടെ സർവതോമുഖമായ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ സാമൂഹ്യനീതിവകുപ്പ് ഏകോപിപ്പിക്കുന്നത്.

## തൊഴിൽ
## മികച്ച തൊഴിലിടസംസ്കാരം

മികച്ച തൊഴിലാളി, തൊഴിലുടമ ബന്ധങ്ങൾ, കുറയുന്ന തൊഴിൽ കേസുകളും തർക്കങ്ങളും വിവേചനരഹിത സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ തുടങ്ങി സുസ്ഥിരവികസനത്തിന്റെ മാനകമായ മികച്ച തൊഴിലിടസംസ്കാരത്തിലേക്കുള്ള മാറ്റത്തിന്റെ വഴിയിലാണ് കേരളം.

രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന സംസ്ഥാനമെന്ന റിസർവ് ബാങ്കിന്റെ അംഗീകാരം കേരളം സ്വന്തമാക്കി. പ്രതിദിനം ശരാശരി 837.30 രൂപ ലഭിക്കുന്ന കേരളത്തിലെ തൊഴിലാളികൾക്കാണ് നിർമ്മാണമേഖലയിൽ ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്നത്. 2022 ഏപ്രിൽ മുതൽ 13 വിവിധ തൊഴിൽ മേഖലകളിലെ മിനിമം കൂലി നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതിൽ മീഡിയാ സെക്ടർ, റ്റി.എം.റ്റി സ്റ്റീൽബാർസ് എന്നീ മേഖലകളിൽ ആദ്യമായി മിനിമം വേതനം ആദ്യമായി നിശ്ചയിച്ചു.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇതുവരെ 7.4721 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 14.92 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. രാജ്യത്ത് ആദ്യമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി.

തൊഴിലാളികൾക്ക് വേതനം വൈകിയാൽ നഷ്ടപരിഹാരം നൽകാൻ നിയമവ്യവസ്ഥ കൊണ്ടുവന്നു.

## വിദ്യാതീരം
## വിജയതീരമണഞ്ഞ പദ്ധതി

നിർധനരായ മത്സ്യത്തൊഴിലാളികളുടെ പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ ആവിഷ്കരിച്ച പദ്ധതിയാണ് വിദ്യാതീരം. വിപുലമായ മാറ്റമാണ് ഇത് താരതമ്യേന പിന്നാക്കം നിൽക്കുന്ന തീരമേഖലയിൽ ഉണ്ടാക്കിയിരിക്കുന്നത്.

ഉയർന്ന മാർക്ക് നേടി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾ മെഡിക്കൽ, സിവിൽ സർവീസ് ഉൾപ്പെടെയുള്ള മേഖലകളിലെ പ്രവേശനത്തിന് പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

2022–23 കാലയളവിൽ 13 കോടി രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. 100 വിദ്യാർഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനത്തിന് സഹായം നൽകും. 15 പേരെ സിവിൽ സർവീസ് കോച്ചിങ്ങിനും 25 കുട്ടികളെ ബാങ്ക് ടെസ്റ്റ് പരിശീലനത്തിനും തിരഞ്ഞെടുക്കും. മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ ഈ വിഭാഗത്തിലെ പഠനച്ചെലവ് മുഴുവനായി സർക്കാർ വഹിക്കും. പത്തിലും പ്ലസ്ടുവിനും പഠിക്കുന്ന കുട്ടികൾക്ക് കരിയർ ഗൈഡൻസ് പരിപാടികളും സംഘടിപ്പിക്കും. സർക്കാരിന് കീഴിലുള്ള പത്ത് റീജ്യണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെസ്സ് ഉൾപ്പെടെയുള്ള ഹോസ്റ്റൽ സൗകര്യവും പദ്ധതി വഴി നൽകുന്നുണ്ട്.

മെഡിക്കൽ എൻട്രൻസിനും പോസ്റ്റ് മെട്രിക്



വിദ്യാഭ്യാസത്തിനുമാണ് കൂടുതൽ തുക ചിലവഴിക്കുന്നത്. 20,000 കുട്ടികൾക്കാണ് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുക.

ഈ വർഷം വൈറോളജിയുടെ വിവിധ മേഖലകളിൽ കോഴ്സുകളും തുടങ്ങും

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

## വൈറസ് പഠനത്തിന് ഒരു ആഗോളകേന്ദ്രം

സാംക്രമികരോഗങ്ങളെ ചെറുക്കുന്നതിനുള്ള വലിയ മുന്നേറ്റത്തിൽ, നാലുവർഷം മുമ്പ് സ്ഥാപിതമായ കേരളത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഒന്നാംനിര ഗവേഷണസ്ഥാപനമായി മാറാനൊരുങ്ങുകയാണ്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാഥമിക ലക്ഷ്യം പ്രാദേശികവും ആഗോളതലത്തിലും ഉയർന്നു വരുന്നതായ വൈറസുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു പകർച്ചവ്യാധികൾ കൈകാര്യം ചെയ്യുന്നതിനുള്ള നൂതനസമീപനങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്. പകർച്ചവ്യാധികൾക്കെതിരെയുള്ള തയ്യാറെടുപ്പും തദ്ദേശീയ ശേഷി വർധിപ്പിക്കലും ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. ഏതെങ്കിലും പുതിയ വൈറസ് പൊട്ടിപ്പുറപ്പെട്ടാൽ ആരോഗ്യ ഉദ്യോഗസ്ഥരെയും മറ്റുള്ളവരെയും ജാഗരൂകരാക്കാൻ കഴിയും. തദ്ദേശീയ ശേഷി വർധിപ്പിക്കുന്ന കാര്യത്തിൽ, ആന്റിബോഡികൾ, വാക്സിനുകൾ, രോഗനിർണയ കിറ്റുകൾ എന്നിവ വികസിപ്പിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. പേവിഷബാധയ്ക്കുള്ള തദ്ദേശീയ വാക്സിൻ വികസിപ്പിക്കാനുള്ള പരീക്ഷണങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഏപ്രിലിൽ ഉദ്ഘാടനം കഴിഞ്ഞ 80,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിൻ/ബയോ ബ്ലോക്കിൽ 16 ബയോസേഫ്റ്റി ലെവൽ 2 (ബിഎസ്എൽ 2) വിഭാഗത്തിലുള്ള ലാബുകൾ ഒരുങ്ങുകയാണ്. പതിനാറിൽ എട്ടെണ്ണം പൂർത്തിയായി. കൂടാതെ ബിഎസ്എൽ 3 ലെവൽ ലാബുകൾക്കും ട്രാൻസ്ജെനിക് അനിമൽ ഹൗസ് കോംപ്ലക്സിനും തറക്കല്ലിട്ടു.

ബേസിക് വൈറോളജി, വൈറൽ ആപ്ലിക്കേഷനുകൾ, ആൻറിവൈറൽ ഡ്രഗ് റിസർച്ച്, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ എന്നീ ഡിപ്പാർട്മെന്റുകൾ ഇപ്പോൾ സജീവമാണ്. ക്ലിനിക്കൽ വൈറോളജി, വൈറൽ എപ്പിഡെമിയോളജി ആൻഡ് പബ്ലിക് ഹെൽത്ത്, ബയോ ഇൻഫോർമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ ഗവേഷണ വിഭാഗങ്ങൾ കൂടി വരുന്നതോടെ നൂതന വൈറോളജി ഗവേഷണത്തിലെ മികവിന്റെ കേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി മാറും. ഈ വർഷം വൈറോളജിയുടെ വിവിധ മേഖലകളിൽ കോഴ്സുകളും തുടങ്ങും.

**വ്യവസായനയം**

## വ്യവസായ ഹബ്ബാകാൻ കേരളം

കേരളത്തെ രാജ്യത്തെ എറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുകയെന്ന എന്ന ലക്ഷ്യത്തോടെ വിപ്ലവകരമായ മാറ്റങ്ങളും പദ്ധതികളുമായി സംസ്ഥാന വ്യവസായ നയം–2023 നിലവിൽ വന്നു.

നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ച്,

നവീനാശയങ്ങൾ വളർത്തി, സുസ്ഥിര വ്യവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്ന സമഗ്രനയമാണ് കേരള വ്യവസായ നയം 2023. 2023 –24 സാമ്പത്തിക വർഷത്തെ നിക്ഷേപക വർഷമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്യുക.

നിർമ്മിതബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് & അനാലിസിസ്, തുടങ്ങിയവ സംരംഭങ്ങൾ ചെലവാക്കുന്ന തുകയുടെ 20% (പരമാവധി 25 ലക്ഷം വരെ) തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ. വ്യവസായങ്ങൾക്ക് അഞ്ച് വർഷത്തേക്ക് വൈദ്യുതി നികുതി ഇളവ് നൽകുന്ന പദ്ധതി, സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ സംരംഭകർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും ഇളവ്, എം.എസ്.എം.ഇ. ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന ജി.എസ്.ടി. വിഹിതം 5 വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി, 50 ശതമാനത്തിലധികം പ്രാദേശിക തൊഴിലാളികളെ സ്ഥിരജോലിക്കെടുക്കുന്ന വൻകിട, മെഗാ സംരംഭങ്ങളിൽ തൊഴിലാളികൾക്ക്, മാസവേതനത്തിന്റെ 25% (പരമാവധി 5000 വരെ) തൊഴിലുടമക്ക് ഒരുവർഷത്തേക്ക് തിരികെ നൽകുന്ന പദ്ധതി, ട്രാൻസ്ജെൻഡർ തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വെച്ച് തൊഴിലുടമയ്ക്ക് മാസവേതനത്തിന്റെ നിശ്ചിത തുക തിരികെ നൽകുന്ന പദ്ധതി തുടങ്ങി ആധുനികകാലത്തിന് അനുസൃതമായ നിരവധി പദ്ധതികൾ വ്യവസായനയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## 22 മുൻഗണന മേഖലകൾ

എയ്റോസ്പേസ് ആൻഡ് ഡിഫൻസ് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, ആയുർവേദം, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസ്, രൂപകൽപ്പന, ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ് സിസ്റ്റം രൂപകൽപ്പനയും ഉൽപാദനവും, എഞ്ചിനീയറിങ് ഗവേഷണവും വികസനവും, ഭക്ഷ്യ സാങ്കേതിക വിദ്യകൾ, ഉയർന്ന മൂല്യവർധിത റബർ ഉത്പ്പന്നങ്ങൾ, ഹൈടെക് ഫാമിങ്ങും മൂല്യവർധിത തോട്ടവിളയും, ലോജിസ്റ്റിക്സ് ആൻഡ് പാക്കേജിങ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും,



പുനരുപയോഗ ഊർജം, ചില്ലറ വ്യാപാര മേഖല, വിനോദസഞ്ചാരവും ആതിഥേയത്വവും, 3-ഡി പ്രിന്റിങ്

### അഭിമാനപദ്ധതികൾ
## വാട്ടർ മെട്രോ മുതൽ വിഴിഞ്ഞം വരെ

സമഗ്രവളർച്ചയ്ക്കുതകുന്ന വൻകിടപദ്ധതികളുടെ കുറവ് ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനംകൊണ്ട് പരിഹരിക്കുകയാണ് ഇപ്പോൾ കേരളം.



സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഗതിവേഗം കൂട്ടുന്ന അനേകം അഭിമാനപദ്ധതികളാണ് യാഥാർഥ്യമാകുന്നത്. ഗെയിൽ മുതൽ വിഴിഞ്ഞം തുറമുഖ വികസനംവരെ നീളുന്നതും സിറ്റി ഗ്യാസ് ലൈൻപോലെയുള്ള സാധ്യതകൾപ്രയോജനപ്പെടുത്തുന്നതുമായ പദ്ധതികൾകേരളത്തിന്റെ സുസ്ഥിര വികസനത്തിന് മികച്ച അടിത്തറയൊരുക്കുകയാണ്

കേരളത്തിന്റെ വികസന മുന്നേറ്റ ചുവടുവെയ്പുകളുടെ ഭാഗമായി പുതിയ പാത തുറന്ന് വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യ കപ്പൽഒക്ടോബർ15 ന് നങ്കൂരമിട്ടു. രാജ്യത്തെ ചരക്ക് നീക്കത്തിൽനിർണായക സാന്നിധ്യമായി വിഴിഞ്ഞം മാറുമെന്ന പ്രതീക്ഷയോടെ രാജ്യാന്തരതുറമുഖത്ത് ആദ്യ കപ്പലെത്തിയപ്പോൾപതിറ്റാണ്ടുകളായി കേരളം കണ്ട സ്വപ്നത്തിന്റെ സാക്ഷാൽക്കാരമാണ് പൂർത്തിയായത്.

ആദ്യഘട്ടത്തിൽ രണ്ട് വലിയ മദർഷിപ്പുകൾക്ക് ഒരേ സമയം ഇവിടെ നങ്കൂരമിടാനാകും. 2025ഓടെ തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളത്തിന്റെ ജലഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റം കൊണ്ടുവന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കൊച്ചി വാട്ടർമെട്രോ. ലോക ജനതയ്ക്ക് മുന്നിൽമറ്റൊരു കേരള മോഡലാണ് ഇതിലൂടെ മുന്നോട്ട് വച്ചത്. കൊച്ചിയിലെ ദ്വീപുകളെ വികസനത്തിന്റെ പാതയിലേക്ക് നയിക്കുന്ന ഈ പദ്ധതി ലോക ടൂറിസം ഭൂപടത്തിൽ കൊച്ചിയ്ക്ക് മറ്റൊരു തിലകക്കുറി കൂടി നൽകി. ഗെയിൽപദ്ധതി യാഥാർഥ്യമായി. ഇതോടുകൂടി 11 ജില്ലകൽ സിറ്റിഗ്യാസ് പദ്ധതിയുടെ ഭാഗമായി 3,761 ഗാർഹിക കണക്ഷനുകൾ നല്കിക്കഴിഞ്ഞു.

കോവളം ബേക്കൽജലപാത പദ്ധതി ആദ്യ ഘട്ടം 2024 മാർച്ചോടെ സഞ്ചാരയോഗ്യമാകും. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഏകീകൃത ഉൽപാദന ക്ലസ്റ്ററിനായി 328



ഏക്കർ ഭൂമി ഏറ്റെടുത്തു.

കൊച്ചിയിൽസ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്കായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 543 ഏക്കർഭൂമി കണ്ടെത്തി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ) ഏഴ് പദ്ധതികൾക്ക് തുടക്കമിട്ടു.

### വയോജനകേരളം
## സന്തുഷ്ടവാർധക്യം

സമീപഭാവിയിൽ കേരളം നേരിടുന്ന വലിയ വെല്ലുവിളികളിലൊന്നായിരിക്കും വയോജനക്ഷേമം. 2025 ആകുമ്പോഴേക്കും നമ്മുടെ ജനസംഖ്യയുടെ 20 ശതമാനവും വയോജനങ്ങളായിരിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ആയുർദൈർഘ്യം കൂടുതലായതിനാൽ വയോജനങ്ങളുടെ എണ്ണവും കൂടുതലാണ്. എന്നാൽ ഈ മേഖലയിലും കേരളം കൈക്കൊള്ളുന്ന ക്ഷേമപ്രവർത്തനങ്ങൾ ദേശീയാംഗീകാരം നേടി. വയോജനപരിപാലനത്തിലെ മാതൃകയ്ക്ക് കേന്ദ്രസർക്കാരിന്റെ 2022ലെ വയോമിത്ര പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും പ്രത്യേക പരിഗണന നൽകി വിവിധ കർമ്മപദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്നു.



വയോജനപരിപാലനത്തിലെ മാതൃകയ്ക്ക് കേന്ദ്രസർക്കാരിന്റെ 2022ലെ വയോമിത്ര പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്

കേരള മെഡിക്കൽ സർവസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വയോജനങ്ങൾക്ക് മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും പൊതുവിപണിയെക്കാൾ വൻ വിലക്കിഴിവിൽ വീട്ടിലെത്തിച്ചു നൽകുന്ന 'കാരുണ്യ@ഹോം' പദ്ധതി 2021 ൽ ആരംഭിച്ചു.വയോജനങ്ങൾക്കായി ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നിലവിൽ ഉണ്ട്. സമൂഹത്തിലെ മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കി വരുന്ന 'വയോരക്ഷ', തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകി പിന്തുണയ്ക്കുന്ന സായംപ്രഭാ ഹോം', ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന 'വായോമധുരം', ഭാരതീയ ചികിത്സാ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന 'വയോ അമൃതം' എന്നിവ വയോജനങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.വൃദ്ധസദനങ്ങളെ വയോജന സൗഹൃദപരമാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് സെക്കൻറ് ഇന്നിംഗ്സ് ഹോം.

### സ്പേസ് പാർക്ക്
## അനന്തവിഹായസ്സിലേക്ക് ചിറകുനിവർത്തി

ബഹിരാകാശമേഖലയ്ക്കും അനുബന്ധ മേഖലകൾക്കും ആവശ്യമായ ഉൽപന്നങ്ങളുടേയും



സേവനങ്ങളുടേയും പ്രധാന കേന്ദ്രമായി കേരളത്തെ വികസിപ്പിക്കുന്നതിനുള്ള സുപ്രധാന പദ്ധതിയാണ് കേരള സ്പേസ് പാർക്ക്. 2040-ഓടുകൂടി 1,40,000 വിദഗ്ധ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് വഴി യൊരുക്കുന്നത്.

പദ്ധതിയ്ക്കായി ഉദ്ദേശം 20 ഏക്കർ സ്ഥലം പള്ളിപ്പുറം ടെക്നോസിറ്റിയിൽ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ മൊത്തം രണ്ട് ലക്ഷം ചതുരശ്ര അടി വിസ് തീർണ്ണമുള്ള 2 കെട്ടിടങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കും. വ്യവസായ ആവശ്യങ്ങൾ ക്കായി ഈ കെട്ടിടങ്ങളിൽ മാസ വാടകയിന ത്തിൽ ആവശ്യമായ സ്ഥലം അനുവദിക്കുക, വലിയ വ്യവസായങ്ങൾക്കാവശ്യമായ ഭൂമി ദീർഘകാല പാട്ടത്തിന് നൽകുക, സംയുക്ത സംരംഭങ്ങൾ തുടങ്ങുക മുതലായ രീതിയി ലാണ് വ്യവസായങ്ങളെ പ്രോത്സാഹിപ്പി ക്കുക. കൂടാതെ കേരളത്തിലെ ഈ മേഖലക ളിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ 150-ൽ പരം വ്യവസായങ്ങളെ തമ്മിൽ ബന്ധപ്പെടുത്തി അവയുടെ വളർച്ചയിൽ ഉത്തേജക ശക്തിയായി കേരള സ്പേസ് പാർക്ക് പ്രവർത്തിക്കും.

സ്പേസ് പാർക്കിന്റെ മുഖ്യ വ്യവസായകേന്ദ്രം തിരുവനന്തപുരത്തും തുടർന്ന് എറണാകുളം, കണ്ണൂർ ജില്ലകളിലും സ്ഥാപിക്കും. ആഗോള ബഹിരാകാശ സമ്പദ്‌വ്യവസ്ഥ 2040-ഓടെ നിലവിലെ 500 ബില്യൺ ഡോളറിൽ നിന്ന് ഒരു ട്രില്യൻ ഡോളറായി വളരുമെന്നാണ് പ്രതീക്ഷ. ഇന്ത്യയുടെ ലക്ഷ്യം ഇപ്പോഴത്തെ 8.4 ബില്യൺ ഡോളറിൽ (1.6%) നിന്ന് 100 ബില്യൺ ഡോളറായി ഉയർത്തുകയാണ്. ഇതിന്റെ 10% അഥവാ 10 ബില്യൺ ഡോളർ (80,000 കോടി രൂപ) നേടിയെടുക്കുകയാണ് കേരളത്തിന്റെ ലക്ഷ്യം.

**ഹൃദ്യം**

## പൊന്നോമനകളിൽ പുഞ്ചിരിവിരിയും

ഹൃദയസംബന്ധമായ രോഗങ്ങളുള്ള കുഞ്ഞു ങ്ങളെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തു ന്നതിന് കേരളം ആവിഷ്കരിച്ച പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിലൂടെ ഇതുവരെ 6418



കുഞ്ഞുങ്ങളാണ് നിറപ്പകിട്ടുള്ള ജീവിതത്തി ലേക്ക് മടങ്ങിയെത്തിയത്.

കുഞ്ഞുങ്ങളിലെ സങ്കീർണ്ണമായ ഹൃദയരോ ഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കു വാനായി 2017 ൽ ആരോഗ്യ വകുപ്പിനു കീഴിൽ ആരംഭിച്ച പദ്ധതിയിയാണ് ഹൃദ്യം. സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കു ഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്.
2018 ൽ സ്കോച്ച് സ്വസ്ത് ഭാരത് ഗോൾഡൻ അവാർഡും എക്സ്പ്രസ് ഹെൽത്ത് കെയർ അവാർഡും ഹൃദ്യം പദ്ധതിക്ക് സ്വന്തമാക്കാ നായി. 2019 ൽ കേരള സംസ്ഥാന ഇ-ഗവേ ണൻസ് അവാർഡും പദ്ധതിക്ക് ലഭിച്ചു.■

# കളിയരങ്ങിലെ ദീപ്തശോഭകൾ

**സ്വാതന്ത്ര്യാനന്തരമുള്ള കേരളത്തിലെ ക്ലാസിക്കൽ കലയുടെ പരിണാമങ്ങളിലൂടെ ഒരു തിരനോട്ടം.**

ഡോ. എൻ. പി വിജയകൃഷ്ണൻ
കലാനിരൂപകൻ





> നവകേരളത്തിൽ നവകല പുലരുന്നു. ആട്ടമായും കഥയായും കളിയായും



കൂടിയാട്ടത്തിന്റെയും കഥകളിയുടെയും യുഗപ്രഭാവന്മാരായ ആചാര്യന്മാരുടെ കാലഘട്ടങ്ങളിലൂടെ കാണികളായി കടന്നുപോയവർ ഭാഗ്യവാന്മാർ. അവരുടെ പിൽക്കാലം അവരിലെ നന്മയുടെ അംശങ്ങൾ സ്വീകരിച്ചു പുലരുമ്പോൾത്തന്നെ ആ ഔന്നത്യത്തിൽ എത്തുക അസാധ്യമാകുന്നു. കൂടിയാട്ടത്തിൽ 18 കുടുംബങ്ങളാണ് ആ കലയെ നിലനിർത്തി പരിപോഷിപ്പിച്ചത്. കൂത്തമ്പലങ്ങളിൽ കുലവൃത്തിയായി അവർ ഈ സംസ്കൃത നാടകാഭിനയ സംഗീതത്തെ നിലനിർത്തി. ഒപ്പം കൂത്തും നങ്ങ്യാർ കൂത്തും പുലർന്നു. ഗുരുകുല സമ്പ്രദായത്തിൽ സംസ്കൃതവും കാവ്യങ്ങളും അഭ്യസിച്ചുനവീകരിച്ചതും ഗാഢവുമായ പഠനത്തിന്റെ വെളിച്ചത്തിൽ പ്രഗല്ഭരായ ചാക്യാന്മാർ രൂപപ്പെട്ടു. പൈങ്കുളം, മാണി, അമ്മന്നൂർ കുടുംബങ്ങൾ വിഖ്യാതരായി. ചാച്ചു ചാക്യാരുടെ പരമ്പരയിൽ അമ്മന്നൂർ മാധവചാക്യാർ പത്മഭൂഷണും പത്മശ്രീയും നേടി അതുല്യനായി.

## കൂടിയാട്ടത്തിലെ മാധവകാലം

മാണിമാധവചാക്യാർ കൂടിയാട്ടത്തിലെ പാണ്ഡിത്യവും സൗന്ദര്യവുമായിരുന്നു. മകൻ പി.കെ നാരായണൻ നമ്പ്യാർ പത്മശ്രീ നേടി. മിഴാവിൽ ഒരു കാലഘട്ടത്തിന്റെ ഗുരുവും ശില്പിയുമായി. പൈങ്കുളം രാമചാക്യാർ കൂത്തമ്പലത്തിനു പുറത്ത് കൂത്ത് അവതരിപ്പിച്ച് കേരളകലാമണ്ഡലത്തിൽ ചാക്യാർ ഇതര സമുദായക്കാരെ അഭ്യസിപ്പിച്ച് തിരുത്തായി തിളങ്ങി. ആ പരമ്പരയിൽ കലാമണ്ഡലം രാമചാക്യാരും ശിവൻനമ്പൂതിരിയും

അഗ്രഗണ്യരായി. ശിവൻനമ്പൂതിരിക്കും പത്മശ്രീ ലഭിച്ചു. മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരും പൈങ്കുളം ദാമോദരചാക്യാരും പ്രഗൽഭരായി. മിഴാവിൽ കലാമണ്ഡലം ഈശ്വരനുണ്ണി, ഹരിഹരൻ തുടങ്ങിയവർ പുതിയ കാലത്തിന്റെ വക്താക്കളായി. കലാമണ്ഡലം ശൈലജ, മാർഗി സതി, ഉഷ നമ്പ്യാർ എന്നിവർ മികച്ച അഭിനേത്രികളായി മാറി. മന്ത്രാകം, മത്തവിലാസം എന്നിവയിൽ പൊതിയൻ നാരായണ ചാക്യാർ ഇന്നും ശോഭിക്കുന്നു. അനന്തൻ കുട്ടൻ ചാക്യാർ, മാർഗി മധു, അമ്മന്നൂർ രജനീഷ് തുടങ്ങിയവർ പുതുകാലത്തിന്റെ വക്താക്കളാണ്. കൂടിയാട്ടം ജനകീയമായി. അത് പാഠ്യവിഷയമായി. ആസ്വാദകർ ഏറി. യുനെസ്കോ അംഗീകരിച്ചതോടെ കൂടിയാട്ടം





ഫോട്ടോ കടപ്പാട്: സമകാലിക മലയാളം വാരിക

ലോകശ്രദ്ധ നേടി. എഴുപതും കടന്ന സരോജിനി നങ്ങ്യാരമ്മ ഇന്നും നങ്ങ്യാർകൂത്തിന്റെ നിഷ്ഠകൾ പാലിച്ച് കൂത്തമ്പലത്തിൽ സജീവമാകുന്നു. പുതിയകാലത്ത് അപർണ്ണ, കപില തുടങ്ങിയവർ നങ്ങ്യാർകൂത്തിനെ ലാവണ്യാത്മകമാക്കുന്നു. ചുടലക്കൂത്തു പോലുള്ള നിലനിന്നവയെ അരങ്ങിൽ എത്തിക്കുന്നു. കഴിഞ്ഞ തലമുറയുടെ തുടർച്ച കൂടിയാട്ടത്തിൽ കാണുന്നുണ്ട്. ജിഷ്ണു പ്രതാപ് തുടങ്ങി കലാമണ്ഡലത്തിൽ നിന്ന് പഠിച്ചവർ ആവിഷ്കാരങ്ങളിൽ പുതുമ തേടുന്നു. വേണുജിയെ പോലുള്ള ഗവേഷകരും കൂടിയാട്ടത്തിന്റെ വളർച്ചയിൽ ശ്രദ്ധിക്കുന്നു. ഒരർഥത്തിൽ കാണിയെ പണം കൊടുത്ത് കാണിച്ചിരുന്ന കാലത്തിൽ നിന്ന് കൂടിയാട്ടം സമ്പന്നമായ കാലഘട്ടങ്ങളിലൂടെ കടന്നു പോയി. ഒരു കലയും ഒരുകാലത്തും നിശ്ചലമാകില്ല. പ്രതിഭാവിലാസങ്ങളുടെ ഏറ്റക്കുറച്ചിലുകൾ സ്വാഭാവികം. കൂടിയാട്ടരംഗം ഒട്ടും ദരിദ്രമല്ല.

## കഥകളിച്ചിട്ടകൾ

കഥകളിയിൽ കല്ലുവഴി –കപ്ലിങ്ങാടൻ ചിട്ടകളും തെക്ക് –വടക്ക് വിഭജനങ്ങളും ഏറെക്കുറെ അപ്രസക്തമായി. കഥകളി അഭിനയത്തിലും സംഗീതത്തിലും മേളത്തിലും ആഹാര്യത്തിലും ഇനി മുന്നോട്ടില്ലാത്തവിധം തികവിൽ എത്തിനിൽക്കുകയാണ്.





യൂട്യൂബിൽ പഴയകാല കഥകളി കണ്ടാൽ മതി ഇന്നത്തെ സുവർണ്ണകാലം തിരിച്ചറിയാൻ. കലാമണ്ഡലം, കോട്ടക്കൽ പി എസ് വി നാട്യസംഘം, പത്തിരിപ്പാല ഗാന്ധി സേവാസദനം, മാർഗി, ഉണ്ണായി വാരിയർ കലാനിലയം, ആർ എൽ വി, ഫാക്ട്, ഡൽഹി ഇന്റർനാഷണൽ കഥകളി സെന്റർ തുടങ്ങിയ കലാസ്ഥാപനങ്ങളിൽ നിന്ന് കഥകളി പഠിച്ചിറങ്ങിയവർ –തൗര്യത്രികം –ഈ കലയെ പോഷിപ്പിച്ചു. കലാമണ്ഡലത്തിലെ ആദ്യ ബാച്ച് വിദ്യാർഥികൾ കഥകളി വിട്ട് നൃത്ത മാർഗത്തിലേക്ക് ചുവട് വച്ചു. ഒളപ്പമണ്ണ കവിയോഗത്തിൽ നിന്നാണ് പട്ടിക്കാംതൊടി രാമുണ്ണിമേനോൻ കലാമണ്ഡലത്തിൽ

എത്തുന്നത് കലാമണ്ഡലം കൃഷ്ണൻ നായർ രാമുണ്ണിമേനോന്റെ കീഴിൽ പഠിച്ച് ഗുരു കുഞ്ചുക്കുറുപ്പിന്റെ സൗന്ദര്യദർശനങ്ങൾ സ്വാംശീകരിച്ച് നവോത്ഥാന നായകനായി. കാവുങ്കൽ കളരിയിൽ നിന്ന് അതിപ്രഗല്ഭ നടന്മാർ രൂപപ്പെട്ടു. താത്രിയുടെ ഭ്രഷ്ടിൽ ഉൾപ്പെട്ട ശങ്കരപ്പണിക്കർ, ചാത്തുണ്ണിപ്പണിക്കർ തുടങ്ങി കാവുങ്കൽ തറവാട് വേറിട്ട് നിന്നു.

കലാമണ്ഡലം രാമൻകുട്ടി നായർ, പത്മനാഭൻ നായർ എന്നിവർ പ്രഗല്ഭരായ കാലത്ത് രാമുണ്ണിമേനോന്റെ ആദ്യകാല ശിഷ്യരിൽ പ്രധാനിയായ കീഴ്പ്പടം കുമാരൻ നായരും വിഖ്യാതനായി. തേക്കിൻകാട്ടിൽ രാമുണ്ണി മേനോൻ, വാഴേങ്കട കുഞ്ചുനായർ, കോട്ടക്കൽ കണ്ണൻ കുട്ടിനായർ, മടവൂർ വാസുദേവൻ നായർ, ചെങ്ങന്നൂർ രാമൻപിള്ള, മാങ്കുളം വിഷ്ണു നമ്പൂതിരി, മങ്കൊമ്പ് ശിവശങ്കരപ്പിള്ള, കുടമാളൂർ കരുണാകരൻ നായർ തുടങ്ങി പലകാലങ്ങളിൽ ശ്രദ്ധേയരായ വേഷക്കാർ കഥകളി അരങ്ങിനെ ദീപ്തമാക്കി. സ്ത്രീ വേഷങ്ങളിലെ എക്കാലത്തെയും വലിയ കലാകാരനായി കോട്ടക്കൽ ശിവരാമൻ വിഖ്യാതനായി. ചെണ്ടയിൽ കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ, അച്ചുണ്ണി പൊതുവാൾ,

കപില വേണു



ചന്ദ്രമന്നാടിയാർ, കോട്ടക്കൽ കുട്ടന്മാരാർ എന്നിവർ ഒരേകാലത്ത് പ്രഗല്ഭരായി. മൂത്തമന നമ്പൂതിരിയായിരുന്നു മുൻഗാമി. വെങ്കിച്ചൻ സ്വാമിയുടെ കഥകളി മദ്ദളത്തിന്റെ തുടർച്ചയായി കലാമണ്ഡലം അപ്പുക്കുട്ടി പൊതുവാളും നാരായണൻ നമ്പീശനും അരങ്ങും കളരിയും ഭദ്രമാക്കി. മുണ്ടായ വെങ്കിടകൃഷ്ണഭാഗവതരാണ് കഥകളി സംഗീതം പരിഷ്കരിച്ചത്. കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, ചേർത്തല കുട്ടപ്പക്കുറുപ്പ്,



മാണി മാധവചാക്യാർ

ഉണ്ണികൃഷ്ണക്കുറുപ്പ്, ഗംഗാധരൻ, ശങ്കരൻ എമ്പ്രാന്തിരി, വെണ്മണി ഹരിദാസ് എന്നിവർ കഥകളി സംഗീതത്തിന്റെ വഴിമാറ്റിയവരാണ്. ചുട്ടിയിൽ വാഴേങ്കട രാമവാര്യരും ഗോവിന്ദവാര്യരും രാം മോഹനനും ഉടുത്തുകൊട്ടിക്കലയിൽ അപ്പുണ്ണിത്തരകനും അവസാന വാക്കുകളായി. കലാമണ്ഡലവും കോട്ടയ്ക്കലും കളികൾ നടത്തി കഥകളിയെ ജനകീയമാക്കി. കലാമണ്ഡലത്തിന് മേജർ മൈനർ സെറ്റുകൾ രൂപപ്പെട്ടു.

## പച്ചയും കത്തിയും

കലാമണ്ഡലം ഗോപി, കോട്ടയ്ക്കൽ ചന്ദ്രശേഖരൻ, വാസുപിഷാരടി, സദനം കൃഷ്ണൻകുട്ടി, ബാലസുബ്രഹ്മണ്യൻ, കൃഷ്ണകുമാർ തുടങ്ങി കൃഷ്ണൻ നായർക്കു ശേഷം പച്ചയിൽ പ്രഗല്ഭരുണ്ടായി. കത്തിയിലും വെള്ളത്താടിയിലും രാമൻകുട്ടി നായർ പ്രതാപിയായി. കീഴ്പ്പടത്തിന്റെ വേഷങ്ങൾ വേറിട്ടുനിന്നു. മാർഗി വിജയകുമാർ, ഷണ്മുഖൻ, ചമ്പക്കര വിജയൻ, പ്രദീപ് തുടങ്ങി യുവനിര സജീവം. മദ്ദളത്തിൽ കലാമണ്ഡലം ശങ്കരവാര്യർ



വാദന രീതി പരിഷ്കരിച്ചു. ചെണ്ടയിൽ കലാമണ്ഡലം ഉണ്ണികൃഷ്ണനും കൃഷ്ണദാസും ഇന്നിന്റെ അനിവാര്യരരാണ്.

കഥകളി സംഗീതത്തിൽ കോട്ടയ്ക്കൽ മധു, കലാമണ്ഡലം ബാബുനമ്പൂതിരി, വിനോദ്, കലാനിലയം രാജീവൻ, നെടുമ്പള്ളി രാമൻ എന്നിവർക്കാണ് കേൾവിക്കാർ അധികം. കലാനിലയം ഉണ്ണികൃഷ്ണൻ ഒരു കാലഘട്ടത്തിന്റെ ഉറച്ച ശബ്ദമായി. ചുട്ടിയിലും കോപ്പു നിർമ്മാണകലയിലും കലാമണ്ഡലം ശിവരാമൻ അദ്വിതീയനായി.

## അരങ്ങിന്റെ പുതുകാലം

കേരളത്തിൽ കഥകളി അരങ്ങുകൾ പഴയകാലത്തേക്കാൾ സജീവമാണ്.

കളിയോഗങ്ങളുടെ പരിഷ്കരിച്ച പതിപ്പാണ് കഥകളി ക്ലബ്ബുകൾ.

പയ്യന്നൂർ കഥകളിയരങ്ങ് വർഷങ്ങളായി അപൂർവ അരങ്ങുകൾ പരീക്ഷിക്കുന്നു.

ഫേസ്ബുക്ക്, വാട്സ്ആപ്പ് സംഘത്തിൽ കഥകളി ചർച്ചകൾ നടക്കുന്നു. മാറുന്ന

ഭാവുകത്വത്തിനനുസരിച്ച് കഥകളി കാണുന്ന പുതുതലമുറ രൂപപ്പെട്ടു വരുന്നു.

.കഥകളി സംഗീതവും മേളവും അഭിനയവും എത്രയോ മാറി. അന്നത്തെ കാലസ്ഥിതിയിൽ മുൻപന്മാരായിരുന്നവർ പാടിയ, കൊട്ടിയ, നടിച്ച കാലമല്ല ഇന്നത്തേത്. ആ നിലയ്ക്ക് പഴയതിനെ സ്തുതിച്ച് പുതിയതിനെ തിരസ്കരിക്കുന്നതും ഭൂഷണമല്ല. ഇന്നത്തെ സഹൃദയത്വത്തെ തൃപ്തിപ്പെടുത്താൻ പാകമാണ് കഥകളിയും കൂടിയാട്ടവും. അവരെ വിധിക്കേണ്ടത് വരുംകാലമാണ്.

കേരളീയതയുടെ ക്ലാസിക്കൽ കലാപാരമ്പര്യ നിറവിനെ പൂരിപ്പിക്കുന്നതുതന്നെയാണ് കഥകളിയുടെയും കൂടിയാട്ടത്തിന്റെയും വർത്തമാനകാലം എന്നു പറയാം. നവകേരളത്തിൽ നവകല പുലരുന്നു. ആട്ടമായും കഥയായും കളിയായും.■

# ശ്രം കേരള

ലോകത്തിലെ ഏറ്റവും വലിയ ഫാഷൻ വേദിയായ മെറ്റ് ഗാല വേദിയിൽ വിരിച്ച പരവതാനി നിർമിച്ചത് ആലപ്പുഴയിൽ. ചേർത്തല ആസ്ഥാനമായ 'നെയ്ത്ത് എക്സ്ട്രാവീവ്' ആണ് ബക്കിങ്ഹാം കൊട്ടാരത്തെയും വൈറ്റ് ഹൗസിനെയും മെറ്റ് ഗാല വേദി ഉൾപ്പെടെ മനോഹരമാക്കി അലങ്കരിച്ചത്. 58 റോളുകളായി ഏകദേശം 6950 സ്ക്വയർമീറ്റർ പരവതാനിയാണ് വിരിച്ചത്. തുടർച്ചയായ രണ്ടാം തവണ മെറ്റ് ഗാലയ്ക്ക് വേണ്ടി പരവതാനി വിരിച്ച് കേരളത്തിന്റെ പെരുമ കൂടിയാണ് 'നെയ്ത്ത്' ലോകവേദികളിലേക്ക് എത്തിച്ചത്.




2016ൽ നാഷനൽ ജ്യോഗ്രഫിക്ക് മാസികയുടെ 'എറൗണ്ട് ദി വേൾഡ് ഇൻ 24 അവേഴ്സ്' പട്ടികയിൽ ഇടംപിടിച്ച് ആലപ്പുഴയിലെ കാക്കത്തുരുത്ത്. ഒരു ദിവസം കൊണ്ട് ലോകം ചുറ്റിയാൽ കാണേണ്ട 24 സ്ഥലങ്ങളിൽ ഒന്നായി ഇന്ത്യയിൽ നിന്നും കാക്കത്തുരുത്ത് മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്.

മാലിന്യ സംസ്കരണം വിജയകരമായി കൈകാര്യം ചെയ്യുന്നതിൽ അന്തർദേശീയ തലത്തിൽ ലോകത്തെ മികച്ച അഞ്ച് നഗരങ്ങളിൽ ഒന്നായി യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റ് പ്രോഗ്രാം ആലപ്പുഴയെ തിരഞ്ഞെടുത്തു.



കളേഴ്സ് ഓഫ് ഭാരത്' എന്ന ടിറ്റർ പേജിൽ ഇന്ത്യയിലെ ഏറ്റവും മനോഹരമായ 10 ഗ്രാമങ്ങളുടെ പട്ടികയിൽ മൂന്നാമതായി ഇടംനേടി പാലക്കാട് ജില്ലയിലെ കൊല്ലങ്കോടും.



കേരളത്തിന്റെ ബാരിയർ ഫ്രീ ടൂറിസം പദ്ധതിക്ക് ആഗോള അംഗീകാരം. യുണൈറ്റഡ് നേഷൻസ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (യുഎൻഡബ്ല്യുടിഒ) 'ആക്സസിബിൾ ഡെസ്റ്റിനേഷൻ അവാർഡ്

ലോകത്തെ ഏറ്റവും മികച്ച സോളാർ ബോട്ടിനുള്ള പുരസ്കാരം നേടി കേരളത്തിന്റെ 'ആദിത്യ



ലോകത്തെ ആദ്യത്തെ ശിശുസൗഹൃദ സംസ്ഥാനമായി കേരളം.

ലോകാരോഗ്യ സംഘടന-യൂണിസെഫ് സ്പോൺസർ ചെയ്ത 'ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ്' (ബിഎഫ്എച്ച്ഐ) എന്ന ആഗോള പദ്ധതിക്ക് കീഴിലാണ് കേരളം ഈ അപൂർവ ബഹുമതി നേടിയത്.

ലോകത്തിലെ ഐതിഹാസിക ഭക്ഷണശാലകളിൽ 11ാം സ്ഥാനത്ത് കോഴിക്കോട് പാരഗൺ. ക്രൊയേഷ്യ ആസ്ഥാനമായുള്ള ഓൺലൈൻ ഫുഡ് ഗൈഡായ ടേസ്റ്റ് അറ്റ്‌ലസാണ് വിവിധ രാജ്യങ്ങളിലെ 150 റെസ്റ്റോറന്റുകൾ അടങ്ങിയ പട്ടിക പ്രസിദ്ധീകരിച്ചത്. ബിരിയാണിയാണ് പാരഗണിലെ ഐക്കോണിക് വിഭവമായി തിരഞ്ഞെടുത്തിരിക്കുന്നത്.




ജീവിതശൈലി രോഗ നിയന്ത്രണത്തിനുള്ള ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം കേരളത്തിന്. യുഎൻഐഎടിഎഫ് (യുണൈറ്റഡ് നാഷൺ ഇന്റർ ഏജൻസി ടാസ്ക് ഫോഴ്സ്) എല്ലാ വർഷവും നൽകി വരുന്ന മികച്ച ജീവിതശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് നൽകിവരുന്ന അവാർഡാണ് 2020 ൽ ആദ്യമായി കേരളത്തിന് ലഭിച്ചത്.

പ്രമുഖ രാജ്യാന്തര ടൂറിസം മാഗസിനായ 'കോണ്ടേനാസ്റ്റ് ട്രാവലർ' ന്റെ ലോകത്ത് 2022ൽ കണ്ടിരിക്കേണ്ട 30 മികച്ച സ്ഥലങ്ങളുടെ പട്ടികയിൽ ഇടം നേടി കോട്ടയത്തെ അയ്മനം ഗ്രാമം.

പ്രമുഖ ഡിജിറ്റൽ ട്രാവൽ പ്ലാറ്റ്ഫോം ആയ ബുക്കിംഗ് ഡോട്ട് കോം ആഗോളടിസ്ഥാനത്തിൽ നടത്തിയ സർവേയിൽ മോസ്റ്റ് വെൽക്കമിങ് റീജ്യൻ വിഭാഗത്തിൽ കേരളം ഒന്നാമത്.

ഇന്ത്യ ടുഡേ വാർത്താ മാസികയുടെ സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് സർവേ 2021-ൽ ഹാപ്പിനസ് ഇൻഡക്സിൽ കേരളം ഒന്നാമത്.

ട്രാവൽ പ്ലസ് ലിഷർ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ മാഗസിൻ 2022 ലെ മികച്ച വിവാഹ ഡെസ്റ്റിനേഷനായി കേരളത്തെ തെരഞ്ഞെടുത്തു.

അന്താരാഷ്ട്ര അംഗീകാരമായ ബ്ലൂ ഫ്‌ളാഗ് സർട്ടിഫിക്കേഷൻ നേടി കോഴിക്കോട്ടെ കാപ്പാട് ബീച്ചും. ഉയർന്ന പാരിസ്ഥിതിക സൗഹൃദം, ഗുണനിലവാരം എന്നിവയെ അടിസ്ഥാനമാക്കി ലോകത്തിലെ ഏറ്റവും വൃത്തിയുള്ള ബീച്ചുകൾക്ക് നൽകുന്ന അംഗീകാരമാണിത്



2023ൽ നിർബന്ധമായി കണ്ടിരിക്കേണ്ട ലോകത്തെ 52 ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി കേരളത്തെ തിരഞ്ഞെടുത്ത് ന്യൂയോർക്ക് ടൈംസ്. ടൈം മാഗസിൻ പട്ടികയിൽ കണ്ടിരിക്കേണ്ട 50 മനോഹരമായ സ്ഥലങ്ങളിൽ ഒന്നായി കേരളം. അന്താരാഷ്ട്ര ട്രാവൽ ജേർണലിസ്റ്റുകൾക്കിടയിൽ നടത്തിയ അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്.

നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ ഒന്നാമത്

പബ്ലിക് അഫയേഴ്സ് സൂചികയിൽ ഒന്നാമത്

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിൽ ഒന്നാമത്

നീതി ആയോഗിന്റെ സൂചിക പ്രകാരം ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം

ഇന്ത്യാ ടുഡേയുടെ 2021 ഹാപ്പിനെസ് ഇൻഡക്സ് സർവ്വേയിൽ ഒന്നാമത്


നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായി നാല് വർഷവും ഒന്നാമത്

നീതി ആയോഗിന്റെ സംസ്ഥാന ഊർജ്ജ കാലാവസ്ഥ സൂചികയിൽ രണ്ടാമത്

2022ൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള കേന്ദ്രസർക്കാരിന്റെ ആരോഗ്യ മന്ഥൻ അവാർഡ്

മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം

പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ അഞ്ച് വർഷം ചെലവിട്ടത് 55,330 കോടി രൂപ





License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.10.2023**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset., Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS